Reg: No. M. 2689.
T. 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൧൯ | പേജ് ൧൨

കൊല്ലം, ൧൯൪൭ നവംബർ ൨൪-ാം൹
൧൧൨൩ വൃശ്ചികം ൧൦-ാം൹ തിങ്കളാഴ്ച

ലക്കം ൧൩ | ഒററപ്രതി ൨ അണ.

# ശ്രീ. കുലശേഖരചക്രവർത്തികൾ

വഞ്ചിരാജവംശം ആദിചേരരാജവംശത്തിൽനിന്നുൽഭവിച്ചതാണെന്നും, അതിന്റെ പ്രതിഷ്ഠാപകൻ ഒരു കുലശേഖരദേവനാണെന്നുമുള്ള ഐതിഹ്യം തിരുവിതാംകൂർ ചരിത്രരചയിതാക്കളിൽ പ്രഥമഗണനീയനായ മി: ശങ്കുണ്ണിമേനോൻ രേഖപ്പെടുത്തിയിട്ടു കാലമേറെക്കഴിഞ്ഞുവെങ്കിലും, പിന്നീടുള്ള ചരിത്രകാരന്മാർ പൂർവാപരവിരുദ്ധമായി അദ്ദേഹത്തിന്റെ അഭിപ്രായം ആവർത്തിച്ചിട്ടുള്ളതല്ലാതെ, ചരിത്രരേഖകളെ ആസ്പദമാക്കി ഗവേഷണംചെയ്തു് ആയതു തെളിയിക്കുവാൻ ആരുംതന്നെ യത്നിച്ചിട്ടില്ല. അമൂല്യങ്ങളായ പലരേഖകളും ഇതിനിടയിൽ ലഭിച്ചിട്ടുള്ളതുകൊണ്ടു് അവയെ ഉപജീവിച്ചു് മേൽപറയപ്പെട്ട അഭിപ്രായം സ്ഥാപിക്കുവാനാണു് ഈ ലേഖനത്തിൽ ഉദ്ദേശിക്കുന്നതു്.

കൊല്ലം 277-വരെ തിരുവഞ്ചിക്കുളം (മഹോദയപുരം, മഹോദയ, വഞ്ചി) തലസ്ഥാനമാക്കി കേരളം വാണിരുന്ന കുലശേഖരപ്പെരുമാക്കന്മാർ ആദിചേരന്മാരുടെ വംശപരമ്പരയിൽപെട്ടവരായിരുന്നുവെന്നാണു ശങ്കരനാരായണീയത്തിൽനിന്നു മനസ്സിലാകുന്നതു്. 'കേരളവംശപ്രദീപേന, കുലശേഖരേണ,' 'കേരളവംശകേതുവിനെ?' ഇത്യാദി പല സന്ദർഭങ്ങളിലും കുലശേഖരന്മാർ കേരളവംശജരാണെന്നു പറഞ്ഞിട്ടുണ്ടു്. ചേരശബ്ദത്തിന്റെ സംസ്കൃതരൂപമാണല്ലോ കേരളം. അതുകൊണ്ടു് കേരളവംശം എന്നതിനു് ചേരവംശം എന്നാണു് അർത്ഥം. ആദിചേരന്മാരുടെ പ്രതാപം അസ്തമിച്ചതിനുശേഷം രണ്ടാംചേരസാമ്രാജ്യം സ്ഥാപിച്ചതു് കുലശേഖരആഴ്‌വാർ ആയിരുന്നുവെന്നു് വിചാരിക്കുവാൻ ന്യായമുള്ളതുകൊണ്ടു് കേരളവംശം എന്നതിനു് മറെറാരർത്ഥം കല്പിക്കുവാൻ നിവൃത്തിയില്ല. കുലശേഖരആഴ്‌വാർ ചേരവംശജനെന്നു പ്രസിദ്ധവുമാണു്.

കൊല്ലവർഷം 195-ാമാണ്ടുവരെ കുലശേഖരസാമ്രാജ്യം തെക്കേന്ത്യയിലെ പ്രബലരാഷ്ട്രങ്ങളിൽ ഒന്നായിരുന്നു. ചോളരുമായി നടന്ന 'നൂറ്റാണ്ടുയുദ്ധം' (176-276) ത്തിനിടയിലാണു് ആ സാമ്രാജ്യം ശിഥിലമായിത്തീർന്നതു്. (കുലശേഖരസാമ്രാജ്യത്തെപ്പററി മൂലം ഏഴാംതീയതിയിലെ കേരളകൌമുദി, Indian Thinker ഈ പത്രങ്ങളിലും നൂറ്റാണ്ടുയുദ്ധത്തെപ്പററി ധർമ്മദേശം വിശേഷാൽപ്രതിയിലും പ്രതിപാദിച്ചിട്ടുള്ളതുകൊണ്ടു ഇവിടെ വിസ്തരിക്കുന്നില്ല) പാണ്ഡ്യരാജ്യം രാജരാജചോളന്റെ കാലത്തുതന്നെ (160-189) ചോളസാമ്രാജ്യത്തിൽ ലയിച്ചു. സിലോണും കീഴടങ്ങി. എന്നാൽ കുലശേഖരസാമ്രാജ്യത്തിന്റെ ശക്തി ക്ഷയിപ്പിക്കുവാൻ 13 സംവത്സരം യുദ്ധം ചെയ്തിട്ടും രാജരാജനു കഴിഞ്ഞില്ല. അന്നു കേരളം വാണിരുന്ന ഭാസ്കരരവിവർമ്മൻ (137-195) പാണ്ഡ്യരാജവംശത്തിനു അഭയം നൽകുകയും പാണ്ഡ്യാഗവർണ്ണറെ കേരളത്തിൽനിന്നു പ്രവർത്തനം നടത്തുവാൻ അനുവദിക്കുകയും ചെയ്തു. സിംഹളരാജാവിനെ സഹായിക്കുന്നതിനായി സിലോണിലേക്ക ധാരാളം കൂലിപ്പട്ടാളത്തെയും അയച്ചു. (മഹാവംശം) ഈ അവസരത്തിലാണു 'ഇന്ത്യയിലെ അലക്സാണ്ടർ' എന്ന ബിരുദത്തിനു സർവ്വഥാ അർഹനായ രാജേന്ദ്രൻ ചോളസിംഹാസനാരൂഢനായതു് (189)- കേരളം പൂർണ്ണമായി കീഴടക്കാതെ പാണ്ഡ്യരാജ്യമോ സിംഹളദേശമോ കൈവശം വച്ചുകൊണ്ടിരിക്കുവാൻ സാദ്ധ്യമല്ലെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. ചേരസൈന്യം ഇതിനിടയിൽ ചോളരിൽനിന്നു തെക്കൻതിരുവിതാംകൂർ പിടിച്ചടക്കിയെങ്കിലും, രാജേന്ദ്രൻ ആദ്യമായി ചേരപക്ഷത്തു ചേരുവാനിടയുള്ള സിംഹളദേശത്തേക്കാണു ദൃഷ്ടിപതിപ്പിച്ചതു്. സിംഹളാധിപനായ മഹേന്ദ്രപഞ്ചമനെ തോല്പിച്ചു തടവുകാരനാക്കിയതിനുശേഷം രാജേന്ദ്രന്റെ നാവികസേന—ഏതാണ്ടൊരു വർഷംകഴിഞ്ഞു് പൂർവ്വതീരദ്വീപസമൂഹങ്ങളുംമററും ആക്രമിച്ചു കീഴടക്കിയ നാവികസേന കേരളക്കടലിൽ പാഞ്ഞു. ചോളസൈന്യം നാഞ്ചിനാട്ടുവഴിയും പാലക്കാട്ടുവഴിയും കേരളത്തിലേക്ക പ്രവഹിച്ചു. യുദ്ധത്തിന്റെ ഭയങ്കരത ഊഹിക്കുകയാണു് ഉത്തമം. [illegible]ക്ഷേത്രവും ആക്രമിച്ചുകീഴടക്കുവാൻ രാജേന്ദ്രനല്ലാതെ മററാർക്കുകഴിയുമെന്നു തിരുവാലങ്ങാട്ടുശാസനത്തിൽ സൂചിപ്പിക്കുന്നതു് അർത്ഥവത്താണു്. വൻകോട്ടകളാൽ രക്ഷിക്കപ്പെട്ടിരുന്ന പ്രസിദ്ധപട്ടണങ്ങളാംപലതും നാമാവശേഷങ്ങളായി; കാന്തളൂർ, വിഴിഞ്ഞം മുതലായ തുറമുഖങ്ങളും ചേരചക്രവർത്തിമാരുടെ നാവികസേനയോടൊന്നിച്ചു നശിച്ചു; 'ശാന്തിമത്തീവി'ലെയും തിരുവഞ്ചിക്കുളത്തെയും കോട്ടകൊത്തളങ്ങളും ഇടിച്ചുനിരത്തി; ചേരകിരീടവും 'ചെങ്കതിർമാലയും' ചോളർ കൊണ്ടുപോയി; തിരുവഞ്ചിക്കുളത്തുവച്ചുനടന്ന പൈശാചികയുദ്ധത്തിൽ രണധീരനായ ഭാസ്കരരവിവർമ്മൻ ഉൾപ്പെടെ പലരാജാക്കന്മാരും വധിക്കപ്പെടുകയും ചെയ്തു. (195-ൽ ചേരസാമ്രാജ്യത്തിന്റെ വടക്കുഭാഗങ്ങളും (കുടകുമുതലായ പ്രദേശങ്ങൾ) പ്രതാപശാലിയായ ജയസിംഹചാലൂക്യൻ അതേകാലത്താക്രമിച്ചതും വിസ്മരിക്കാവുന്നതല്ല. ഏതായാലും 195-നുശേഷം ചേര ശക്തി ക്ഷയിച്ചുതുടങ്ങിയതായിട്ടാണു് കാണുന്നതു്.

രാജേന്ദ്രന്റെ പ്രധാനസൈന്യം ഉത്തരഇന്ത്യയും കടാരവും (സുമാത്ര, ജാവ മുതലായവ) ആക്രമിക്കുന്നതിനായി കേരളത്തിൽനിന്നു പിൻവലിക്കപ്പെട്ടഅവസരത്തിൽ ചേരപാണ്ഡ്യസിംഹളരാജാക്കന്മാർ ഒന്നുചേർന്നു വീണ്ടും ചോളരെ ഓടിക്കുവാൻ യത്നിച്ചു. അതുകൊണ്ടു 203-ാമാണ്ടോടുകൂടി രാജാധിരാജന്റെ നേതൃത്വത്തിൽ വലിയ ഒരു ചോളസൈന്യം കേരളത്തിലേക്ക നിയോഗിക്കപ്പെട്ടു. അന്നു കേരളം വാണിരുന്ന വീരകേരളകുലശേഖരനും, അദ്ദേഹത്തിന്റെ അടുത്ത ബന്ധുവായിരുന്ന കോലത്തുനാട്ടുരാജാവും മററും ഈ യുദ്ധത്തിൽ വീരസ്വർഗ്ഗം പ്രാപിച്ചതായിട്ടാണു ചോളശാസനങ്ങളിൽനിന്നു മനസ്സിലാകുന്നതു്. ഇതിനുശേഷം കുലശേഖരസാമ്രാജ്യം ശിഥിലമായി. ഓരോരോ ഭാഗങ്ങൾ ഭരിക്കുന്നതിനായി നിയമിക്കപ്പെട്ടിരുന്ന നാട്ടുവാഴികൾ ഏറെക്കുറെ സ്വാതന്ത്ര്യം പ്രാപിച്ചു. എന്നാൽ ചോളരുമായുള്ള യുദ്ധം തുടർന്നു നടത്തപ്പെട്ടു. തെക്കൻതിരുവിതാംകൂർമാത്രമേ ചോളർക്കു ഭരിക്കുവാൻ കഴിഞ്ഞുള്ളു.

നൂറ്റാണ്ടുയുദ്ധം അവസാനിച്ചതു കുലോത്തുംഗന്റെ കാലത്താണു്. കൊല്ലം 245-ൽ അദ്ദേഹം ചോളരാജ്യത്തിന്റെ അധിപനായിത്തീർന്നു. അതിനു അല്പംമുമ്പു തിരുനൽവേലിഭാഗങ്ങളിലും, നാഞ്ചിനാട്ടുപ്രദേശങ്ങളിലും പാണ്ഡ്യർ സ്വതന്ത്രരായി. അതിനാൽ കുലോത്തുംഗൻ രാജാവായി ഏതാനുംവർഷംകഴിഞ്ഞു വലിയ ഒരു സൈന്യവുമായി തെക്കൻപ്രദേശങ്ങളിലേക്കു തിരിച്ചു. പാണ്ഡ്യരെ പല യുദ്ധങ്ങളിലും തോല്പിച്ചതിനുശേഷം നാഞ്ചിനാട്ടിൽ പ്രവേശിച്ചു കോട്ടാർ ചുട്ടുപൊടിച്ചു. ('ദഗ്ദ്ധാ കോട്ടാരദുർഗ്ഗം തൃണമിവ സയഥാഖാണ്ഡവം പാണ്ഡുസൂനു'—ചിദംബരം ശാസനം) കേരളത്തിലെ രാജാക്കന്മാർ ഒന്നുചേർന്നു കുലോത്തുംഗന്റെ വടക്കോട്ടുള്ള ഗതിയെ തടയുവാൻ ശ്രമിച്ചുവെങ്കിലും ഫലമുണ്ടായില്ല. (പിഷ്ടപാതത് കേരളാനാം ബലമതിബഹളം) വിഴിഞ്ഞം, കാന്തളൂർ ഈ സ്ഥലങ്ങളിൽവച്ചു നടന്ന ഭയങ്കരയുദ്ധങ്ങളിൽ ചേരസൈന്യം നിശ്ശേഷം തോററു. (കലിംഗത്തുപ്പരണി) ഇങ്ങനെയുള്ള ഒരു വിഷമഘട്ടത്തിലാണു് കേരളീയരാൽ ഏതുകാലത്തും അഭിമാനപൂർവം സ്മരിക്കപ്പെടേണ്ട രാമവർമ്മകുലശേഖരചക്രവർത്തികൾ ചേരസിംഹാസനമലങ്കരിച്ചതു (262-നടുത്തു) പിൽക്കാലത്തു കേരളചരിത്രത്തിൽ അതിപ്രധാനമായ ഒരുഭാഗം വഹിക്കുന്ന (ചാവേറസേന, suicidal squads) ആദ്യമായി രൂപീകരിച്ചതു് ഈ മഹാത്മാവാണു്. കൊല്ലവർഷം 276-നുമുമ്പു കേരളത്തിലെ ചാവേറസേനയെപ്പററിയുള്ള പരാമർശം യാതൊരു രേഖയിലും കാണുവാൻ കഴിഞ്ഞിട്ടില്ല. ആ കാലത്തുണ്ടായ 'കുലോത്തുംഗചോളൻഉലാ'എന്ന തമിഴ്ഗ്രന്ഥത്തിലും ഇവിടത്തെ ചാവേറസേനയെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ടു. (അതിനുമുമ്പു ഈ സേനയെപ്പററി തമിഴ്സാഹിത്യത്തിൽ യാതൊരു സൂചനയും ഇല്ലെന്നു പ്രൊഫസ്സർ രാഘവയ്യങ്കാർ അടുത്തകാലത്തു എന്നോടു പറയുകയുണ്ടായി.) നൂറ്റാണ്ടുയുദ്ധത്തിന്റെ ആരംഭത്തിൽതന്നെ നിർബന്ധിതസൈനികസേവനം കേരളത്തിൽ നടപ്പിലാക്കിഎന്നുവിചാരിക്കുവാൻ ന്യായമുണ്ടെങ്കിലും സംഖ്യാബലത്താൽ പതിന്മടങ്ങു വരുന്ന ചോളസേനയിൽനിന്നു കേരളം രക്ഷിക്കുവാൻകഴിഞ്ഞില്ല. അതിനാലായിരിക്കാം ചേരസൈന്യത്തിൽ ഏറിയഭാഗവും ചാവേറസേനയായി രൂപാന്തരപ്പെടുത്തുവാൻ കുലശേഖരചക്രവർത്തികൾ തീർച്ചയാക്കിയതു്. ആയോധനവിദ്യയിൽ അപാരമായ പാടവം സമ്പാദിച്ചു അനന്തരകാലത്തു വിദേശസഞ്ചാരികളുടെ പ്രശംസയ്ക്കു പാത്രമായിത്തീർന്ന കേരളത്തിലെ 'വനിതാസൈന്യ'ത്തിന്റെ ഉല്പത്തിയും ഈ കാലത്താണെന്നു തോന്നുന്നു.

കൊല്ലം 176-ൽ കാന്തളൂർ വിഴിഞ്ഞം യുദ്ധങ്ങളിൽ ചേരസൈന്യം ആദ്യമായിപരാജയമടഞ്ഞപ്പോൾ ആ വർഷം ലോകത്തുള്ള എല്ലാആണ്ടുകളും തൊഴുതാരാധിക്കേണ്ട ഒന്നാണെന്നു രാജരാജചോളനുതോന്നി. (ഉഴിയിൽ എല്ലായാണ്ടും തൊഴുതകവിളങ്കുംയാണ്ടേ) എന്നാൽ കൊല്ലം 276-ൽകൊടുങ്ങല്ലൂർ 'നെടിയതളി'യിൽനിന്നും പുറപ്പെട്ട ചോളസാമ്രാജ്യത്തിന്റെ മരണമണിനാദം, തെക്കേഇന്ത്യയിൽ ആകാലത്തുണ്ടായിട്ടുള്ള ചരിത്രരേഖകൾമുഴുവൻ പരിശോധിക്കുന്നതായാൽ ഇപ്പോഴും നമുക്കു കേൾക്കാൻ കഴിയും. തിരുവഞ്ചിക്കുളത്തുകോവിലകം ചോളർ ചുട്ടുഭസ്മമാക്കിയതുകൊണ്ടു് കുലശേഖരചക്രവർത്തികൾ ഈ കാലത്തുനെടിയതളിയിലാണു് താമസിച്ചിരുന്നതെന്നു് ശാസനങ്ങളിൽ നിന്നു ഗ്രഹിക്കാം. (പെരുന്നശാസനം) കേരളത്തിന്റെ അഭിമാനസർവസ്വമായ ആ രാജർഷിവര്യൻ ചാവേറസേനയുമായി നെടിയതളിയിൽ നിന്നുംപുറപ്പെട്ടു. ആ കാലത്തു ചോളർ കൊല്ലത്തിനുതെക്കുഭാഗം മുഴുവൻ കൈവശപ്പെടുത്തിക്കഴിഞ്ഞിരുന്നു. (ജടാവർമ്മൻ ശ്രീവല്ലഭന്റെ 276-ലെ ശാസനം) കുലശേഖരൻ സൈന്യസമേതംകൊല്ലത്തെത്തി ചോളരെ അവിടെനിന്നും ഓടിച്ചു. രാമേശ്വരത്തു ക്ഷേത്രത്തിനു സമീപത്തുവച്ചുനടന്ന ഭയങ്കരയുദ്ധത്തിൽ ക്ഷേത്രസങ്കേതത്തിൽപോലും പ്രവേശിച്ചുയുദ്ധംചെയ്തതായിട്ടാണു് ആരിയരോടുവന്ന വിരോധത്തിനു പ്രായശ്ചിത്തത്തിനു് എന്നു് ആ ക്ഷേത്രത്തിലെശിലാരേഖയിൽ കാണുന്നതുകൊണ്ടു് അർത്ഥമാക്കേണ്ടതു്. ക്ഷേത്രഭരണത്തിനു് ഏർപ്പെടുത്തിയിരിക്കുന്ന സഭയ്ക്കു് ആയ്യർ, അഥവാ 'തപായാര്യയർ' എന്നാണുപറഞ്ഞുവന്നതു് (വെള്ളനെല്ലൂർ ശാസനങ്ങൾ)

അടുത്തതായി ചോളസൈന്യത്തെ നാം കാണുന്നതു്, ആത്മരക്ഷാർത്ഥം കോട്ടാറിൽ കോട്ടകെട്ടിഉറപ്പിക്കുന്നതായിട്ടാണു്. കുലോത്തുംഗൻ ചാവേറസേനയെമുഴുവൻ നശിപ്പിച്ചതായി പറയുന്നുണ്ടെങ്കിലും പഴനിമലയും ആനമലയും സഹ്യപർവതത്തിനും പടിഞ്ഞാറ്, കോട്ടാറിനു് വടക്കു മേലാൽപ്രവേശിക്കുന്നതല്ലെന്നു ശപഥം ചെയ്യുന്നപോലെയാണു് കുലോത്തുംഗചോളൻഉലായിലും ചോളപുരം ശിലാരേഖയിലും കാണുന്നതു്. ചാവേറസേനയെ തടയുന്നതിനുവേണ്ടി അതിർത്തികളിൽ 'നിലപ്പട' Standing army ഏർപ്പെടുത്തുകയും ചെയ്യുന്നു. ഇതിൽ നിന്നെല്ലാം എന്താണുമനസ്സിലാക്കേണ്ടതു? കൊല്ലം യുദ്ധത്തിനുശേഷം ചാവേറസേന കോട്ടാറിനുവടക്കുഭാഗംമുഴുവൻ ചോളരിൽനിന്നു പിടിച്ചെടുത്തുവെന്നല്ലേ? കുറേകഴിയുമ്പോൾ ചോളർ നാഞ്ചിനാട്ടും ഉപേക്ഷിക്കുന്നതും ആ സ്ഥലങ്ങളിൽ വീണ്ടും സ്ഥാനംഉറപ്പിക്കുവാൻ ശ്രമിച്ചപാണ്ഡ്യരിൽ നിന്നു് കുലശേഖരചക്രവർത്തികളും അദ്ദേഹത്തിന്റെ പുത്രനായ വീരകേരളനോ നാഞ്ചിനാട്ടു് പിടിച്ചെടുക്കുന്നതും (296-ൽ ഈ രേഖയും ധർമ്മദേശം വിശേഷാൽപ്രതിയിൽ പ്രസിദ്ധംചെയ്തിട്ടുണ്ടു. മേൽപ്പറഞ്ഞ അഭിപ്രായത്തിനു ഒന്നുകൂടി ബലംനൽകുന്നു. 302-ൽവീരകേരളന്റെ ശാസനം ചോളപുരം ക്ഷേത്രത്തിൽ കാണുന്നുമുണ്ടു്.

നൂറ്റാണ്ടുയുദ്ധം അവസാനിച്ചഉടൻ കുലശേഖരചക്രവർത്തികൾ നെടിയതളിയിൽനിന്നു താമസം കൊല്ലത്തു പനങ്കാവിൽ കൊട്ടാരത്തിലേക്കു മാററി. ഇതു് 277 ഒടുവിൽ ആയിരുന്നു. എന്തെന്നാൽ 278-ചിങ്ങം 9-ാംനു-യിലെ രാമേശ്വരത്തു ശിലാരേഖയിൽ തളിയാതിരിമാർ തിരുവഞ്ചിക്കുളത്തുനിന്നു കൊല്ലത്തുവന്നു താമസിക്കുന്നതായിട്ടാണു കാണുന്നതു്. അവർ കുലശേഖരപ്പെരുമാളിന്റെ അഭിഷേകമഹോത്സവത്തിൽ പങ്കുകൊള്ളുന്നതിനായിവന്നതായിരിക്കണം. അധികകാലം കൊല്ലത്തു താമസിച്ചിരിക്കാൻ ഇടയില്ല. തിരുവഞ്ചിക്കുളത്തിന്റെ നാശം, സാമ്രാജ്യം കോട്ടാർവരെ വ്യാപിച്ചതു്. ചീനക്കച്ചവടം മൂലം വർദ്ധിച്ചുവന്ന കൊല്ലത്തിന്റെപ്രാധാന്യം, ഈ സംഗതികൾ തലസ്ഥാനം മാററുന്നതിനു പ്രേരകമായി ഭവിച്ചിരിക്കാം. കുലശേഖരപ്പെരുമാൾ താ

ഇളംകുളം പി. എൻ. കുഞ്ഞൻപിള്ള

(ശേഷം 2-ാംപേജിൽ)

(ഒന്നാംപേജിൽനിന്നും തുടർച്ച)

ല്ലൂാലികമായി കൊല്ലത്തുവന്നു താമസി ച്ചിരുന്നതാണെന്നും തിരികെ തിരുവഞ്ചിക്കുളത്തേക്കു പോയിഎന്നും കല്പിക്കുവാൻ നിവൃത്തിയില്ല. ഒന്നാമതായി കുലശേഖരന്മാരെ 277-ന്ശേഷം തിരുവഞ്ചിക്കുളത്തുകാണാൻ കഴിയുന്നില്ല; കൊല്ലംവാഴുന്നതായി പിൽക്കാലത്തുള്ള ശാസനങ്ങളിൽനിന്നു തെളിയുന്നുമുണ്ട്. രണ്ടാമതായി, മൂന്നാംശതകത്തിന്റെ അന്ത്യഘട്ടത്തിൽ വേണാട്ട് ഏററവും പ്രാബല്യത്തിൽ എത്തിയെന്ന് സ്പഷ്ടമായ രേഖകളുള്ളതുകൊണ്ട് 278-ൽ കേവലം വേണാട്ടിലെ വലെക്ഷവാഴിയായിരുന്ന വിക്രമനെ ആ സാമ്രാജ്യത്തിന്റെ പ്രതിഷ്ഠാപകനായി കല്പിക്കണം; അതു് അസംഗതമാണ്. കൂടാതെ 'തെൻവഞ്ചിയാൻ' എന്നു കൊല്ലം രാജാവിനും 'തെൻവഞ്ചി' എന്നു കൊല്ലത്തിനും പേരുണ്ടായിരുന്നുവെന്നും ശാസനങ്ങളിൽനിന്നു വ്യക്തമാകുന്നതുകൊണ്ട് (തൃക്കണാമതിലകം ശാസനം) വഞ്ചിരാജവംശം വഞ്ചിയിൽനിന്നു കൊല്ലത്തേക്കു വന്നുവെന്നു സിദ്ധമാണ്.

കുലശേഖരചക്രവർത്തികൾ ഗോദവർമ്മ മാർത്താണ്ഡന്റെ പിൻഗാമിയാണെന്നുള്ള ഊഹവും ശരിയല്ല. കൊല്ലം കുലശേഖര സാമ്രാജ്യത്തിന്റെ തലസ്ഥാനമാകുന്നവരെ 'വേണാട്ട്' എന്നു പറഞ്ഞുവന്നതു് ഇന്നത്തെ കൊല്ലം, കൊട്ടാരക്കര, ചടയൻകീഴ് മുതലായ സ്ഥലങ്ങൾ ഉൾപ്പെട്ട രാജ്യവിഭാഗത്തിനായിരുന്നുവെന്നു ആ കാലത്തെ താമ്രശാസനങ്ങളും ശിലാരേഖകളും പൂർണ്ണമായി പരിശോധിച്ചാൽ മനസ്സിലാകാം. വേണാട്ടിലെയും നാട്ടുവാഴിയോയുംനൻഴനാട്ട് (ചങ്ങനാശേരിക്കുതെക്ക്) മുഞ്ഞനാട്ട് (കോട്ടയത്തിനു സമീപം) മുതലായ രാജ്യങ്ങളിലെ നാട്ടുവാഴികളെപ്പോലെ കുലശേഖരന്മാർ അപ്പൊഴപ്പോൾ നിയമിക്കുകയായിരുന്നുവെന്നാണ് തോന്നുന്നതു്. ഗോദവർമ്മമാർത്താണ്ഡൻ വേണാട്ട ഭരിച്ചുകൊണ്ടിരിക്കുമ്പോൾ നൻഴനാട്ടുകൂടി ഭരിക്കുവാൻ നിയമിക്കുന്നതായി തൃക്കടിത്താനത്തുള്ള ഒരു ശിലാരേഖയിൽ നിന്നു വ്യക്തമാകുന്നുണ്ട്. ഇതു 151-ൽ ആയിരുന്നു. 150-ൽ ആയിരിക്കണം വേണാട്ടിലെ ഭരണാധികാരിയായി നിയമിക്കപ്പെട്ടതു്. എന്തെന്നാൽ 149-ൽ വല്ലഭൻകോതയായിരുന്നു വേണാട്ടു വാണിരുന്നതെന്നു മാമ്പള്ളിശാസനത്തിൽ നിന്നു ഗ്രഹിക്കാം. 175-ലെ ജൂതശാസനത്തിലും ഗോവർദ്ധനമാർത്താണ്ഡൻ സാക്ഷിയാണ്. 203-ൽ ചോളയുദ്ധത്തിൽ മരിക്കുന്ന വേണാട്ടുരാജാവ് ഇദ്ദേഹമാണെന്നുവരാം. ഏതായാലും അതിനുശേഷം വേണാട്ടടികൾ കുലശേഖരന്മാരുടെ സാമന്തത്വം ഉപേക്ഷിച്ചു്, ചോളരുടെസഹായത്തോടുകൂടി സ്വാതന്ത്ര്യനാകുവാൻ ശ്രമിച്ചു. (രാജാധിരാജന്റെ ശാസനം) അതിന്റെ ഫലമായി ആ വംശം കേരളത്തിൽനിന്നു മറയുന്നതിനു വേണാട്ടിലെഭരണം 278-ൽ വിക്രമൻ എന്ന വാഴെയ്ക്കവാഴിയുടെ കൈവശമായിത്തീരുന്നതിനുമിടയായി എന്നനുമാനിക്കപ്പുറയാം. അതുകൊണ്ട് കുലശേഖരചക്രവർത്തികളല്ല, വിക്രമനാണ് ഗോവർദ്ധനമാർത്താണ്ഡന്റെ പിൻഗാമി. പാണ്ഡ്യചേരരാജവംശങ്ങൾ മാത്രമേ കുലശേഖരബിരുദംഉപയോഗിച്ചിരുന്നുള്ളുഎന്നവസ്തുതയും ഓർക്കേണ്ടതാണ്. ഗോവർദ്ധനമാർത്താണ്ഡനോ, വല്ലഭൻകോതയ്ക്കോ, അയ്യനടികൾക്കോ കുലശേഖരസ്ഥാനം ഉണ്ടായിരുന്നതായി—അങ്ങനെ സംഭവിക്കുകയില്ല—യാതൊരുരേഖയും ലഭിച്ചിട്ടുമില്ല. ഗോവർദ്ധനമാർത്താണ്ഡന്റെ പിൻവാഴ്ചക്കാരനായിരുന്നു കുലശേഖരചക്രവർത്തികളെങ്കിൽ, തളിയാതിരിമാർകൊല്ലത്തുവന്നു താമസിക്കുന്നതിനും കാരണമെന്തെന്നു മനസ്സിലാകുന്നില്ല. നാലുതളിയും ആയിരം അറുനൂറുവരും ഇന്നാട്ടുവാഴ്ക്കെയാൻ വിക്രമൻ—മുതലായുള്ള ചാമന്തരും എന്നു രാമേശ്വരത്തു ശിലാരേഖയിൽ പറയുന്നുണ്ടല്ലോ.

മുമ്പിലത്തെവേണാടിന്റെ തലസ്ഥാനമായിരുന്നകൊല്ലം കുലശേഖരന്മാരുടെ രാജധാനിയായിത്തീർന്നതോടുകൂടി വേണാട് എന്നപദം കുലശേഖരസാമ്രാജ്യത്തിന്റെ പര്യായമായിത്തീർന്നു. ഇങ്ങനെയാണ് മൂന്നാംശതകത്തിന്റെ അന്ത്യഘട്ടത്തിൽ വേണാട്ട് ഇന്നത്തെ തിരുവിതാംകൂറിനെക്കാൾ വിസ്തൃതമായ ഒരു സാമ്രാജ്യമായി പെട്ടെന്നു രൂപാന്തരംപ്രാപിക്കുന്നതു്.

വേണാട്ടുരാജവംശം ആയിചേരരാജവംശത്തിന്റെ ശാഖയാണെന്നു പറയുന്നതും ശരിയല്ല. തെക്കേയിൽ വാണിരുന്ന ഒരു ശാഖയെപ്പററി മാത്രമേ ഇതുവരെ രേഖകൾ ലഭിച്ചിട്ടുള്ളു. ഈ ശാഖയാണ് കാലാന്തരത്തിൽ കോലത്തു നാട്ടുരാജവംശമായിത്തീർന്നതെന്നു വിശ്വസിക്കപ്പെടുന്നു. നൂററാണ്ടുയുദ്ധത്തിനുശേഷം മൂലസ്ഥാനം കൊല്ലത്തേക്കുമാററി വേണാട്ടുരാജവംശമായി പരിണമിച്ചതു്, ആ കാലംവരെ തിരുവഞ്ചിക്കുളത്തുവാണിരുന്ന പ്രധാനവംശംതന്നെയാണ്; ശാഖയല്ല. *

മക്കത്തുപോയ പെരുമാളിനെപ്പററി പറഞ്ഞിരുന്നല്ലോ. ഞാൻ പ്രസ്താവിച്ചിട്ടുള്ളതു് കൊല്ലം ആറിശതകങ്ങളിൽ കേരളംവാണിരുന്ന ചേരവംശജരായ കുലശേഖരപ്പെരുമാക്കന്മാരെപ്പററിയാണ്; ഇന്നങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടുവന്നുവെന്നു പറയുന്ന പെരുമാക്കന്മാരെപ്പററിയില്ല. പെരുമാൾ എന്നപദം ഈശ്വരനേയും ചക്രവർത്തിയേയും കുറിക്കുന്നതിനു സാമാന്യമായി ഉപയോഗിച്ചിരുന്നു. ഭൂതരായരെപ്പററിയുള്ള ചോദ്യത്തിനു എനിക്കു പറവാനുള്ളതു്, കൊല്ലവർഷാരംഭംമുതൽ 500 വരെ തെക്കേഇന്ത്യയിലുണ്ടായിട്ടുള്ള യാതൊരുരേഖയിലും ആ പേർകാണാൻകഴിഞ്ഞിട്ടില്ലെന്നുമാത്രമാണ്. 'സ്ഥാണുരവികുലശേഖരൻ' എന്ന ലേഖനത്തിൽ 'സ്ഥാണു' എന്ന ഉപാധിയെപ്പററിപറവാൻ വിട്ടുപോയതാണ്. ശങ്കരനാരായണീയത്തിൽഉപയോഗിച്ചിട്ടുണ്ട്. വേറേ പ്രതിപാദിച്ചിട്ടുള്ളതുകൊണ്ട് (ഹിസ്റ്ററികോൺഗ്രസ്, പാററ്നാ) ഇവിടെ വിസ്തരിക്കുന്നില്ല. മററചോദ്യങ്ങൾക്ക്, ചുരുക്കമായിട്ടെങ്കിലും, മറുപടി ഈ ലേഖനത്തിൽതന്നെ ഉണ്ടല്ലോ.

—o—

* 'ജിജ്ഞാസു'വിന്റെ സംശയങ്ങളിൽ (തുലാം 25-ാംതീയതിയിലെ മ. രാ. ആ. പ.)

# ബാരിസ്റ്റർ കെ. പി. കേശവമേനോൻ

## അദ്ദേഹത്തിന്റെ ബഹുമുഖങ്ങളായ പ്രവത്തനങ്ങൾ

നാലാങ്കൽ കൃഷ്ണപിള്ള എം. എ എൽ. ററി.

വിദേശം ഇരുപതിൽപ്പരം വർഷങ്ങളോളം നീണ്ടുനിന്ന വിദേശവാസത്തിനുശേഷം ശ്രീ. കെ. പി. കേശവമേനോൻ, ഇപ്പോൾ തന്റെ സ്വദേശത്തെത്തിയിരിയ്ക്കുയാണല്ലോ. 1927 മുതൽ അദ്ദേഹം മലയാ ആയിരുന്നു തന്റെ പ്രവത്തനകേന്ദ്രമാക്കിയിരുന്നതു്. ഈ പഴയ നേതാവിന്റെ' പ്രത്യാഗമനം, പരിവത്തനത്തിന്റെ പടിയ്ക്കൽ നില്ക്കുന്ന കേരളത്തിനൊട്ടാകെയും, മലബാറിന് പ്രത്യേകിച്ചും നവമായി ഉന്നർവും ഉന്മേഷവും സംജാതമാക്കുന്ന ഒരു സംഭവമാണ്.

പാലക്കാട്ടുള്ള ഒരു പ്രശസ്തകുടുംബത്തിലാണ് ശ്രീ. മേനോന്റെ ജനനം. അദ്ദേഹത്തിനു് ഇന്നു് അയ്മ്പത്തെട്ട്വയസ്സ് പ്രായമുണ്ട്. എന്നാൽ ഇന്നും അദ്ദേഹത്തിന്റെ സിരകളിൽ യുവരക്തം പായുന്നു. ഇന്നും മുന്നണിയിലെ ഒരു പോരാളിയാണദ്ദേഹം. ഒരു വലിയ ജന്മിയായ നടുവിലിടം ഭീമനച്ഛനായിരുന്നു ഇദ്ദേഹത്തിന്റെ പിതാവു്. 1912-ൽ മദ്രാസ് ക്രിസ്ത്യൻകോളേജിൽനിന്നും ബി. എ. പരീക്ഷ ജയിച്ചശേഷം അദ്ദേഹം നിയമപഠനത്തിനായി ഇംഗ്ലണ്ടിലേയ്ക്കു് കപ്പൽകയറി. ഒന്നാംമഹായുദ്ധക്കാലത്തിനു് മുൻപുതന്നെ, 1915-ൽ നിയമപഠനം പൂർത്തിയാക്കി അദ്ദേഹം തിരിച്ചുവരികയും മദ്രാസ് ഹൈക്കോടതിയിൽ ഒരു അഡ്വക്കേററായി പ്രാക്ടീസ് തുടങ്ങുകയും ചെയ്തു. അദ്ദേഹം പ്രാക്ടീസ് ആരംഭിച്ചതു് തിരുവിതാംകൂർ ദിവാൻജിയായിരുന്ന പരേതനായ സർ എം. കൃഷ്ണൻനായരുടെകൂടെയായിരുന്നു.

കേരളത്തിലെ അദ്വിതീയനായ ഒരു കാൺഗ്രസ് പ്രവത്തകനെന്ന നിലയിലാണ് ശ്രീ. മേനോൻ നമ്മുടെ ഭക്ത്യാദരങ്ങൾക്കു് ആത്മമായി അർഹനായിത്തീരുന്നതു്. തന്റെ വക്കീൽപണിയേക്കാൾ വളരെ കൂടുതലായി അദ്ദേഹം ശ്രദ്ധപതിപ്പിച്ചതു് പൊതുകാര്യങ്ങളിലായിരുന്നു. 1916-ൽ മിസ്സിസ് ആനിബസന്റിന്റെയും, ബാലഗംഗാധരതിലകന്റേയും നേതൃത്വത്തിലാരംഭിച്ച ഹോം റൂൾ പ്രസ്ഥാനത്തിൽ അദ്ദേഹം സജീവമായ പങ്കെടുത്തു. കോഴിക്കോട്ട് പ്രാക്ടീസ്തുടങ്ങിയപ്പോൾമുതൽ അദ്ദേഹം ഒരു കാൺഗ്രസ് അംഗമായിത്തീർന്നു. മലബാർ കാൺഗ്രസ്സ്കമ്മിററിയുടെ ആദ്യത്തെ സെക്രട്ടറി അദ്ദേഹമായിരുന്നു. മലബാറിൽ ആദ്യമായി ഒരു ജില്ലാരാഷ്ട്രീയസമ്മേളനം വിളിച്ചുകൂട്ടിയതു് 1917-ൽ ആണ്. സർ സി. പി. രാമസ്വാമിഅയ്യരായിരുന്നു അദ്ധ്യക്ഷൻ. പ്രസ്തുത സമ്മേളനത്തിന്റെ സെക്രട്ടറി ശ്രീ. കേശവമേനോനായിരുന്നു. ഈ കാലങ്ങളിലൊക്കെയും, തൊഴിലാളിസംഘടനകളിലും തൊഴിലാളികളുടെ അവശതകൾ പരിഹരിക്കുന്നതിലും അദ്ദേഹം ശ്രദ്ധപതിപ്പിച്ചിരുന്നു.

അനന്തരം ഗാന്ധിജി തന്റെ നിസ്സഹകരണപ്രസ്ഥാനം ആരംഭിച്ചപ്പോൾ ശ്രീ. മേനോൻ തന്റെ ശ്രദ്ധമുഴുവൻ ആ വഴിയ്ക്കു് തിരിച്ചു. പ്രാക്ടീസ്സ്നിത്തി തന്റെ സമയംമുഴുവൻ അദ്ദേഹം കാൺഗ്രസ്കാര്യങ്ങൾക്കായി വിനിയോഗിച്ചു. മലബാർ, കൊച്ചി, തിരുവിതാംകൂർ ഈ ഘടകങ്ങൾ ചേത്തു് കേരളസംസ്ഥാനത്തെ രൂപവൽക്കരിയ്ക്കുവാൻ അദ്ദേഹം ഉത്സാഹിച്ചതും ആയിടയ്ക്കുതന്നെയായിരുന്നു. മലബാറിൽ മാപ്പിളലഹള നടമാടിയപ്പോൾ അദ്ദേഹം ലഹളക്കാരെ അവരുടെ പിഴച്ചമാർഗ്ഗത്തിൽനിന്നു പിൻതിരിയ്ക്കുന്നതിനും, ലഹളനിമിത്തം അനാഥരായിത്തീന്നവക്കു് ആശ്വാസാമൃതം ചൊരിയുന്നതിനും, ശ്രമിച്ചു. സാമുദായികപ്രവത്തനങ്ങളിലും അദ്ദേഹം മുന്നിട്ടുനിന്നു് പ്രവത്തിച്ചു. പരേതനായ ശ്രീ. ടി. കെ. മാധവനുമൊന്നിച്ചു് അദ്ദേഹം വൈയ്ക്കം സത്യാഗ്രഹത്തിൽ സ്തുത്യമായ ഭാഗം വഹിയ്ക്കുയും, ആറുമാസം ജയിൽവാസംവരിക്കയും ചെയ്തിട്ടുണ്ട്. ഇങ്ങനെ പ്രാരംഭകാലംമുതല്ക്കുതന്നെ കാൺഗ്രസ്സിന്റെ പരിപാടികൾ കേരളത്തിൽ പ്രായോഗികമാക്കാൻ ശ്രീ. കേശവമേനോൻ അശ്രാന്തപരിശ്രമം ചെയ്തിട്ടുണ്ട്. കേരളത്തിലെ കാൺഗ്രസ് ചരിത്രത്തിൽ അദ്ദേഹത്തിന്റെ നാമം എന്നെന്നും സുവർണ്ണലിപികളിൽ തിളങ്ങുന്നതാണ്.

ശ്രീ. കേശവമേനോന്റെ മറെറാരു വലിയനേട്ടം മാതൃഭൂമിപത്രത്തിന്റെ സ്ഥാപനമാകുന്നു. ഇരുപത്തിനാലുവർഷങ്ങൾക്കുമുൻപാണ് 'മാതൃഭൂമി' കോഴിക്കോട്ടു സ്ഥാപിക്കപ്പെട്ടതു്, മാതൃഭൂമിയുടെ ആദ്യത്തെ പത്രാധിപർ—സ്ഥാപകപത്രാധിപർ—ശ്രീ. കേശവമേനോനത്രേ. ആദ്യത്തെ മാനേജർ ശ്രീ കെ. മാധവൻനായരും. കേരളത്തിൽ അന്നു് ഒന്നാംകിടയിലുള്ള—ഇംഗ്ലീഷുരീതിയിലുള്ള, ആധുനികകാലത്തിനു് യോജിച്ചതരത്തിലുള്ള—പത്രമൊന്നുമില്ലായിരുന്നു. ജാതിമതഭേദിചിന്തകൾക്കപ്പുറത്തായി നിന്നുകൊണ്ട്, കേരളത്തിന്റെ രാഷ്ട്രീയവും സാമൂഹ്യവും, സാമ്പത്തികവുമായ ജീവിതത്തെ പരിഷ്കൃതോന്മുഖമാക്കണമെന്നുള്ള വിചാരത്തോടെയാണ് മാതൃഭൂമി അദ്ദേഹം സ്ഥാപിച്ചതു്. ആദ്യകാലങ്ങളിൽ പത്രത്തിനു് സാമ്പത്തികമായ പല വൈഷമ്യങ്ങൾ തരണംചെയ്യേണ്ടതുണ്ടായിരുന്നു. ഓഹരികൾ (Shares) വിൽക്കുന്നതിനും അദ്ദേഹം പല കഷ്ടതകളും സഹിച്ചു് പലരേയും സമീപിയ്ക്കേണ്ടിയിരുന്നു, ഇന്നു് 'മാതൃഭൂമി ആഫീസ്' സ്ഥിതിചെയ്യുന്ന കെട്ടിടം വിലയ്ക്കു വാങ്ങുന്നതു് (വലിയ വിലയാണ് ചോദിച്ചതു്) വ്യസ്ഥിരമാകുമെന്നു അദ്ദേഹത്തിന്റെ സഹപ്രവത്തകർപോലും വാദിച്ചു. പക്ഷേ മേനോന്റെ ദൃഢമായ നിലയെ ഉലയ്ക്കുന്നതിനു് അവക്കാക്കും കഴിഞ്ഞില്ല. ഇന്നു് പലവിധ പരിഷ്കാരങ്ങളോടുകൂടി പരിലസിയ്ക്കുന്ന ആ കെട്ടിടത്തിലാണ് അന്നും മാതൃഭൂമി സ്ഥിതിചെയ്തിരുന്നതു്. പത്രത്തിനു നവീനകേരളം എന്ന പേരിടാനാണ് ആദ്യം വിചാരിച്ചതു്. എന്നാൽ ആ പേരിൽ മദ്രാസിൽ ഒരു പത്രം ഇറങ്ങിവരുന്നിടയായി. അപ്പോൾ പത്ര

(ശേഷം പതിനാറാംപേജിൽ)


# മാധവ സർസപാരില

( നറനീണ്ടിസത്തു് )

വളരെ നവീനരീതിയിൽ നറനീണ്ടി (നന്നാറി)യും മററു രക്തസംവദ്ധകങ്ങളായ ഔഷധങ്ങളും ചേത്തു് ശേഖരിച്ചതായ ഞങ്ങളുടെ "സരസപാറില" രക്തം ഉഷ്ണിച്ചുണ്ടാവുന്ന എല്ലാവിധ ഉപദ്രവങ്ങൾക്കും, മൂത്രം എരിച്ചൽ, മൂത്രതടസ്സം, സ്ത്രീപുരുഷന്മാക്കുണ്ടാവുന്ന ഉഷ്ണസംബന്ധമായ സുഖക്കേടുകൾ ഇവകൾക്കും ഉടനടി ഫലംചെയ്യുന്നു. പ്രായഭേദംകൂടാതെ രക്തശുദ്ധിക്കും, രക്തവദ്ധനയ്ക്കും ഉഷ്ണകാലങ്ങളിൽ ദേഹത്തിലെ ചൂടിനെ കുറച്ചു്, കുളർമയും സുഖവും സിദ്ധിക്കുന്നതിനു എപ്പോഴും ഉപയോഗപ്രദം.

എല്ലാ പ്രധാന ഷാപ്പുകളിലും കിട്ടും, വില ബോട്ടൽ 3 ക മാത്രം. **Catalogue free**

സ്റ്റാക്കിസ്റ്റ്സ്, കോഴിക്കോട്. പി. കുട്ടൻ ബ്രദേഴ്സ്.

P. S. സിലോൺ, സിങ്കപ്പൂർ, റങ്കൂൺ, ബോംബെ എന്നീ സ്ഥലങ്ങളിൽ സോൾഏജന്റന്മാരേയും സ്റ്റാക്കിസ്ററന്മാരേയും ആവശ്യമുണ്ട്. ഉടനെ അപേക്ഷിക്കുക.

മാധവഫാർമസി (എറണാകുളം) ലിമിററഡ്, എറണാകുളം

# ഖൈസ്

അഥവാ

## മജ്നൂൻലൈലാ

(എ. മുഹമ്മദ് യൂസുഫ് തങ്ങൾ)

നാം ചലനചിത്രത്തിൽ കാണുകയും സ്വനഗ്രാഹിയിൽ ശ്രവിക്കയും ചെയ്യുന്ന 'ലൈലാമജ്നൂൻ' എന്ന അറബിക്കഥയുടെ ആഗമത്തെയും അതിന്റെ പ്രചാരത്തെയുംപററി വിവരിക്കുന്നതാണ് ഈ ലേഖനം. ഖൈസ്, (മജ്നൂൻ) മദ്ധ്യഅറേബ്യയിലെ ഒരു യുവകവിയാണ്. അറബുദേശത്തു പണ്ടു വിഭിന്നങ്ങളായ അഭിപ്രായങ്ങളോടും ആചാരങ്ങളോടും കൂടിയ പല ഗോത്രക്കാരും പാർത്തിരുന്നു. ഓരോ ഗോത്രക്കാരും തങ്ങളുടെ ശ്രേഷ്ഠത തരതമ്യപ്പെടുത്തുന്നതിനും അവരുടെ ഇടയിലുള്ള കവികളുടെ എണ്ണവും യോഗ്യതയുമാണ് മാനദണ്ഡമായി വച്ചിരുന്നതു്. ഒരു ഗോത്രത്തിൽ നല്ല ഒരു കവി ഉണ്ടായി എന്നറിഞ്ഞാൽ അതിന്റെ നേതാവിനെ മററു ഗോത്രക്കാർ ചെന്നുകണ്ടു അനുമോദിച്ചു തുടങ്ങും. ഭരണാധികാരികളുടെ യോഗ്യതായോഗ്യതകൾ ഇന്നു വർത്തമാനപ്പത്രങ്ങൾകൊണ്ടെന്നപോലെ അന്നു പദ്യകവിതകൾകൊണ്ടായിരുന്നു അവിടെ വെളിപ്പെട്ടിരുന്നതു്. പൗരാണികഅറബിജനങ്ങൾ നല്ല കവികളെ സകല സൗകര്യങ്ങളോടുംകൂടി സുഖവാസസ്ഥലങ്ങളിൽ പാർപ്പിച്ചു മനോഹരങ്ങളായ പദ്യകവിതകൾ എഴുതിക്കുക പതിവാണ്. 'ഉക്കാസ്' എന്ന സ്ഥലത്തു വർഷംതോറും നടത്തിവന്നിരുന്ന സാഹിത്യപരിഷത്തിൽ ഒന്നാംസമ്മാനം ലഭിച്ച കവിതയെ സ്വർണ്ണലിപിയിൽ രേഖപ്പെടുത്തി പ്രദർശനാർത്ഥം കഅബായിൽ തൂക്കി പ്രകീർത്തനം ചെയ്തുവന്നിരുന്നു. ഇതാണ് സുപ്രസിദ്ധമായ 'മുഅല്ലക്കാത്ത്' (തൂക്കപ്പെട്ടവ) എന്ന കവിതകൾ. അറബിക്കവികളുടെയും കവിതകളുടെയും ചരിത്രത്തെപ്പററി 'ഇസ്ഫഹാനി' എഴുതിയ 'അൽഅഗാനി' എന്ന പുസ്തകം ഇരുപത്തൊന്നു വലിയ വാല്യങ്ങളാണ്. ഇസ്ലാമിനു മുമ്പുള്ള അറബിസാഹിത്യം മുഴുവൻ പദ്യകവിതകൾ മാത്രമായിരുന്നു. പ്രസിദ്ധന്മാരായ അറബിക്കവികളുടെ കവിതകളെ ശേഖരിച്ചു ആ കവിയുടെ 'ദീവാൻ' എന്ന പേരിൽ പിന്നീടു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട് (ദീവാൻ എന്ന പദത്തിനു ഇവിടെ പദ്യഗ്രന്ഥം എന്നാണർത്ഥം) 'ദീവാനു അന്തറ' ദീവാനു ഹസ്സാൻ' ദീവാനു അബിൽഅലാ' തുടങ്ങിയവ ഇതിനുദാഹരണങ്ങളാകുന്നു. ഇക്കൂട്ടത്തിൽ 'ദീവാനു ഖൈസ്' എന്നൊരു ചെറിയ ദീവാൻ കാണുന്നുണ്ട് ഇതാണ് നമ്മുടെ കഥാനായകനായ ഖൈസിന്റെ ദീവാൻ. ഈ ദീവാനാണ് ലൈലാമജ്നൂൻ എന്ന കഥയുടെ മൂലഗ്രന്ഥം.

'നജ്ദി'ലെ ബനൂആമിർ' ഗോത്രത്തിൽ ജാതനായ ഖൈസ് തന്റെ ഏഴാമത്തെ വയസ്സുമുതൽ കവിത ഉണ്ടാക്കിത്തുടങ്ങി. സിറിയായിലെ അമവിഖലീഫാമാരുടെ ഭരണത്തിനെതിരായ 'ഷിയ്യാ' വാദത്തെയും മററും ആസ്പദമാക്കി രസകരമായ കവിതകൾ രചിച്ചുപോന്ന ഈ ബാലന്റെ കവനപാടവം അതിപ്രശംസനീയമായിരുന്നു. ബാല്യം വിട്ടതോടുകൂടി ഖൈസ് ഒരു പ്രഭുപുത്രിയായ 'ലൈല' (ഒരു യുവകവയിത്രി)യിൽ പ്രണയംകൊണ്ടു പരവശനാവുകയും തന്നിമിത്തം അനന്തരകാലത്തുണ്ടായ അയാളുടെ കൃതികൾ ലൈലയുടെ ലാവണ്യം, അവളുടെ കൂടാരം, പാർപ്പിടം മുതലായവയുടെ വർണ്ണനകളും പ്രേമലഹരിനിമിത്തം അസ്വസ്ഥനായി കാട്ടിലും മലയിലും അലഞ്ഞുനടന്നപ്പോൾ അവിടെ കണ്ട വൃക്ഷങ്ങളോടും പ്രാവ്, മാൻ മുതലായ പക്ഷിമൃഗാദികളോടും ഉള്ള സംഭാഷണവും മാത്രമായിത്തീർന്നു. അതിനെപ്പററി ഖൈസിന്റെ കവിതയിൽ ഇങ്ങനെ കാണുന്നു. 'എന്നെ സ്നേഹിച്ചിരുന്ന കവിതാദേവി ഇതാ എന്നെ വിട്ടകന്നു പോയിരിക്കുന്നു. അതു ഞാൻ ലൈലയെ സ്നേഹിച്ചതുകൊണ്ടായിരിക്കാം.' ഒടുവിൽ അനുരാഗരോഗം നിമിത്തം ക്ഷീണിച്ചു മെലിഞ്ഞ ഖൈസ് യൗവനാരംഭത്തിൽതന്നെ ഇഹലോകവാസം വെടിയുകയും അങ്ങനെ ഈ യുവകവിയിൽനിന്നു ആസ്വദിക്കാമായിരുന്ന അനന്തഫലങ്ങൾ അറബിസാഹിത്യത്തിനു നഷ്ടപ്പെട്ടുപോകയും ചെയ്തു.

ഖൈസിന്റെ ദീവാനാണ് 'ലൈലാമജ്നൂൻ' കഥയ്ക്കു ആധാരമെന്നു മുമ്പു പറഞ്ഞുവല്ലോ. ഇതിൽ അറുനൂറോളം * അറബി പദ്യങ്ങളുള്ളവയിൽ ഏതാനും ലൈലയുടേതും കൂടിയാകുന്നു. ഈ പ്രണയികൾ പരസ്പരം എഴുതീട്ടുള്ള പ്രേമലിഖിതങ്ങൾ പലതും പദ്യരൂപത്തിൽ ആയിരുന്നു. ഈ ദീവാനും അതു ശേഖരിച്ച ആളിന്റെ കുറിപ്പുകളും പരിശോധിച്ചാൽ അതിൽനിന്നു കിട്ടുന്ന കഥാസാരം താഴെ ചേർക്കുന്നു.

### കഥാസാരം

'ഹിജ്റാബ്ദം 80-ൽ (എ. ഡി. 700) മദ്ധ്യഅറേബ്യായിലെ നജ്ദ് എന്ന സ്ഥലത്തുള്ള ഒരു മലംപ്രദേശത്തിന്റെ അധിപനായ 'മുലവ്വഹ് എന്നയാളിന്റെ മൂന്നാമത്തെ പുത്രൻ ഖൈസ്, കോമളനും ബാല്യത്തിലെതന്നെ ഒരു കവിയും ആയിരുന്നു. ഒരുദിവസം ഖൈസ് നായാട്ടുകഴിഞ്ഞു മടങ്ങിയ വഴിക്കുണ്ടായിരുന്ന ഒരു തടാകത്തിന്റെ കരയിൽ ഏതാനും ബാലികമാർ കളിയിലും വിനോദത്തിലും ഏർപ്പെട്ടിരിക്കുന്നതു കണ്ടിട്ടു അയാൾ അവരുടെ അടുത്തുചെന്നു. ആ കൂട്ടത്തിലുണ്ടായിരുന്ന 'ലൈല'യിലാണ് ഖൈസിന്റെ ദൃഷ്ടി കാര്യമായിപ്പതിഞ്ഞതു്.

ലൈല വലിയ സൗന്ദര്യവതിയല്ലായിരുന്നുവെങ്കിലും അവളുടെ കണ്ണും കവിളും തടവും ആകർഷണശക്തിയുള്ളവയായിരുന്നു. ഇരുനിറം, പൊക്കമുള്ള ശരീരം, കറുത്തകണ്ണു, വലതുകവിളിൽ വലിയ ഒരു കറുപ്പടയാളം ഇങ്ങനെയാണ് ലൈലയുടെ സ്വരൂപം. അവളുടെ മുഖത്തുകണ്ട കറുപ്പടയാളമാണത്രേ ഖൈസിനെ ആകർഷിച്ചതു്. ലൈലയുടെ വാക്ചാതുര്യം ഖൈസിനെ അവളിൽ അനുരക്തനാക്കിത്തീർത്തു. ലൈലയേയും കൂട്ടുകാരികളേയും സൽക്കരിക്കാനായി ഖൈസ്, തന്റെ പക്കൽ ഉണ്ടായിരുന്ന മാംസം, കനലിൽ വേകിച്ചുകൊണ്ടിരിക്കവേ അയാളുടെ കൈക്കൊരു തീപ്പൊള്ളൽ ബാധിച്ചു. ഇതുകണ്ടു ലൈലാ പെട്ടെന്നു വേണ്ട പ്രഥമശുശ്രൂഷകൾചെയ്കയും തന്റെ, മേൽപ്പുടവയുടെ അററം വലിച്ചുകീറി പൊള്ളിയ ഭാഗം പൊതിഞ്ഞുകെട്ടുകയും ചെയ്തു. ഇതും ആയതോടുകൂടി അവർ പരസ്പരം അനുരാഗത്താൽ ബന്ധിക്കപ്പെട്ടുകഴിഞ്ഞു. (ഈ സംഭവത്തിനു ഒരു പേർഷ്യൻകവി ഹൃദ്യമായരീതിയിൽ ഇങ്ങനെ ഭാവപ്പകർച്ച വരുത്തിക്കാണുന്നു. 'ലൈലയും മജ്നൂനും ഒരു പള്ളിക്കൂടത്തിൽ പഠിച്ചിരുന്നു. അന്നൊരിക്കൽ മജ്നൂൻ, ലൈലയ്ക്കു പേനവെട്ടിക്കൊടുത്തപ്പോൾ അയാളുടെ വിരൽ മുറിയാനിടയായി. കേവലം ബാലയായ ലൈലാ ഉടൻ അനുകമ്പാപൂർവം വേണ്ട പ്രതിവിധികൾ ചെയ്തകൂട്ടത്തിൽ തന്റെ സാരിയുടെ ഒരു തുമ്പുകീറിയെടുത്തു മുറിവു വെച്ചുകെട്ടിക്കൊടുത്തു' ഇവർ ബാല്യത്തിലെതന്നെ പരസ്പരം സ്നേഹമുള്ളവരായിരുന്നുവെന്നു കാണിക്കുന്ന ചില ഭാഗങ്ങൾ ദീവാനിലും ഉണ്ടു്. അതിൽ ഒരു വരി ഇങ്ങനെയാണ് 'അല്ലയോ ലൈല! നാം ബാല്യത്തിൽ മണൽപ്പുറത്തിരുന്നു കളിച്ചുപാട്ടുകളെ കാററും മഴയും മായ്ചുകളഞ്ഞിരിക്കുന്നു.')

ഖൈസിന്റെ പിതാവ് 'മഹ്ദി'യും ഒരേഗോത്രത്തിൽപെട്ടവരും അടുത്തബന്ധുക്കളും ആയിരുന്നു. എങ്കിലും ഈ പ്രേമവാർത്ത മഹ്ദിയെ വല്ലാതെ ക്ഷോഭിപ്പിക്കയും അയാൾ പുത്രിയേയുംകൊണ്ടു ഖൈസിന്റെ പാർപ്പിടത്തിനകലെയുള്ള ഒരു കാട്ടുപ്രദേശമായ 'തൗബാദ്' എന്ന സ്ഥലത്തുപോയി താമസം ഉറപ്പിക്കയും ചെയ്തു. ലൈലയെ കാണാൻ നിവൃത്തിയില്ലാതായതിനാൽ ദുഃഖപരവശനായ ഖൈസ് ക്ഷീണിച്ചു മെലിഞ്ഞുതുടങ്ങി.

പുത്രന്റെ അന്തർഗ്ഗതംഗ്രഹിച്ച മുലവ്വഹ് നൂറു ഒട്ടകം മഹ്ദിക്കു പാരിതോഷികമായി അയച്ചുകൊടുത്തിട്ടു ലൈലയെ ഖൈസിനു വിവാഹംചെയ്തുകൊടുക്കണമെന്നപേക്ഷിച്ചു. പക്ഷേ മഹ്ദി, ആ അപേക്ഷയെ ഉപേക്ഷിക്കയാണ് ചെയ്തതു്. അതിനു രണ്ടുകാരണം ഉണ്ടായിരുന്നു. ഒന്നു അനുരാഗാനന്തരമുള്ള വിവാഹം ആക്ഷേപകരമായ ഒരു ഹീനാചാരമായിട്ടാണ് അവിടത്തെ അറബികൾ ഗണിച്ചുവന്നിരുന്നതു്. മറെറാന്നു മുലവ്വഹ് ഷിയ്യായും മഹ്ദി, ഒരു സുന്നിയും ആയിരുന്നുവെന്നുള്ളതാണ്.

ഖൈസ് ഇതിനിടെ 'തൗബാദി'ൽ എത്തി, ആ പ്രദേശങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരുന്നു. ഈ വിവരമറിഞ്ഞ ലൈല തന്റെ തോഴിയെ അയച്ചു ഖൈസിനെ തന്റെ പാർപ്പിടത്തിനടുത്തുള്ള ഒരു തോട്ടത്തിൽ വരുത്തി കാണുകയും ഇരുവരും തങ്ങളുടെ ദുഃഖങ്ങളെയും ദുർവിധികളേയുംപററി സംസാരിച്ചു പിരിയുകയും ചെയ്തു. ഈ വാർത്തയും മഹ്ദി അറിയാനിടയായി. തന്റെ പുത്രി ഒരു കാമുകനുമായി അനുരാഗബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്നു എന്നുള്ള ഈ ആക്ഷേപത്തിനു പരിഹാരമായി അയാൾ ലൈലയെ അവിടത്തെ ഒരു പ്രഭുവിന്റെ പുത്രനു വിവാഹംചെയ്തുകൊടുത്തു. എന്നിട്ടു, വിവാഹിതയായ തന്റെ പുത്രിയെക്കുറിച്ചു, ഖൈസ്, കവിതകളുണ്ടാക്കി പ്രചരിപ്പിക്കുന്നുവെന്നും മററും ഖലീഫയുടെ സമക്ഷം മഹ്ദി സങ്കടംബോധിപ്പിച്ചു. അന്നത്തെ അമവിഖലീഫാ 'അബ്ദുൽമലിക്ബിൻമർവാൻ' ഖൈസിനെ പിടിച്ചുകൊണ്ടുവരാൻ ആളയയ്ക്കുകയുംചെയ്തു. പക്ഷേ ലൈലയുടെ വിവാഹവാർത്ത അറിഞ്ഞ ഖൈസ് ഒരു ഭ്രാന്തനായി ഇതിനിടെ കാട്ടുകേറിക്കഴിഞ്ഞിരുന്നു. അതുമുതല്ക്കാണ് ഖൈസിനെ ആളുകൾ 'മജ്നൂൻലൈലാ' (ലൈലയുടെഭ്രാന്തൻ) എന്നു വിളിച്ചുതുടങ്ങിയതു്. മുലവ്വഹ്, 'മജ്നൂനെ' കാട്ടിൽനിന്നു കൊണ്ടുപോയി വേണ്ട ചികിത്സകൾചെയ്കയും മക്കായിൽ അയച്ചു താമസിപ്പിക്കയുംചെയ്തുവെങ്കിലും ഫലംഒന്നും ഉണ്ടായില്ല.

വിവാഹം നടന്നദിവസം മുതൽ അതികഠിനമായ രോഗം ബാധിച്ചു്, കാററാൾ ഇഹലോകസുഖങ്ങൾ വെടിയേണ്ടിവന്ന ലൈല ഒടുവിൽ ഇഹലോകവാസവും വെടിഞ്ഞു. അധികം താമസിയാതെതന്നെ ലൈലയുടെ ശവകുടീരത്തിനടുത്തുള്ള ഒരു പാറക്കെട്ടിനിടയിൽ മജ്നൂന്റെ മൃതശരീരവും കാണപ്പെട്ടു. പിന്നെ ജനങ്ങളുടെ സൗജന്യത്താൽ ലൈലയുടെ അന്ത്യശയനസ്ഥാനത്തിനടുത്തുതന്നെ മജ്നൂന്റെ ശരീരത്തിനും ശയിക്കാൻ ഇടം ലഭിച്ചു' (മജ്നൂന്റെ കവിതകളിലൊരു വരിയിൽ ഇങ്ങനെ ഒരാശാപ്രകടനം കാണുന്നുണ്ടു്. 'മരിച്ചുപോയതിനു ശേഷമെങ്കിലും എന്റെയും ലൈലയുടെയും പാർശ്വാസ്ഥികൾ കൂടിക്കലർന്നു ഒരിടത്തു കിടക്കാൻ സാധിക്കുമോ?')

### കഥയുടെ പ്രചാരം

അറബിയിലെ മജ്നൂൻലൈലായുടെ വൃത്താന്തമാണ് പേർഷ്യൻഭാഷയിലും ഹിന്ദുസ്ഥാനിയിലും മററും പ്രചാരത്തിലിരിക്കുന്ന 'ലൈലാമജ്നൂൻ' എന്ന കഥ. മലയാളത്തിലും ഇയ്യിടെ ഈ ആഖ്യാനം ഇംഗ്ലീഷിൽനിന്നു പരിഭാഷപ്പെടുത്തി ശ്രീമാൻ [illegible]കുളം പരമേശ്വരൻപിള്ള എഴുതിയിരുന്നു. മഹാകവി കുമാരനാശാന്റെ ലീലയിലെ കഥാപാത്രങ്ങളായ ലീലയും മദനനും ലൈലയും മജ്നൂനും തന്നെയെന്നു കഥയിൽനിന്നു നിശ്ചയിക്കേണ്ടിയിരിക്കുന്നു. ലീലയിലെ കഥയുടെ ഉത്തരഭാഗത്തിന്റെ പോക്കു മജ്നൂൻലൈലായെ അനുകരിച്ചു മററു കഥാകാരന്മാരുടെ മനോഗതിക്കു കുറെയൊക്കെ വിയോജിച്ചിട്ടാണ് കാണുന്നതു്. ആശാന്റെ വർണ്ണനകൾ പലതും ഈ വിഷയത്തെപ്പററി എഴുതീട്ടുള്ള മററു കവികളുടേതിനേക്കാൾ മെച്ചമായിട്ടുണ്ട്. ലൈലയുടെ ഭർത്താവ് അവളോടു ചെയ്ത പ്രണയപ്രാർത്ഥനകൾ 'ഒരു വിഗ്രഹാരാധകൻ മനോഹരമായ ഒരു വിഗ്രഹത്തെ വലംവച്ചു തന്റെ അഭിലാഷത്തെ കേണു താണപേക്ഷപോലെയായിരുന്നു.' എന്നു ഈജിപ്തിലെ 'കവിരാജൻ' എന്ന അപരനാമത്താൽ അറിയപ്പെടുന്ന 'അഹമ്മദ് ഷൗഖി' വർണ്ണിക്കുന്നു. എന്നാൽ ആശാന്റെ ലീലയിൽ ഈ ഭാഗത്തെ വർണ്ണിക്കുന്നതു കാണുക.

'ഘടനപതിവിലാസി ചെയ്കിലും
പീടമൃഗനേത്ര കൃപാർദ്രയാകിലും
സ്ഫുടകമലിയാതെ മേവിനാൾ
തടശിലപോലെ തരംഗലീലയിൽ'

ഇതു ഷൗഖിയുടെ വർണ്ണനയേക്കാൾ എല്ലാംകൊണ്ടും മെച്ചമായിട്ടുണ്ട്.

ഖൈസിന്റെയും ലൈലയുടെയും പ്രണയവാർത്ത, നോവലുകൾ, നാടകങ്ങൾ, ചെറുകഥകൾ എന്നിങ്ങനെ അറബിയിലും മററു പലഭാഷകളിലുമായി സാഹിത്യലോകത്തു ഒട്ടുവളരെ പുസ്തകങ്ങൾ ഉണ്ടാക്കിത്തീർത്തിട്ടുണ്ട്. ഇവ തൽകർത്താക്കളുടെ ഹിതാനുസാരണം അതാതു ഭാഷയ്ക്കും ദേശത്തിനും ഒത്തപടിയുള്ള വേഷപ്പകർച്ചയോടുകൂടിയാണ് കാണപ്പെടുന്നതു്. മദ്രാസിലെ സുപ്രസിദ്ധതമിഴനോവലെഴുത്തുകാരിയായ 'കോതനായകി അമ്മാളു'ടെ 'ചാരുലോചന' എന്ന ഒരു തമിഴ നോവൽ ഇതെഴുതുന്നയാൾ ഇയ്യിടെ വായിക്കയുണ്ടായി. അഞ്ഞൂറുപുറത്തോളം വലിപ്പമുള്ള ഈ നോവലിലെ കഥയും നമ്മുടെ ലൈലയുടെയും മജ്നൂന്റെയും വൃത്താന്തംതന്നെയാണ്. ഇതിലെ കഥാസാരംകൂടി പറയാം.

'വലിയ [illegible]ല്ലെങ്കിലും മാന്യകുടുംബത്തിൽ ജനിച്ച 'ജയമണി' സൗന്ദര്യത്തിലും സംസ്കാരത്തിലും ബുദ്ധിവൈഭവത്തിലും നിസ്തുല്യയായിരുന്നു. കാലോചിതമായി അവശ്യംവേണ്ട വിദ്യാഭ്യാസം ചെയ്തിട്ടുള്ളതിനുപുറമെ സംഗീതകലയിലും സാമർത്ഥ്യം നേടിയിരുന്ന ഈ തരുണീമണിക്കു ഡാക്ടർ ചാരുഹാസൻ (എം. ബി. ബി. എസ്.) എന്ന സുന്ദരനായ ഒരു യുവാവിൽ പ്രേമം ജനിച്ചു. ജയമണി ശിശുവായിരുന്ന കാലംമുതൽ ചാരുഹാസനു അവളോടുണ്ടായിരുന്ന സ്നേഹം കാലക്രമത്തിൽ പ്രേമമായി കലാശിച്ചു. അവൾ ഒരു കുഞ്ഞായിരുന്നപ്പോൾ മധുരപദാർത്ഥങ്ങളും മററും വാങ്ങിക്കൊടുത്തു സന്തോഷിപ്പിച്ചിരുന്ന അയാൾ ഒടുവിൽ അവൾക്കു ഒരു വൈരമോതിരം സമ്മാനിച്ചു തന്റെ അനുരാഗത്തെ വെളിപ്പെടുത്തി. ചാരുഹാസന്റെ പിതാവ് ഒരു കുബേരനാണ്. ദരിദ്രയായ ജയമണിയുടെ ഗൃഹത്തിലേയ്ക്കു തന്റെ പുത്രന്റെ പോക്കുവരവു പ്രഭുവിനു വലിയ വെറുപ്പായിരുന്നു. മാത്രമല്ല ചാരുഹാസന്റെയും ജയമണിയുടെയും വീട്ടുകാർ വളരെക്കാലമായി ശത്രുക്കളുമാണ്. ചാരുഹാസനു പലേ വിവാഹാലോചനകൾ വന്നുവെങ്കിലും അയാൾ അതിനൊന്നും വഴിപ്പെട്ടില്ല. ജയമണിയുടെ ഇംഗിതമറിഞ്ഞ അവളുടെ മാതാപിതാക്കന്മാർ ചാരുഹാസന്റെ പിതാവിനോടു വിവാഹകാര്യം ആലോചിച്ചുനോക്കി. അയാൾ വിസമ്മതിച്ചതേയുള്ളു. ഒടുവിൽ ജയമണിയുടെ പിതാവ് അവളെ കുബേരനായ ഒരു ഉദ്യോഗസ്ഥനു വിവാഹംചെയ്തുകൊടുത്തു. തന്റെ ഹിതത്തിനെതിരായുള്ള വൈവാഹികജീവിതം നയിക്കാൻ ഇഷ്ടമില്ലാതിരുന്ന ജയമണി വിഷംകുടിച്ചു വിമോചനം നേടുകയും ഇതറിഞ്ഞ ചാരുഹാസൻ ഹൃദയസ്തംഭനംമൂലം നഷ്ടജീവനാവുകയും ചെയ്തു'.

ലൈലാമജ്നൂൻകഥ ഒരു പേർഷ്യൻ സാഹിത്യകാരൻ നിർമ്മിച്ചതാണെന്നു തെററിദ്ധരിച്ചിട്ടുള്ളവരും നമ്മുടെയിടയിൽ ഇല്ലാതെയില്ല. സുപ്രസിദ്ധപേർഷ്യൻകവിയായ നിസാമിയുടെയും മററും ലൈലാമജ്നൂൻ കാവ്യങ്ങളാണ് ഈ ധാരണയ്ക്കു കാരണം. ഭാരതീയകവികൾ സീതാദേവിയുടെ ദുരന്തസ്ഥിതിയെ വർണ്ണിച്ചിട്ടുള്ളതിലേറെ വികാരതരളിതമായവിധത്തിലാണ് പേർഷ്യൻസാഹിത്യകാരന്മാർ ലൈലയുടെ ദുഃഖപര്യവസായിയായ കഥയെപ്പററി പ്രതിപാദിച്ചു കാണുന്നതു്. ഈ ചരിത്രത്തിന്റെ യാഥാർത്ഥ്യത്തെപ്പററി അറിഞ്ഞിട്ടുള്ള അറബിവിമർശകന്മാർ വിവിധാഭിപ്രായങ്ങളാണ് രേഖപ്പെടുത്തിക്കാണുന്നതു്. എന്നാൽ ഉംനാട്ടിലെ ചരിത്രശുദ്ധിയോടുകൂടിയ അനുരാഗത്തിനും ശോകാന്തചരിതനിർമ്മാണത്തിനും ഈ കഥ നല്ല ഒരു മാതൃകയാണെന്നുള്ളതിൽ അവരിലാർക്കും ഭിന്നാഭിപ്രായമില്ല.

—•—

* ചില വേദാന്തപുസ്തകങ്ങളിലും പല വ്യാകരണഗ്രന്ഥങ്ങളിലും ഖൈസിന്റെ കവിതകൾ ഉദാഹരണത്തിനു ചേർത്തിട്ടുണ്ട്. അവയിൽ പലതും ദീവാനു ഖൈസിൽ കാണാത്തതിനാൽ ഖൈസിന്റെ കൃതികൾ മുഴുവൻ ദീവാനിൽ ശേഖരിച്ചിട്ടുണ്ടെന്നു തീർത്തു പറയാവതല്ല.

# ഒരു നേഷൻ എന്നാലെന്ത്

(K. P. A.)

### 1, ഭാഷാപരമായ അടിസ്ഥാനത്തിൽ

അടിസ്ഥാനപരമായ സമൂഹത്തിന് അഥവാ നിശ്ചിതമായ വർഗ്ഗവ്യവസ്ഥയുള്ള ഒരു ജനതയ്ക്ക് നേഷൻ എന്നു പറയും. സമൂഹമെന്നാൽ വെറും സംസാരത്തിൽ ഉടച്ചുപറയാവുന്നത്—ഒരു വർഗ്ഗമോ ജാതിയോ ആണെന്നു ധരിച്ചുകൂടാ. റോമന്മാരും ഗ്രീക്കുകാരും അറബികളും ഒക്കെ കൂടിയാണ് ഇന്നത്തെ ഇററാലിയൻ നേഷൻ സ്ഥാപിച്ചതു്. ഗാൾ, റോമൻ, ട്യൂട്ടൺ, ബ്രിട്ടൺ മുതലായവരിൽ നിന്നാണ് ഫ്രഞ്ചുജനത സൃഷ്ടിക്കപ്പെട്ടതു്. ഇതുപോലെ വിവിധ വർഗ്ഗങ്ങളും വിഭാഗങ്ങളും ചേർന്ന പ്രതിരൂപനേഷനുകളാണ് ബ്രിട്ടീഷുകാരും ജർമ്മൻകാരും.

നേഷൻ ജാതിയേയോ ജനതയുടെ ശാഖാപിരിവുകളെയോ അല്ല കുറിക്കുന്നതു്. പ്രത്യേകചരിത്രംകൊണ്ടു് വേർതിരിക്കപ്പെട്ട ഒരു പ്രത്യേകവിഭാഗത്തെയാണ്. ഒരു പ്രത്യേകചരിത്രമുള്ളവർ—ഒരു പ്രത്യേകനേഷൻെറ ആളുകളാണ്. അലക്സാണ്ടരുടെ യും സൈറസ്സിൻെറയും സാമ്രാജ്യം ഇതിനുദാഹരണമല്ല. ഭിന്നവർഗ്ഗങ്ങളുടെ ഏകനിർണ്ണയാവകാശത്തെ അവയെ നാം ചരിത്രമായിട്ടു പഠിക്കുന്നവെന്നേയുള്ളു ഒരു പ്രത്യേക സംസ്കാരമുള്ള ജനതയുടേതല്ല—അവിചാരിതമായ-സംഭിന്നമായ-യുദ്ധങ്ങൾ കൊണ്ടോ ഒരു വിജിഗീഷുവിൻെറ ജയാപജയങ്ങൾ കൊണ്ടോ ഉണ്ടായ നശിക്കുന്ന വെറും സംഭവങ്ങളുടെ അടുക്കില്ലാത്ത ക്യാററ്ലോഗായിരിക്കും അതു്. ഇങ്ങനെ ഒരു നേഷനെന്നതു് ഔപചാരികമായുള്ളതല്ല—പ്രത്യുത അടിസ്ഥാനപരമായി—തത്വപരമായി ഒരു സ്ഥിരവർഗ്ഗത്തിൻെറ ചരിത്രാംശമാണ്.

സ്ഥിരീകരിക്കപ്പെട്ടിട്ടുള്ള മാനവ വിഭാഗങ്ങൾക്ക് നേഷനെന്ന പേരില്ല. ആസ്ത്രിയയും റഷ്യയും സ്ഥാപിതങ്ങളായ ജനശേഖരങ്ങളാണ്. പക്ഷെ നേഷനായി അവരെ ആരും വകവയ്ക്കുന്നില്ല ഒന്നാമതു് അവയ്ക്കു് ഒരു പൊതുഭാഷയില്ല. എന്നാൽ ഒരു സ്റ്റേററിന് അങ്ങനെ വേണമെന്നുമില്ല. ആസ്ത്രിയയിൽ ചെക്കുകൾക്കും റഷ്യയിൽ പോളണ്ടുകാർക്കും പ്രത്യേകം ഭാഷയുണ്ടു്. നാം പറയുന്നതു് അവിടത്തെ ഗവർമ്മെൻറിൻെറ കാര്യമല്ല ജനവിഭാഗത്തിൻെറതാണെന്നു മനസ്സിലാക്കണം. ഒരു നേഷൻെറ അർത്ഥം സംസാരിക്കാൻ ഒരു പ്രത്യേകഭാഷയും സംസ്കാരവുമുള്ള ജനതയെന്നാണ്.

ഒരു ഭാഷ സംസാരിക്കുന്നവരെല്ലാം ഒരു നേഷനാണെന്നു വരുന്നില്ല ഉദാഹരണമായി അമേരിക്കരും ഇംഗ്ലീഷുകാരും ഒരു ഭാഷയുള്ളവരാണ്. ഐർലണ്ടുകാരും ബ്രിട്ടീഷുകാരും അങ്ങനെതന്നെ. പിന്നെ എന്തുകൊണ്ടു് അവർ ഒരു നേഷനായി പരിഗണിക്കപ്പെടുന്നില്ല

### 2. പ്രാദേശികമായ ചരിത്രത്തിൽ

ഒന്നാമതു് അവർ ഒരുമിച്ചു താമസിക്കാത്തതുകൊണ്ടാണ്. പ്രത്യേക പ്രാദേശികപരിധികളിൽ അധിവസിക്കുന്നതും ഇടവിടാതെ നിലനിൽക്കുന്നതും തലമുറകളിലേയ്ക്കു വ്യാപിക്കുന്നതുമാണ് നേഷൻ. ഇംഗ്ലീഷുകാരും അമേരിക്കരും മുമ്പത. ഒന്നായിരുന്നു. പ്രാദേശികമായി അവർക്കുണ്ടായിരുന്ന ഒരു ഏകീകരണം തകർക്കപ്പെട്ടു്—ഒരു പുതിയ ചരിത്രവും സൃഷ്ടിച്ചുകൊണ്ടു്—ഒരു പുതിയ ദേശമായ അമേരിക്കയിൽ കുടിയേറി—ഒരു പുതിയ തലമുറ സ്ഥാപിച്ചതുകൊണ്ടാണ് അമേരിക്ക ഒരു പ്രത്യേകരാഷ്ട്രമായതു്. പ്രാദേശിക വൈരുദ്ധ്യങ്ങൾകൊണ്ടാണ് സ്വാഭാവികമായി നേഷനുകൾ അവതരിക്കുന്നതു്.

### 3. സാമ്പത്തികമായ ഉല്പാദനത്തിലും വിതരണത്തിലും

പ്രാദേശികവിഭജനംകൊണ്ടുമാത്രം അമേരിക്ക ഒരു നേഷനാണെന്നു തിട്ടപ്പെട്ടില്ല. ആഭ്യന്തരകാര്യങ്ങളിൽ സാമ്പത്തികമായി ഒന്നിച്ചുനീങ്ങുന്ന ഒരു പ്രവർത്തിമണ്ഡലമുള്ളതേ ഒരു നേഷനാവുകയുള്ളു. ഇംഗ്ലണ്ടിനും അമേരിയ്ക്കയ്ക്കും പ്രത്യേകം ധനകാര്യബന്ധങ്ങളാണുള്ളതു്. പലക്കൂട്ടരുള്ള അമേരിക്കതന്നെ ഒന്നായിട്ടു് കണക്കാക്കപ്പെടുന്നതു്—വേലമൂല്യത്തിൻെറ വിതരണവും—ഗതാഗത നയതന്ത്രബന്ധാദികളുടെ ഒത്തൊരുമിച്ചുള്ള നില്പുംകൊണ്ടാണ്. United States of America-U. S. A.) ഒരു ജനതയുടെ സാമ്പത്തികജീവിതം ഒന്നായിട്ടു പഠിക്കാവുന്നതാണ്. തൊഴിൽപരമായ ഉല്പാദനശക്തിയെ വീതിക്കുന്നതിലാണ് അതിൻെറ സ്ഥിരത. വ്യവസായീകരണവും ക്യാപിററാലിസത്തിൻെറ പ്രചരണവും ഒരു നേഷനെ ഒന്നിച്ചുനിറുത്തി—മുന്നോട്ടോ-പശ്ചാത്തേയ്ക്കോ-- കൊണ്ടുപോകാൻ കഴിവുള്ള കാരണതത്വ (factors ങ്ങളാണ്. ഭൂമിഉടമ (Feudalism) യുടെ കൈയിൽനിന്നും മുതൽമുടക്കുയുഗ (Capitalism)ത്തിലേയ്ക്കു് വ്യാപിക്കുമ്പോൾ സംഘടിതമായ സാധനകൈമാററം --പ്രവൃത്തിനിയന്ത്രണം—പട്ടാളം—മററുഇടപാടുകൾ ഇവ വേണ്ടിവരും. ഇങ്ങനെ നാഷണൽ ആയിട്ടു് കേന്ദ്രീകരണം ഒഴിച്ചുകൂടാൻ വയ്യാതെയാകും. സാമ്പത്തികമായ ഒരു ഘടകന്യായമാണ് നേഷനെ ഉറപ്പിക്കുന്നതു്.

### 4. മാനസികമായ ഐകരൂപ്യത്തിൽ

വിഭിന്നങ്ങളായ പരിസരങ്ങളെ ഓരോ രാജ്യക്കാർക്കും ഓരോ അവസരങ്ങളിൽ നേരിടേണ്ടിവരും. ഈ സന്നദ്ധത അനുസരിച്ചു് "മാനസികമായ നിലനില്പു" (existence) ബോധം ഓരോ നേഷനും അതിൻെറ ഭൗതികമായ—പരിതഃസ്ഥിതികൾക്കനുഗുണം വ്യത്യാസപ്പെടും. ഒരു ഇംഗ്ലീഷുകാരൻെറയും റഷ്യാക്കാരൻെറയും സംസ്കാരവ്യത്യാസം അവർ നിലനില്ക്കാൻവേണ്ടി ചെയ്ത പടവെട്ടിനനുസരണം മാറിക്കൊണ്ടിരിക്കും.

ചരിത്രത്തിൽനിന്നും ഉണ്ടായി—ഭാഷകൊണ്ടു സ്ഥിരപ്പെട്ടു്—പ്രാദേശികമായും സംസ്കാരികമായും സാമ്പത്തികമായും ഒരേ കൈയിൽ പ്രവർത്തിക്കാനിടയുള്ള: ഒരു കമ്മ്യൂണിററിയാണ് നേഷൻ.

ചരിത്രത്തിലെ സംഭവങ്ങൾ മാറുക എന്ന സ്വഭാവമുള്ളതാണ്. പക്ഷേ അതു സൃഷ്ടിക്കുന്ന സ്വഭാവം ഒന്നായിരിക്കും മേല്പറഞ്ഞ തത്വങ്ങളാൽ കെട്ടപ്പെടാതെ—ഭിന്നരാജ്യങ്ങളിൽ—ഭിന്നസംസ്കാരങ്ങളിൽ ഒരു രാഷ്ട്രം ഒതുങ്ങി നിൽക്കുകയില്ല ഇതിൽ ഒന്നിൻെറ അഭാവത്തിൽ അല്ലെങ്കിൽ മറെറാന്നിനോടുകൂടിയൊണ്ടാണ്—ഇൻഡ്യയിലെ ആംഗ്ലോഇൻഡ്യന്മാർ—ഇന്ത്യൻചരിത്രത്തിലെ ഒരു ഘടകമായി—ഇന്ത്യാക്കാരായി മാറാൻ ശ്രമിക്കുന്നതു്.

—o—

ചെറുകഥ

# അനർഘഭാഗ്യം

ചക്കനാട്ടു വാസുപിള്ള

വണ്ടി ഒരു ഞരക്കത്തോടുകൂടി ആലുവാ സ്റ്റേഷനിൽനിന്നു. ഓരോ കമ്പാർട്ടുമെൻറിലും നോക്കി നടന്ന ഒരു വൃദ്ധൻ ഞാൻ ഇരുന്നിരുന്ന മുറിയിൽ കയറി. സംസാരിക്കുവാൻപോലും ആരെയും കിട്ടാതെ ഏകാകിയായി ആ ചെറിയ മുറിയിൽ ഇരുന്ന ഞാൻ പത്രക്കാരൻ പയ്യനോടു അന്നത്തെ പത്രം ഒരെണ്ണം വാങ്ങി. വൃദ്ധൻ എനിക്കെതിരെയുള്ള ബഞ്ചിൽ ഇരുന്നു. ഏകനായിരുന്നതിൽ അസഹ്യപ്പെട്ട ഞാൻ കൂട്ടിനു കിട്ടിയ വൃദ്ധനെ കണ്ടതിൽ കൂറേക്കൂടി അസഹ്യപ്പെടുകയാണുണ്ടായതു്. ചില ഗ്രാമറോഡുകളിൽ ഷഷ്ടിപൂർത്തികഴിഞ്ഞ കൈചൂണ്ടിബോർഡുപോലെ, വെളുപ്പും, കറുപ്പും ഇടകലർന്നുകൂടിയ ഒരുവശത്തേക്കു കെട്ടിവച്ചു. നരച്ചമീശയും ഏകദേശം രണ്ടുമാസത്തിൽ കൂടുതലായി മുഖം ക്ഷൗരം ചെയ്യാതിരിക്കുന്ന അയാളുടെ ഓററമുണ്ടും കച്ചത്തോർത്തും ചേർന്നുള്ള വേഷം ഏകാന്തതയേക്കാൾ കൂടുതലായി എന്നെ മുഷിപ്പിക്കയാണ് ചെയ്തതു്. പത്രം വായിക്കുന്നതിനിടയിൽ ചിലപ്പോഴെല്ലാം ഞാൻ വൃദ്ധനെയും നോക്കുന്നുണ്ടായിരുന്നു അപ്പോഴെല്ലാം അയാൾ എന്നിൽ ദത്തശ്രദ്ധനായി കാണപ്പെട്ടു.

ഒല്ലൂർസ്റ്റേഷനിൽനിന്നും വണ്ടിവിട്ടപ്പോൾ ഞാൻ എൻെറ കോട്ടു് എടുത്തുധരിച്ചു. വൃദ്ധൻ കുശലപ്രശ്നം ആരംഭിച്ചു. ഇതുവരെയെങ്കിലും ബോറചെയ്യാതിരുന്നതിൽ വൃദ്ധനോടു എനിക്കു ബഹുമാനം തോന്നി.

"കുഞ്ഞു് ഇറങ്ങുകയാണോ?" വൃദ്ധൻ ചോദിച്ചു.

"അടുത്ത സ്റ്റേഷനിൽ" ഞാൻ പ്രതിവചിച്ചു.

"വീടു തൃശ്ശൂരാണോ"?

"അല്ല. എറണാകുളത്തു്"

"ഇവിടെ എവിടെ പോകുന്നു."

"ഒരു സ്നേഹിതനെ കാണാൻ".

"പഠിക്കുകയാണോ?"

എനിക്കു അല്പം ശുണ്ഠിവന്നു. എങ്കിലും പതിനഞ്ചു മിനിററിൽ അധികം ഇല്ലല്ലോ എന്നോർത്തു സമാധാനപ്പെട്ടു. പുറകെവരാവുന്ന ഏതാനും ചോദ്യങ്ങൾക്കുകൂടി ഞാൻ ഒന്നിച്ചു ഉത്തരം പറഞ്ഞു.

'ഞാൻ തിരുവനന്തപുരത്തു കാളേജിൽ പഠിക്കുന്നു. ബി. എല്ലിനു്. നാലു ദിവസം ഒഴിവുകിട്ടിയതുകൊണ്ടു ഒരു സ്നേഹിതനെ കാണാൻ പുറപ്പെട്ടതാണ്.

എന്നിൽനിന്നും എന്തെങ്കിലും ചോദ്യങ്ങൾ പ്രതീക്ഷിച്ചായിരിക്കാം. ആ വൃദ്ധൻ അല്പനേരം മൗനമായിരുന്നതിനുശേഷം തുടർന്നു.

'പത്തുപതിനാലു വർഷം മുമ്പു ഞാൻ ഒരിക്കൽ നാലു തല്ലിയതിനു പിണങ്ങി വീട്ടിൽനിന്നും ഇറങ്ങിപ്പോയ എൻെറ അനന്തിരവനെപ്പററി കുഞ്ഞിനെ കണ്ടപ്പോൾ ഓർമ്മവന്നു. ഇതേനിറം, ഇതേ ശരീരപ്രകൃതം, ഏകദേശം ഈ പ്രായവും വരും.

ഞാൻ—ഇല്ല. എനിക്കു അമ്മാവന്മാരെ ഇല്ല. ചെറുപ്പത്തിലെ അച്ഛനമ്മമാർ മരിച്ചുപോകയാൽ ചിററപ്പൻെറകൂടെയാണ് താമസിച്ചിരുന്നതു്. ആലപ്പുഴയിൽ.

'അല്ല, എനിക്കു ആ ഓർമ്മവന്നുപോയി കഷ്ടം! അവനെപ്പററി ഞാൻ എന്തെല്ലാം ആശിച്ചിരുന്നു. അമ്മാവനായാൽ അനന്തിരവരെ ചിലപ്പോഴെല്ലാം ശാസിച്ചെന്നു വരികയില്ലേ?'

'ഞാൻപറഞ്ഞു'—നിശ്ചയമായും. കുട്ടികൾ നന്നാകാനല്ലേ അതു്. അതിനു വീടുവിട്ടുപോകുന്നതുമററം ബുദ്ധിയില്ലായ്മയാണ്.

വൃദ്ധൻെറ കണ്ണുകൾനിറഞ്ഞു. കൂടക്കൂടെ അയാൾ കണ്ണുതുടയ്ക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഒരു വ്യസനഭാവം അയാളുടെ മുഖത്തു സ്ഫുരിക്കുന്നതായി എനിക്കു തോന്നി. അതു് പുതിയ ഒരുതരം ചൂഷണസമ്പ്രദായമാണോ എന്നു ഞാൻ സംശയിച്ചു. അടുത്തപടി എന്തെങ്കിലുംസഹായാപേക്ഷയായിരിക്കും, അതിനുമുമ്പേ വണ്ടി സ്റ്റേഷനിൽനില്ക്കണേ എന്നു് ഞാൻ പ്രാർത്ഥിച്ചു.

'കുഞ്ഞിൻെറ മേൽവിലാസം ഒന്നുകുറിച്ചുതരുമോ?

ഞാൻ അല്പം ആലോചിച്ചു. കടലാസെടുത്തു ഞങ്ങളുടെ 'മലംപൂസി'ൻെറ മേൽവിലാസം എഴുതി വൃദ്ധനുകൊടുത്തു.

(ശേഷം പത്താംപേജിൽ)

THE PUNJAB NATIONAL BANK LTD.

H. O. Lahore. Established in 1895.

Working Capital exceeds Rs. 75 Crores.

Over 250 offices through out India.

Branches of the Bank have been opened at

1/45, Mattancherry, Cochin (Cochin State)

and at

New Bazaar, Alleppey (Travancore State).

H. L. Bedi,
District Manager,
Bombay Circle.

Yodh Raj,
Chairman and
General Manager.

(പത്താംപേജിൽനിന്നും തുടർച്ച)

ണ്. ശുദ്ധിചെയ്ത ബാക്സൈറ്റ്, ഉരുകിയ ക്രയോലൈറ്റിൽ ലയിപ്പിച്ച്, ഇരുമ്പുകൊണ്ടുള്ള ഇലക്ട്രിക് ചൂളയിൽ ഇട്ട് ഇലക്ട്രോളൈസ് ചെയ്യുന്നു. 900°C-ൽ അലൂമിനിയം വേർപെട്ട് ദ്രാവകരൂപത്തിൽ അടിയുന്നു. ഒരു ദ്വാരത്തിൽക്കൂടെ അതിനെ വെളിയിലേക്കെടുക്കുന്നു. ഇതാണ് അലൂമിനിയനിർമ്മാണത്തിന്റെ ഒരു സാമാന്യ വിവരണം.

അലൂമിനിയത്തിന്റെ വർണ്ണം രജതവും നീലവും നിറങ്ങൾ കലർന്നതാണ്. നനവുള്ള വായു അതിൽ ഏററാൽ ഏറെ നാൾകൊണ്ട് ഒരു നേരിയ മൂടൽ ഉണ്ടാകും. വിവിധ അമ്ലങ്ങൾ വിവിധതരത്തിൽ അതിനെ ആക്രമിക്കുന്നു.

ഇന്ത്യയിൽ അലൂമിനിയം ഇപ്പോഴും അധികമായി നിർമ്മിച്ചുതുടങ്ങിയിട്ടില്ല. വർഷംതോറും 50 ലക്ഷം ഉറുപ്പികയുടെ ഈ ലോഹവും അതിനാൽ നിർമ്മിക്കപ്പെട്ടിട്ടുള്ള മററ സാധനങ്ങളും ഇറക്കുമതി ചെയ്യുന്നുണ്ട്. എന്നാൽ ഇന്ത്യയിൽ ഇതിന്റെ ലോഹമണ്ണ് ധാരാളമായുണ്ട്. ബോംബെ, സി. പി. എന്നീ പ്രാവിൻസുകളിലും ബീഹാറിൽ റാഞ്ചി, പാലമൌ എന്നീ ഡിസ്ട്രിക്ടുകളിലും 'ബാക്സൈറ്റ്' എന്ന ധാതുസംയുക്തം വളരെയധികം ലഭിക്കുന്നു. ബാക്സൈറ്റിൽനിന്ന് ലോഹത്തെ വേർതിരിക്കുന്നതിന് ഇലക്ട്രിസിററി സുലഭമായും ചിലവു കുറഞ്ഞും കിട്ടേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിൽ ഇതു പള്ളിവാസലിൽനിന്നും ലഭിക്കുന്നു. കുറച്ചു വർഷങ്ങൾക്കുമുമ്പുവരെ ബാക്സൈറ്റ് എണ്ണ ശുദ്ധിയാക്കുന്നതിനും സിമന്റ്, വേഗം ഉരുകാത്ത ഇഷ്ടിക, ഇവ ഉണ്ടാക്കുന്നതിനും ഉപയോഗിച്ചിരുന്നു. ഒരു അലൂമിനിയം ഉരുക്കുവ്യവസായം (Smelting Industry) ഇന്ത്യയിൽ സംസ്ഥാപിതമാക്കുന്നതിന് കുറച്ചു മുമ്പു ശ്രമങ്ങൾ നടത്തിയിരുന്നു. എന്നാൽ ഇൻറർനാഷണൽ അസ്സോസിയേഷൻ സംയോജിപ്പിച്ചിട്ടുള്ള ഒരു പ്രധാന കമ്പനിയുടെ സഹായമില്ലാതെ അതു പ്രവൃത്തിമുഖമാക്കുന്നതു സാധ്യമല്ലാതെ വന്നു. ബ്രിട്ടീഷ്, കനേഡിയൻ താല്പര്യങ്ങളെ പ്രതിനിധീകരിക്കുന്ന അലൂമിനിയം കോർപ്പറേഷൻ ഇതിന്റെ ഉല്പാദനസാധ്യതകളെ ആരാഞ്ഞതിന്റെ ഫലമായി തിരുവിതാംകൂറിൽ ആലുവായിൽ അലൂപുരം എന്ന സ്ഥലത്തു ഒരു ഫാക്ടറി സ്ഥാപിക്കയും അതു 1943-മുതൽ വിജയകരമായി പ്രവർത്തനം നടത്തുകയും ചെയ്തുവരുന്നു. എന്നാൽ അതിന്റെ ഉൽപാദനത്തിനുള്ള അസംസ്കൃതസാധനങ്ങൾ ബീഹാർ മുതലായ സ്ഥലങ്ങളിൽനിന്നുമാണ് കൊണ്ടുവരുന്നതു. തിരുവിതാംകൂറിൽ അലൂമിനിയം വേർതിരിച്ചെടുക്കുന്ന കൃത്യം മാത്രമേ നടത്തുന്നുള്ളു. അതിനുള്ള ഇലക്ട്രിസിററി ഇവിടെ സുഗമമായി ലഭിക്കുന്നുണ്ടല്ലോ. കട്ടികളായോ, അഴികളായോ ആണ് അതു ചൂളയിൽനിന്നു കിട്ടുന്നതു. വിവിധ തരത്തിലുള്ള പാത്രങ്ങൾ, വൈദ്യശസ്ത്രങ്ങൾ മുതലായതു നിർമ്മിക്കുന്നതിനും ഇവിടെ ശ്രമം തുടങ്ങിയിട്ടുണ്ട്.

അലൂമിനിയ നിർമ്മാണവ്യവസായത്തിന്റെ സ്ഥാപനം രാജ്യത്തിന്റെ വ്യവസായീകരണത്തിലുള്ള ഒരു പ്രധാന പുരോഗമനമാകുന്നു. അലൂമിനിയത്തിന്റെ ഉല്പാദനം കഴിഞ്ഞ യുദ്ധകാലങ്ങളിൽ അനേകമടങ്ങു വർദ്ധിച്ചിട്ടുണ്ട്. അമേരിക്കാ, ക്യാനഡാ, എന്നീ ഗവൺമെൻറുകൾ ഏറെ പണം ചെലവാക്കി അവിടത്തെ അലൂമിനിയം ഉല്പാദനത്തെ വികസിപ്പിക്കാൻ വളരെ ശ്രമിക്കുന്നു.

അലൂമിനിയം വളരെ അധികം ഉപയോഗസാധ്യതകളുള്ള ഒരു ലോഹമാണ്. യുദ്ധകാലങ്ങളിൽ വിമാനനിർമ്മാണത്തിനും സമാധാനകാലത്തു ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും മററ ഇഞ്ചിനീയറിംഗ് നിർമ്മാണങ്ങൾക്കും അലൂമിനിയം കൂടുതൽ കൂടുതൽ ഉപയോഗിച്ചുവരുന്നു. അലൂമിനിയം ബ്രാൺസ് (അലൂമിനിയം, ചെമ്പ് ഇവയുടെ സംയുക്തത്തിന് സ്വർണ്ണനിറമാണുള്ളതു. ഉരുക്കിനോടു അല്പം അലൂമിനിയം കലർത്തിയാൽ അതിനെ ദ്രവിക്കുന്നതിൽനിന്നും സംരക്ഷിക്കാം. അലൂമിനിയത്തകിട്ട ചോക്ലേററുപൊതിയുന്നതിനും അലൂമിനിയപ്പൊടി ചായമുണ്ടാക്കുന്നതിനും ഉപയോഗിക്കപ്പെടുന്നു. മഞ്ഞുമൂടിയപ്രദേശംപോലെ തിളങ്ങുന്ന ഗൃഹങ്ങൾ നിർമ്മിക്കുന്നതിനും വെള്ളിയുടെ സമാനമായതും എന്നാൽ വിലകുറവുള്ളതുമായ ഗൃഹോപകരണങ്ങൾ ഉണ്ടാക്കുന്നതിനും ഘനം കുറഞ്ഞതും എന്നാൽ ബലമുള്ളതുമായ അലൂമിനിയലോഹം പററിയതാണ്. ഇങ്ങനെ വിവിധപ്രകാരത്തിൽ ഉപകാരമുള്ള ഈ ലോഹത്തിന്റെയും അതിന്റെ സംയുക്തങ്ങളുടെയും വലിയതോതിലുള്ള നിർമ്മാണത്തിന് ഇന്ത്യയിലെ ഏതു വ്യാവസായികപദ്ധതികളിലും സ്ഥാനമുണ്ടായിരിക്കേണ്ടതാണ്.

---

ഗ്രന്ഥവിഹാരം

# അഭയാർത്ഥി

ഗ്രന്ഥകർത്താ,
പുത്തൂർ നാരായണൻനായർ

പ്രിന്റ്
കമലാലയപ്രസ്സ്, തിരുവനന്തപുരം.

പേജ് ൧൫൪. വില ൧-രൂ. ൮ ണ.

സാഹിത്യലോകത്തിൽ അഭയാർത്ഥിത്വം വഹിക്കുന്ന ഗ്രന്ഥകർത്താവ് ഒരു വിദ്യാർത്ഥിയാണ്. അഭയാർത്ഥിക്കു അഭയം കൊടുത്തിട്ടുള്ളതു ശ്രീ. ഗുപ്തൻനായരവർകളാണ്, അഥവാ ഗ്രന്ഥകർത്താവ് അഭയകേന്ദ്രമാക്കിയിട്ടുള്ളതു ശ്രീ ഗുപ്തൻനായരവർകളെയാണ്. ഗ്രന്ഥകർത്താവിന്റെ ഈ ഉദ്യമപ്രാരംഭം വിദ്യാലയജീവിതത്തിന്റെ വിജയലബ്ധിക്കു വേണ്ടുന്ന ധനാഭ്യർത്ഥന രൂപമെടുത്തതാണെന്ന പരമാർത്ഥത്തിനു ഒരു മഹോപാദ്ധ്യായൻ ആമുഖം വച്ചുകൊടുക്കുന്നുമുണ്ട്. ഈ ദൈന്യചിന്തകൾ, അഥവാ ധർമ്മചിന്തകൾ, അവതാരികാകാരനേയും ആമുഖകാരനേയും അഭിപ്രായദാനത്തിൽ മഹാമനസ്കരാക്കിയെന്നു അഭിമാനിക്കത്തക്ക നിലയിൽ എത്തിച്ചേർത്തിരിക്കാം. ഗ്രന്ഥപരിശോധനയിൽ ഈ ഉപാധികൾക്കു പ്രാധാന്യം കൊടുക്കേണ്ട ആവശ്യം ഒരു പരിശോധകനു നേരിടുന്നില്ല. അഭയാർത്ഥി ഏഴു ചെറുകഥകളെ ഉൾക്കൊള്ളുന്നു. കഥാശരീരത്തിലെ ഈ സപ്തധാതുക്കളിൽ ഒരു വിദഗ്ദ്ധപരിശോധന ചെയ്യണമെന്നു വിചാരിക്കുന്നില്ല. "എന്റെ പ്രസ്താവനയ്ക്കു ഈ കഥകൾ തെളിവുതരുന്നില്ലെങ്കിൽ ഞാനാണതിനുത്തരവാദി" എന്നു ഇതേവരെ ഉണ്ടായിട്ടില്ലാത്തവിധം അവതാരികാകാരനായ മി. ഗുപ്തൻനായർ സത്യപ്രതിജ്ഞചെയ്തു മററുള്ളവരുടെ പാപപരിഹാരത്തിനു ദൈവപുത്രനായി, അല്ലെങ്കിൽ സ്വന്തം വൈദഗ്ദ്ധ്യത്തെ അതിർകടന്നു സംഭാവന ചെയ്യുവാനായി മുന്നോട്ടു വന്നില്ലായിരുന്നെങ്കിൽ ഒരു സാമാന്യപരിശോധനയ്ക്കു വിധേയമാക്കി നമുക്കിതു വിടമേണ്ടിയിരുന്നതേയുള്ളു. കക്ഷിയെ വെറുതെ വിടണമെന്നുണ്ടായിട്ടും അയാളെ ശിക്ഷിക്കാതെ വിടരുതെന്നു ആ കക്ഷിയുടെ വക്കീൽതന്നെ വാദിക്കുന്നുവെന്നു പറഞ്ഞുപോയ ന്യായാധിപന്റെ കഥയാണു നമുക്കിതിൽ ഓർമ്മയിൽ വരുന്നതു.

'ഗ്രാമീണദേവത' ഇതാണു ആദ്യകഥ. നമ്മുടെ രാജ്യത്തുള്ള ഒരു ഇടനാടൻ പ്രദേശത്തിന്റെ ചിത്രം, കൃത്രിമമോടികൾ പിടിപ്പിക്കാതെ ഗ്രന്ഥകർത്താവു കാട്ടിത്തരുന്നുണ്ട്. അപ്പച്ചിയുടെ മകളെ പ്രേമവസ്തുവായി സങ്കല്പിക്കാവുന്ന ഹിന്ദുക്കളുടെ സമുദായാചാരത്തിൽക്കൂടി ഈ ഗ്രാമീണദേവത കുരുന്നുകാലിൽ തളപൂണ്ടകാലത്തിൽനിന്നു നവയൗവനവും വന്നു നാൾതോറും വളരുന്ന പരുവം പ്രാപിക്കുന്നു. ഒന്നാമത്തെ അവകാശം ജന്മാവകാശം നമുക്കു എന്നു പറയുന്ന പ്രേമാമൃതത്തിലെ മണികണ്ഠന്റെ അവകാശവാദംകണക്കെ അപ്പച്ചിയുടെ മകളെന്ന വാത്സല്യത്തിൽ അടുത്തുകൂടുന്ന സുധിച്ചേട്ടൻ. പാതിരാവിൽ മഞ്ചുവട്ടിലും മററും വച്ചു ചില പരിരംഭണപ്രസംഗങ്ങളും നടത്തിക്കണ്ടിരിക്കുന്നു. ഗ്രാമീണരുടെ ഇടയിലുള്ള കുടുംബജീവിതക്രമവും സംഭാഷണവിധവും സ്വാഭാവികതയ്ക്കു അനുഗുണമാക്കുന്നതിൽ ഗ്രന്ഥകർത്താവു അഭിനന്ദനീയനായിട്ടുണ്ട്. സുധിച്ചേട്ടൻ കാശ്മീരിലേക്കും ആഗസ്റ്റ് വിപ്ലവത്തിൽപ്പെട്ടു ജയിലിലേക്കും ഗ്രാമീണദേവത മററാരുടെ ഭാര്യാപദവിയിലേക്കും മാറിപ്പോകുന്നു. അങ്ങനെയൊക്കെ ആവുന്നതെയുള്ളുവെന്നു നമുക്കു സമാധാനിക്കാം. ഗാന്ധിയൻ മാർഗ്ഗത്തിലെ ബ്രഹ്മചര്യാശ്രമമായ ജയിൽവാസം കഴിഞ്ഞു പുറത്തിറങ്ങുന്ന പലരെപ്പോലെ സുധിച്ചേട്ടനും അപായരഹിതമായ പതിതോദ്ധാരണത്തിൽതന്നെ ശരണത്രയീധ്യാനനായിത്തീരുന്നു. പണ്ടുപകാരം ചെയ്ത അപ്പച്ചിയുടെ മകളെ ആ പരമോദ്യയെ ഭർത്തൃഗൃഹത്തിൽ വച്ചു ഈ രസ്ധാനപേക്ഷി കണ്ടുമുട്ടുന്നു. മൂന്നാർക്കൊല്ലം ജയിൽവാസം കഴിഞ്ഞു തിരിച്ചെത്തിയ സുധിച്ചേട്ടന്റെ തനിപ്പകർപ്പിൽ ഒരു വർഷം തികയാത്ത ഓമനയുടെ കൊച്ചോമനയെ കാണാൻ അവർക്കു സാധിക്കുന്നു. അമ്പോ, ഗാന്ധാരിയുടെ മുട്ട, എന്തിനു ഓമനേയെന്നിട്ടാവിളിച്ചു, അവളും അവനും കണ്ണുനീർവാർക്കുന്നു. പക്ഷേ, മദ്യപാനിയായ അവളുടെ ഭർത്താവു അപ്പോൾ അവിടെ വന്നുകേറാത്തതു സുധിച്ചേട്ടന്റെ ഭാഗ്യം. എന്തൊരവതാരികാകാരൻ അഭയാർത്ഥിയിൽ ദർശിക്കുന്ന ആദർശപ്രേമം. തരക്കേടുണ്ടോ?

വക്കീൽ ഗോപാലൻനായരുടെ മകളും കൃഷ്ണൻകുട്ടിയും ആയ ആരംഭിക്കുന്ന രണ്ടാമത്തെ കഥ, കഥാസമ്പ്രദായത്തിൽപ്പെടുന്നു. ഇന്നത്തെ ഗുരുശിഷ്യബന്ധം സംബന്ധത്തിലും, അസംബന്ധത്തിലും എത്തിച്ചേർന്നിട്ടുള്ള പലതരം കഥകൾ കണ്ടും കേട്ടും അറിഞ്ഞിട്ടുള്ള നമുക്കു കൃഷ്ണൻമാസ്റ്റർ ഈ കഥ പറയാൻ തുടങ്ങുമ്പോൾതന്നെ ഒരു ഞെട്ടിപ്പുതോന്നിത്തുടങ്ങും. (പരുപരുത്ത ഖദർസാരി അവളുടെ പാറിപ്പറന്നപ്പോൾ നിറഞ്ഞുമുററിയ മാറിടം കുതിച്ചുപൊങ്ങി,) കൃഷ്ണൻമാസ്റ്റർ തന്റെ ശിഷ്യയെ വർണ്ണിക്കുന്നതിലെ ഒരു സാമ്പിൾ വാചകമാണു. ഈ കഥയെ സംബന്ധിച്ചു മി. ഗുപ്തൻനായർ പറയുന്നതുകൂടി നാം ശ്രദ്ധിക്കണം. ആ കവിഹൃദയം മൃദുലവും സംസ്കാരസമ്പന്നവുമാണ്. ഓരോ കഥയും ഓരോ വാചകവും അതു തീർത്തു പറയുന്നു.

മി. നാരായണൻനായർ കൃഷ്ണൻമാസ്റ്ററെ അസന്മാർഗ്ഗികമായ ഇടയെടലിൽ പെടുത്താതെ കഥ അവസാനിപ്പിച്ചിട്ടുണ്ട്. അതിൽ അദ്ദേഹത്തെ അഭിനന്ദിക്കേണ്ടിയുമിരിക്കുന്നു. വേലയും കൂലിയുമില്ലാതെ നാട്ടിമ്പുറങ്ങളിൽ കുത്തിപ്പറിക്കാരായി പകൽ കഴിഞ്ഞുകൂടുന്ന ചില കൊച്ചമ്പ്രാക്കന്മാർ പുലമാടങ്ങളിൽ വെള്ളത്തമുട്ടിടിക്കുവാൻ പോകുന്നതുനിമിത്തം ആ സാധുക്കൾ അനുഭവിക്കേണ്ടിവരുന്ന ദുരന്തദുരിതങ്ങളാണു ഏഴകൾ വഴിക്കു ഗ്രന്ഥകർത്താവു നമ്മെ പരിചയപ്പെടുത്തുന്നതു. ഇക്കഴിഞ്ഞ മഹായുദ്ധത്തിൽ സൈനികസേവനത്തിലേർപ്പെട്ടുപോയ പല യുവാക്കന്മാരെയും സംബന്ധിക്കുന്നതായി സംഭാവന ചെയ്തുകൊണ്ടു ഈയാംപാററകൾപോലെ ഇന്നത്തെ പ്രസിദ്ധീകരണശാലകളിൽ പാറുന്ന പാററകളുടെ ചെറുകഥകളിലൊന്നിന്റെ ഭേദപ്പെട്ട ഒരു ചിത്രവിശേഷമാണു പ്രതീക്ഷ.

ഒരുകാലത്തു ബ്രാഹ്മണർ, ശൂദ്രരുടെ വിദ്യാഭ്യാസത്തിനു പ്രതിബന്ധമായി നിന്നതുപോലെ, തങ്ങൾക്കു വേലക്കാരെ കിട്ടുവാൻ ഇന്നത്തെ പ്രഭുജനങ്ങൾ അവശസമുദായക്കാരെ അടിച്ചമർത്തിവച്ചിട്ടുള്ളതിനേയും അതിൽനിന്നു വഴുതിയ ചില വ്യക്തികളുടെ തിരിച്ചടയേയുമാണു തമ്പുരാൻ എന്ന കഥയിൽ പെടുത്തിയിരിക്കുന്നതു. ആറാമത്തെ കഥയാണു അഭയാർത്ഥി. സ്വന്തം ചരിത്രം ഒത്തുപണയപ്പെടുത്തി സ്വപുത്രനെ ഉന്നതവിദ്യാഭ്യാസംചെയ്യിക്കുന്ന മാതാവിന്റെ ഉദ്ദേശ്യശുദ്ധിയറിയാതെ പിച്ചനായി തെണ്ടിത്തിരിയുന്ന അഭയാർത്ഥി അനുകമ്പാർഹനായിട്ടുണ്ട്. കൂട്ടുകാരൻ എന്ന ഒടുവിലത്തെ കഥ നമ്മുടെ ദേശീയപ്രബുദ്ധതയുടെ തീപ്പൊരിപാഠമാണ്. ഗ്രന്ഥകർത്താവിന്റെ ആദർശപ്രവണതയുടെ അഗ്നിപരീക്ഷയായി ഇതിനെ പരിഗണിക്കാം.

അവക്രമായ ഭാഷാരീതി, ഒരു കവിതയിലെന്നപോലെ ഹൃദയഹാരിയായി അനുഭവപ്പെടുന്ന പ്രകൃതിവർണ്ണന, ദേശാഭിമാനോദ്ദീപകങ്ങളായ വികാരസ്ഫുലിംഗം ആദർശപ്രവണത തുടങ്ങി പലതും അഭയാർത്ഥിയെ പ്രത്യേകതപ്പെടുത്തുന്നുണ്ട്. സംഭാഷണങ്ങളിൽ സരസമായ വൈചിത്ര്യഭിക്ഷയും, സ്വാഭാവികതയുടെ സ്വച്ഛന്ദതയെ സസ്പർശം ദർശിക്കാവുന്ന പാത്രസൃഷ്ടിയും ഗ്രന്ഥകർത്താവിനു ഒരു ഭാസുരമായ ഭാവിയുണ്ടെന്നു വിളംബരംചെയ്യുന്നു. ഈ സാഹിത്യസിദ്ധികൾ കാവ്യധർമ്മാനുഗുണമായ നിദിധ്യാസംകൊണ്ടും പാണ്ഡിത്യോപാസനംകൊണ്ടും പരിപുഷ്ടമാകേണ്ടതായിത്തന്നെ ഇരിക്കുന്നു.

സി. എം. പി.

—o—

## ടാക്കീസ്

അമ്പലപ്പുഴ ഗോപിടാക്കീസിൽ

V. A. ചെല്ലപ്പാ, ശാമ, T. R. മഹാലിംഗം, K. L. V. വസന്ത, സന്താനലക്ഷ്മി മുതലായവർ അഭിനയിച്ച

**ഭക്തഹനുമാൻ**

തമിഴ് പുരാണചിത്രം.

കൊല്ലം S. M. P. പാലസ്സിൽ

കണ്ണാംബ, സുബ്ബറാവു, നാഗേശ്വരറാവു, വരലക്ഷ്മി, എം. പി. രഞ്ജന, ശാന്തകുമാരി മുതലായവർ അഭിനയിച്ച

**മായാലോകം**

ചവറ ബേബിടാക്കീസിൽ

ഹൊന്നപ്പഭാഗവതർ, ശാമ, കെ. എൽ. വി. വസന്ത, കെ. കെ. പെരുമാൾ. കൃഷ്ണൻ, മധുരം മുതലായവർ അഭിനയിച്ച

**രാജരാജേശ്വരി**

സ്വാമിശരണം

ശ്രീ

## ഭൂതനാഥസർവ്വസ്വം

അയ്യപ്പസ്വാമിയുടെ സമ്പൂർണ്ണചരിത്രം

മൂന്നു ഭാഗങ്ങൾ അടങ്ങിയതു്

ഗ്രന്ഥകർത്താ:- വിദ്വാൻ, കുറുമള്ളൂർ നാരായണപിള്ള

അയ്യപ്പഭക്തന്മാർ അറിഞ്ഞിരിക്കേണ്ട അനവധി കാര്യങ്ങൾ, അനുഷ്ഠാനങ്ങൾ, ശബരിമലയാത്രാവിധി, യാത്രാച്ചടങ്ങുകൾ, പൂജാവിധി, മന്ത്രം, ഗായത്രി, ധ്യാനം, കവചം, ധർമ്മസ്വരൂപനിരൂപണം മുതലായവ അടങ്ങിയ ഒരു വിശിഷ്ട ഗ്രന്ഥം.

വില 1 രു. 8 ണ.

മാനേജർ,
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

ബ്രാഞ്ചുകൾ:— തിരുവനന്തപുരം, ആലപ്പുഴ.

# വാളിനെ വാളുകൊണ്ടു നേരിടണം

## കാൺഗ്രസ്സ് സമ്മേളനത്തിൽ പട്ടേലിൻെറ ആഹ്വാനം

**സ്വാതന്ത്ര്യപരമാധികാരറിപ്പബ്ളിക്ക്, നാട്ടുരാജ്യങ്ങൾ, കാ: തിരഞ്ഞെടുപ്പുവിജ്ഞാപനം, വർഗ്ഗീയാസ്വാസ്ഥ്യം, ആഫ്രിക്ക എന്നിവയെപ്പററി സമ്മേളനം പാസ്സാക്കിയ ഏഴ പ്രമേയങ്ങൾ**

### ൫൪-ാമത്തു സമ്മേളനം സമാപിച്ചു—പുതിയ പ്രവൎത്തകസമിതി അംഗങ്ങളുടെ പേരുവിവരം നാളെ പ്രഖ്യാപിക്കപ്പെടും

(അസോഷ്യേററഡ് പ്രസ്സ്)

മീററ് കാൺഗ്രസ് നഗർ, നവംബർ 23– ആചാര്യകൃപലാനിയുടെ അദ്ധ്യക്ഷതയിൽ കാൺഗ്രസ് പ്രവൎത്തനത്തിന് ഒരു ഞെട്ടിയിരിക്കുന്നവന്ന സമ്പൂർണ്ണസമ്മേളനത്തിൻെറ ആദ്യദിവസംതന്നെ വ്യക്തമായിരിക്കുന്നതായി എ. പി. ഐ. യുടെ പ്രത്യേകലേഖകൻ എഴുതുന്നു. ആറുമണിക്കൂർനേരം നടന്ന ഇന്നത്തെ സമ്മേളനത്തിൽ പണ്ഡിതജവഹർലാൽനെഹ്രുവും സർദാർ പട്ടേലും മുസ്ലീംലീഗിനെയും ലീഗംഗങ്ങളെന്നവിധത്തിൽ പെരുമാറുവാൻ ചുമതലപ്പെടുത്തിയിരിക്കുന്ന തരത്തിൽ പെരുമാറുന്ന സ്ഥിരം ഉദ്യോഗസ്ഥന്മാരെയും ശക്തിയായി വിമർശിച്ചു.

"വാളിനെ വാൾകൊണ്ടുതന്നെ നേരിടണം" എന്ന പ്രഖ്യാപനത്തോടുകൂടിയ സർദാർ പട്ടേലിൻെറ പ്രസംഗം അദ്ദേഹം ചെയ്തിട്ടുള്ളതിൽ വെച്ച് ഏററവും ശക്തിയേറിയതാണെന്നാണ് വിവരിക്കപ്പെടുന്നത്.

#### നാട്ടുരാജ്യങ്ങളെപ്പററിയുള്ള പ്രമേയം

മീററ്, കാൺഗ്രസ്സ് നഗർ, നവ: 24– രണ്ടുദിവസം മുൻപ് വിഷയനിർണ്ണയകമ്മിററി അംഗീകരിച്ചിരുന്ന നാട്ടുരാജ്യങ്ങളെപ്പററിയുള്ള പ്രമേയം അവതരിപ്പിച്ചുകൊണ്ടു അഖിലേന്ത്യാ നാട്ടുരാജ്യപ്രജാസമ്മേളനം പ്രസിഡൻറ ഡാ: പട്ടാഭിസീതാരാമയ്യ പ്രസ്താവിച്ചതു് ഭാവിയിലെ കേന്ദ്രഗവൺമെൻറുമായി ആലോചനകൾ നടത്തുന്നതിലേക്ക് 562 നാട്ടുരാജ്യങ്ങളുടെ കാൺഫെഡറേഷൻ രൂപീകരിക്കുന്നതിനുള്ള ഒരു ഉദ്യമത്തെ സൂചിപ്പിക്കുന്ന രഹസ്യപ്രമാണം താൻ കാണുകയുണ്ടായെന്നാണ്. പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കപ്പെട്ടു.

#### എ. ഐ. സി. സി. സമ്മേളനം

നാളെ രാവിലെ എ. ഐ. സി യുടെ ഒരു യോഗം കൂടുന്നതും പുതിയ പ്രവൎത്തകസമിതിഅംഗങ്ങളുടെ പേരുവിവരം പ്രഖ്യാപിക്കപ്പെടുന്നതുമാണ്.

#### കാ: വിജ്ഞാപനത്തെ സംബന്ധിക്കുന്ന പ്രമേയം

കാൺഗ്രസ്സു തിരഞ്ഞെടുപ്പുവിജ്ഞാപനത്തെ സംബന്ധിക്കുന്ന പ്രമേയം അവതരിപ്പിച്ചു മി: ജയപ്രകാശനാരായണൻ കാൺസ്റ്റിററ്യുവൻറ അസംബ്ളിയിലെ കാൺഗ്രസ്സ് പ്രതിനിധികൾക്ക നൽകേണ്ട നിർദ്ദേശങ്ങൾ തീരുമാനിക്കുന്നതിനായി ഒരാഴ്ചയോളം നീണ്ടുനില്ക്കുന്ന ഒരു എ. ഐ. സി. സി. യോഗം വിളിച്ചുകൂട്ടുവാൻ പ്രസിഡൻറിനോടാവശ്യപ്പെട്ടു. പ്രമേയത്തെ അനുകൂലിച്ച പ്രൊഫ: രംഗ പ്രസ്താവിച്ചതു് അതു മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യൻനാഷണൽകാൺഗ്രസ്സിൻെറ ലക്ഷ്യസിദ്ധാന്തത്തിൻെറയും പ്രവൎത്തനത്തിൻെറയും വളൎച്ചയുടെ പാരമ്യത്തെ കുറിക്കുന്നു എന്നാണ്.

തിരഞ്ഞെടുപ്പുവിജ്ഞാപനത്തിലെ തത്വങ്ങളും പരിപാടിയും മാത്രമല്ല ആഗസ്റ്റ് പ്രമേയത്തിലെ തത്വങ്ങളും പരിപാടിയുംകൂടിയും ഉൾപ്പെടുത്തേണ്ടതാണെന്നൊരു ഭേദഗതി മി: മിത്രപ്രസാദമിത്ര അവതരിപ്പിച്ചു. മി. ശങ്കരറാവുദേവ് പ്രമേയത്തെ അനുകൂലിച്ചു. പ്രമേയം ഭിന്നാഭിപ്രായഗതിക്കാരെ ഒന്നിച്ചുകൊണ്ടുവരുന്നതായി ജയപ്രകാശനാരായണൻ പ്രസ്താവിച്ചു. മി: മിത്രപ്രസാദമിത്രയുടെ ഭേദഗതിയോടുകൂടി പ്രമേയം പാസ്സാക്കപ്പെട്ടു.

#### ൫൪-ാമത്തു കാൺഗ്രസ്സ് സമ്മേളനം സമാപിച്ചു

മീററ് നവംബർ 24 – ഇന്ത്യൻനാഷണൽകാൺഗ്രസ്സിൻെറ 54-ാമത്തുസമ്മേളനം ഇന്നു വൈകുന്നേരം സമാപിച്ചു. കാൺസംബ്ളി, കാൺഗ്രസ്സ് തിരഞ്ഞെടുപ്പു വിജ്ഞാപനം, വർഗ്ഗീയാസ്വാസ്ഥ്യങ്ങൾ മുതലായവയെ സംബന്ധിക്കുന്ന ഏഴ പ്രമേയങ്ങൾ സമ്മേളനത്തിൽ പാസ്സാക്കപ്പെട്ടു.

#### എ. ഐ. സി. സി. പാസ്സാക്കിയ പ്രമേയങ്ങൾ

മീററ്, നവംബർ 24—ഇന്നു എ. ഐ. സി. സി അദ്ധ്യക്ഷസ്ഥാനത്തുനിന്നു അവതരിപ്പിച്ചതു പ്രമേയങ്ങൾ പാസ്സാക്കി. ഒന്നും രണ്ടും പ്രമേയങ്ങൾ ദക്ഷിണാഫ്രിക്കയേയും കിഴക്കേആഫ്രിക്കയേയും സംബന്ധിക്കുന്നതും മൂന്നാമത്തതു് ഇൻഡോനീഷ്യയ്ക്കു ആശംസകൾ അറിയിക്കുന്നതുമാണ്.

നാട്ടുരാജ്യങ്ങളെ പരാമർശിച്ചു ചെയ്ത പ്രസംഗത്തിൽ ഡാക്ടർ പട്ടാഭി സീതാരാമയ്യാ പ്രസ്താവിച്ചതു് കാൺഗ്രസ്സിനു് നാട്ടുരാജ്യങ്ങൾ എന്ന പ്രശ്നം അവഗണിക്കാൻവയ്യാത്ത ഘട്ടം വന്നുചേർന്നിരിക്കുന്നു എന്നും എന്നാൽ നമ്മുടെ അത്തരംപടി വളരെ ആലോചിച്ചു എടുക്കേണ്ടിയിരിക്കുന്നു എന്നുമാണ്. രാജ്യത്തിൻെറ ഒരുഭാഗത്തിനുമാത്രമായി സ്വാതന്ത്ര്യം വന്നുകൂടാത്തതാണെന്നും ഇന്ത്യയ്ക്കു മുഴുവൻ അതു് ലഭിക്കണമെന്നും അദ്ദേഹം പ്രസ്താവിച്ചു.

മിസ്സിസ അരുണ ആസഫ് ആലി വിഷയനിർണ്ണയകമ്മിററിയിൽ അവതരിപ്പിച്ച ഭേദഗതി മി. അശോകമേത്ത ഇവിടെ അവതരിപ്പിച്ചു. ചില പ്രത്യേക നാട്ടുരാജ്യങ്ങൾക്ക ധാൎമ്മികപിന്തുണനൽകുന്നതിനാവശ്യപ്പെട്ടുകൊണ്ടുള്ളതായിരുന്നു ഭേദഗതി. പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു് മി. അച്യുതപട്ടവർദ്ധൻ പ്രസ്താവിച്ചതു നാട്ടുരാജ്യങ്ങളെ നയിക്കുന്ന പൊളിററിക്കൽ ഡിപ്പാർട്ടുമെൻറുമായി ഒരു സമരം ശേഷിക്കുന്നുവെന്നാണ്. ഉത്തരവാദഭരണം ഏർപ്പെടുത്തുന്നതിനുള്ള നാട്ടുരാജ്യപ്രജകളുടെ യത്നങ്ങൾക്ക സജീവപിന്തുണ നൽകണമെന്നാവശ്യപ്പെടുന്ന ഒരു ഭേദഗതി മി. ജാംഖെപ്രസാദ അവതരിപ്പിച്ചതു് പിന്നീടു് പിൻവലിക്കപ്പെട്ടു.

ഹൈദരാബാദിൽ സമരമാരംഭിക്കാതിരിക്കുന്നതിനു അവിടത്തെജനങ്ങളോടുപദേശിച്ചതായി പണ്ഡിതനെഹ്രു തൻെറ പ്രസംഗത്തിൽ വ്യക്തമാക്കി. മി. അശോകമേത്തയുടെ ഭേദഗതി തള്ളപ്പെടുകയും പ്രമേയം ഐകകണ്ഠ്യേന പാസാക്കപ്പെടുകയും ചെയ്തു.

വർഗ്ഗീയാസ്വാസ്ഥ്യങ്ങൾ സംബന്ധിച്ച പ്രമേയം എ. ഐ. സി: സി യിൽ അവതരിപ്പിച്ചുകൊണ്ടു് ഡാക്ടർ രാജേന്ദ്രപ്രസാദ് ഇപ്രകാരം പ്രസ്താവിച്ചു. വിദേശഗവൺമെൻറുമായുള്ള സമരത്തിൽ ഇന്ത്യാക്കാർ ആത്മനിയന്ത്രണം പാലിച്ചെങ്കിലും ആഭ്യന്തരഭിന്നതകളുടെ കാര്യത്തിൽ അവർ ആത്മനിയന്ത്രണം വെടിഞ്ഞതു് ദൗർഭാഗ്യകരമായിപ്പോയി. രാജ്യത്തെ സംഭവങ്ങൾ നമ്മെ ലജ്ജകൊണ്ടു തലകുനിപ്പിക്കത്തക്കവയാണ്. അതിനെ തടയേണ്ടതു് ഓരോ കാൺഗ്രസ്സുകാരൻെറയും ചുമതലയാണ്."

മൌലാനാ ആസാദ് പ്രമേയത്തെ പിൻതാങ്ങി. സകലരേയും സംരക്ഷിക്കേണ്ടുന്ന ഭാരം കാൺഗ്രസ്സ് വഹിക്കണമെന്ന് അദ്ദേഹം പ്രസ്താവിച്ചു. വിപത്തിൽപെട്ടിരിക്കുന്നതു് ഹിന്ദുവോ മുസ്ലീമോ എന്നതു കാൺഗ്രസ് നോക്കേണ്ടതില്ല.

#### വാളിനെ വാൾകൊണ്ടുതന്നെ നേരിടണം

മീററ്, കാൺഗ്രസ്സ് ക്യാമ്പ് നവംബർ 23—വാൾകൊണ്ടുതന്നെ വാളിനെ നേരിടണം എന്ന് അക്രമപരമായ മാർഗ്ഗങ്ങൾകൊണ്ടു ഒരു രാഷ്ട്രീയലക്ഷ്യം കൈവരുത്തുവാൻ ശ്രമിക്കുന്നവരോടുള്ള കർശനമായ ഒരു മുന്നറിയിപ്പിൽ സർദാർ പട്ടേൽ പ്രസ്താവിച്ചിരിക്കുന്നു. അദ്ദേഹം ഇപ്രകാരം തുടൎന്നു പ്രസ്താവിച്ചു:—ഇടക്കാലഗവൺമെൻറിൽനിന്നു ഞങ്ങൾ രാജിവയ്ക്കുന്നില്ല. കാൺസ്റ്റിററ്യുവൻറ അസംബ്ളിയിലേക്ക ലീഗു് വരുന്നുണ്ടോ എന്നു തീരുമാനിക്കേണ്ടതു് ലീഗാണ്. ലീഗ് കാൺസംബ്ളിയിൽ വരുന്നില്ലെങ്കിൽ അതിനു് ഇടക്കാലഗവൺമെൻറിൽ സ്ഥാനമില്ല. ഇടക്കാലഗവൺമെൻറ രൂപീകരിക്കുവാനുള്ള തീരുമാനം ശരിവയ്ക്കുന്നതിനുള്ള പ്രമേയത്തെപ്പററി സർദാർ പട്ടേൽ പ്രസ്താവിക്കുകയായിരുന്നു. ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ടു സർദാർ പട്ടേൽ ഉജ്ജ്വലമായ ഒരു പ്രസംഗം ചെയ്തു. ചട്ടമ്പികൾക്കെതിരായി ആത്മരക്ഷ രൂപീകരിക്കുന്നതിനു അദ്ദേഹം ഇന്ത്യാക്കാരെ ആഹ്വാനം ചെയ്യുന്നു. താനൊരു ന്യൂനപക്ഷത്തേയും സ്വാതന്ത്ര്യത്തിലേക്കുള്ള പുരോഗതിയെ വീറ്റോ ചെയ്യാൻ അനുവദിക്കുന്നതല്ലെന്നുള്ള ബ്രിട്ടീഷ് പ്രധാനമന്ത്രി മിസ്റ്റർ ആററ്ലിയുടെ പ്രഖ്യാപനത്തെ അടിസ്ഥാനമാക്കി മന്ത്രിസഭാമിഷൻെറ നിർദ്ദേശങ്ങൾ കാൺഗ്രസ്സ് സ്വീകരിച്ചു. ഇടക്കാലഗവൺമെൻറിൻെറ നിർദ്ദേശങ്ങൾ ആദ്യം ലീഗ് നിരസിക്കുകയും പിന്നീടു് അതിൽ പ്രവേശിക്കുകയും ചെയ്തതുപോലെ മുസ്ലീം താല്പര്യങ്ങൾ ലീഗിൻെറ പ്രവേശം അവശ്യമാക്കുന്നുവെന്നുള്ള ന്യായംപറഞ്ഞു ലീഗ് കാൺസംബ്ളിയിൽ വരുന്നതാണ്. ഇന്നു നടത്തിവരുന്ന ശ്രമം ഇടക്കാലഗവൺമെൻറിൽനിന്നു കാൺഗ്രസ്സിനെ പുറത്താക്കുന്നതിനുള്ള ഉദ്ദേശങ്ങളോടുകൂടിയാണ്. പണ്ഡിതനെഹ്രുവിനെ മന്ത്രിസഭയുടെ വൈസ്പ്രസിഡൻറായി വിവരിക്കുന്നതിൽ മുസ്ലിംലീഗ് ഉന്നയിച്ചിട്ടുള്ള ആക്ഷേപത്തെ പരാമർശിച്ചു് സർദാർ പട്ടേൽ ഇപ്രകാരം ചോദിച്ചു. "ഹിന്ദുമെമ്പറേയും മുസ്ലിംമെമ്പറേയും മാറിമാറി വൈസ്പ്രസിഡൻറായി നിയമിക്കണമെന്നു് ലീഗ് ആവശ്യപ്പെടുമോ?" (ചിരി) പരമാൎത്ഥം അതൊരു മന്ത്രിസഭയാണ്. അതു് ഒരു മന്ത്രിസഭയെന്നോ കാൺഗ്രസ്സ് മന്ത്രിസഭയെന്നോ അറിയപ്പെടുന്നതു് (ഉച്ചഘോഷം). ഇന്ത്യയ്ക്കു് 15 കൊണ്ട സ്വാതന്ത്ര്യം ലഭിച്ചുവെന്നും ഒരുണ്ട സ്വാതന്ത്ര്യം മാത്രമേ ശേഷിക്കുന്നുള്ളുവെന്നുമുള്ള ബംഗാൾ ഗവർണ്ണറുടെ പ്രസ്താവനയെ അനുസ്മരിച്ചുകൊണ്ടു സർദാർ പട്ടേൽ പ്രസ്താവിച്ചതു് 15-അണ സ്വാതന്ത്ര്യം പാസ്സാക്കുന്നതിനുള്ള പരിപൂർണ്ണസ്വാതന്ത്ര്യം മാത്രമേ നമുക്ക ലഭ്യമാക്കിയിട്ടുള്ളുവെന്നാണ്. ജനങ്ങൾ നിയമരാഹിത്യം നടത്തിയപ്പോൾ ബംഗാൾമന്ത്രിസഭ യാതൊന്നും ചെയ്തില്ല. കിഴക്കേബംഗാൾ കലഹത്തിൻെറ അടുത്ത രംഗമായേക്കുമെന്നു അദ്ദേഹം അവൎക്ക മുന്നറിയിപ്പുനൽകി. അതു് നേരിടുവാൻ അവർ സന്നദ്ധരാകണമെന്നു അദ്ദേഹം ആവശ്യപ്പെട്ടു. തങ്ങൾക്കു ഇവിടെ മേലാൽ താമസിക്കുവാൻ സാധിക്കുന്നതല്ലെന്നു ബ്രിട്ടീഷുകാൎക്കു അറിയാവുന്നതുകൊണ്ടു ബ്രിട്ടീഷ് ഗവൺമെൻറ മുസ്ലിംലീഗിനെ സഹായിച്ചുവെന്നു സർദാർ പട്ടേൽ പ്രസ്താവിച്ചു. ഈ സഖ്യത്തിൻെറ ഫലം പ്രതിബന്ധിക്കുന്നതിനു കാൺഗ്രസ്സ് ഗവൺമെൻറിൽ ഇരിക്കേണ്ടതു് ആവശ്യമാണ്. ഏതുനിമിഷത്തിലും നമുക്ക ഈ ഗവൺമെൻറിനെ തകൎക്കാവുന്നതാണ്. എന്നാൽ എല്ലായിടവും ബ്രിട്ടീഷ് ഗവൺമെൻറിൻെറ മുഖംമൂടി പിച്ചിയതിനുശേഷംമാത്രമേ നാം അതിനെ തകൎക്കുകയുള്ളു. കിഴക്കേബംഗാളിൽ മഹാത്മാഗാന്ധിയുടെ ശ്രമങ്ങളെ പരാമൎശിച്ചുകൊണ്ടു് സർദാർപട്ടേൽ പ്രസ്താവിച്ചതു് സമാധാനം ഭഞ്ജിച്ചവർ അതിനു അനുഭവിക്കുകയും പശ്ചാത്തപിക്കുകയും ചെയ്തെങ്കിലല്ലാതെ സമാധാനം ഉണ്ടാവുകയില്ലെന്നാണ്. ജനങ്ങളെ മതംമാററുമെന്നുള്ള ലീഗിൻെറ നിർദ്ദേശത്തെപ്പററി അദ്ദേഹം പറഞ്ഞതിപ്രകാരമാണ്:—"ഇതുതന്നെയാണ് ഹിററ്ലർ ചെയ്യാൻ ശ്രമിച്ചതെന്നു ഓൎമ്മിക്കുക. നിങ്ങൾ അതു ചെയ്താൽ ഹിററ്ലറിനുണ്ടായ അതേവിധിതന്നെ നിങ്ങൾക്കുമുണ്ടാകും". അസ്വാസ്ഥ്യങ്ങൾ നിറുത്തണമെന്നാണ് സൎവ്വശക്തൻെറപേരിൽ അദ്ദേഹം അഭ്യൎത്ഥിക്കുന്നത്. പാകിസ്ഥാൻ വാളുകൊണ്ടോ രക്തച്ചൊരിച്ചിൽകൊണ്ടോ നേടുവാൻ സാധിക്കുകയില്ല. എ. ഐ. സി. സി. ജനറൽസെക്രട്ടറി മി: കെസ്കാർ പ്രമേയത്തെ പിൻതാങ്ങി. പ്രമേയത്തെ എതിൎത്തുകൊണ്ടു് മിസ്സിസ് അരുണാ ആസഫ് ആലി പ്രസ്താവിച്ചതു് വ്യവസ്ഥാപിതമായ ഒരു പരിപാടി ശരിവയ്ക്കുന്നതിനുപകരം വിപ്ലവപരമായ ഒരു പരിപാടി അറിയിക്കുവാൻ നടത്തപ്പെടുന്ന ഒരു കാൺഗ്രസ് സമ്മേളനമാണ് താൻ പ്രതീക്ഷിക്കുന്നതെന്നാണ്. ഉൽഘോഷങ്ങൾക്കിടയിൽ അവർ ഇപ്രകാരം പ്രസ്താവിച്ചു:—രാജിയുടെമാൎഗ്ഗം നിഷ്ക്രിയമായ കൈവെടിയലാണെന്നതിനെ അംഗീകരിക്കുന്നതിനു നാം ഇന്നു കൂടേണ്ടതായിരുന്നു. ഇടക്കാലദേശീയഗവൺമെൻറിൻെറ യഥാൎത്ഥനിലയെപ്പററിയുള്ള ഒരു ചിത്രീകരണമാണ് പണ്ഡിററ് നെഹ്രുവിൻെറ പ്രസംഗമെന്നു അവർ തുടൎന്നു. അതു് വാസ്തവത്തിൽ നാഷനലോ, ഗവൺമെണ്ടോ അല്ല. ഒരുപക്ഷേ അതു് ഇടക്കാലത്തേക്കുള്ളതല്ലെന്നും വരാം. അതിൽ പണ്ഡിതജി പറയുംപ്രകാരം രാജ്യരക്ഷയുള്ളതുകൊണ്ടു് അതു ദേശീയമാകുന്നില്ലെന്നും ബംഗാളിൽ ഇടപെടുവാൻ അതിനു സാധിക്കാത്തതുകൊണ്ടു് അതു് ഒരു ഗവൺമെൻറല്ലെന്നും അവർ പ്രസ്താവിച്ചു. വാളുകൊണ്ടുതന്നെ വാളിനെ നേരിടണമെന്നുള്ള സർദാർ പട്ടേലിൻെറ ഇന്നത്തെ പ്രഖ്യാപനത്തെ മിസ്സിസ് അരുണ സ്വാഗതം ചെയ്തു. വാൾ ഉപയോഗിക്കുമെങ്കിൽ അതു് ബ്രിട്ടീഷുകാൎക്കെതിരായി ഉപയോഗിക്കണം.

അതിൽത്തിന്മസംസ്ഥാനത്തെ ഹാക്കിം അബ്ദുൽമജീദ്‌ നാദിർ സർദാർ പട്ടേലിൻെറ പ്രമേയത്തെ എതിൎത്തുകൊണ്ടു പ്രസ്താവിച്ചതു് അതു് ജിന്നാസമനാമാണെന്നാണ്. എന്തെന്നാൽ അതു് രാജ്യത്തി

ശ്രീചിത്രാപ്രദർശന നഗറിൽ
കഥകളി
10-4-1122 വൈകുന്നേരം 6-മുതൽ 9-വരെ
പൂതനാമോക്ഷം
ബാലിവിജയം
കിരാതം

# ഗവർമ്മെണ്ടിലുള്ളവർ ജനങ്ങളുടെ ഭൃത്യരാണ്

## കോൺഗ്രസ്സദ്ധ്യക്ഷപ്രസംഗം (കൂടുതൽ വിവരങ്ങൾ)

## ഇൻഡ്യ ജപ്പാനുമായി സൗഹാർദ്ദം സ്ഥാപിക്കണം

മീററ്, ന. 23—മീററിൽവച്ചു നടക്കുന്ന 54-ാമത്തു കോൺഗ്രസ്സ് വാർഷികത്തിൽ ഇന്നു രാഷ്ട്രപതി ആചാര്യകൃപലാനി ചെയ്ത അദ്ധ്യക്ഷപ്രസംഗം ഇങ്ങനെ ആരംഭിക്കുന്നു.—

1942-ൽ ബ്രിട്ടീഷ് സാമ്രാജ്യശക്തിയുടെ വെല്ലുവിളി കോൺഗ്രസ്സ് സ്വീകരിച്ചില്ലായിരുന്നെങ്കിൽ നാം ഇന്നു കയ്യാളിക്കൊണ്ടിരിക്കുന്ന പദവി നമുക്കു ലഭിക്കുകയില്ലായിരുന്നു. മുസ്ലീംലീഗിനും മററു ന്യൂനപക്ഷങ്ങൾക്കും ഇന്നത്തെ നില ലഭിക്കുകയില്ലായിരുന്നു. ഈ പരമാർത്ഥം അവരിൽ ചിലർക്കു സമ്മതിക്കാൻ ഇഷ്ടമില്ലായിരിക്കാം. വാസ്തവത്തിൽ ഇനിയും നാം നമ്മുടെ ലക്ഷ്യമായ പൂർണ്ണസ്വരാജിൽ എത്തിയിട്ടില്ല. എന്നാൽ നമ്മുടെ പ്രതിനിധികളും നേതാക്കന്മാരും അധികാരത്തിന്റെ ശക്തിസൗധം തകർത്തു അതിനുള്ളിൽ എത്തിയിരിക്കുന്നു. നമുക്കു ലഭിച്ച അവസരം എങ്ങിനെ വിനിയോഗിക്കണമെന്നു നമുക്കറിയാം. എന്നിരുന്നാലും, നമ്മുടെ ലക്ഷ്യമായ പൂർണ്ണസ്വാതന്ത്ര്യം നമുക്കു ലഭിച്ചാൽതന്നെയും, നമ്മുടെ കൃത്യം അവസാനിച്ചതായി നാം കരുതരുത്. ദേശീയസ്വാതന്ത്ര്യം അമൂല്യമായിട്ടുള്ളതുതന്നെയാണ്. അതു വിപരീതമായിട്ടുള്ള ഒരു ഉപാധിയാണ്; ബാഹ്യമായി കാൽവിലങ്ങിന്റെ ദൂരീകരണമാണതു്. ഒരു പ്രത്യേക ബന്ധത്തെ മാററുന്നതു മാത്രമാണ്. ദാസൻ അയാളുടെ കാൽവിലങ്ങുകളിൽനിന്നു രക്ഷപ്പെട്ടാൽ പുതുതായി ലഭിച്ച സ്വാതന്ത്ര്യത്തെ അയാൾ അയാൾക്കു ദോഷത്തിനുതന്നെ പ്രയോഗിച്ചെന്നുവരാം. നമുക്കു ബുദ്ധിയുണ്ടെങ്കിൽ നാം നമ്മുടെ ബാഹ്യപ്രതിബന്ധങ്ങളുടെ നിവാരണംകൊണ്ടുമാത്രം തൃപ്തിപ്പെട്ടുകൂടാത്തതാണ്. നമുക്കു ലഭിച്ച സ്വാതന്ത്ര്യംകൊണ്ടു ജനങ്ങളുടെ മൂർത്തമായ നന്മയ്ക്കായി പ്രവർത്തിക്കത്തക്കവണ്ണം കാര്യങ്ങൾ ശരിപ്പെടുത്തേണ്ടതാണ്. ഇതിന്റെ അർത്ഥം, നമ്മുടെ വിപ്ലവാത്മകമായ ആവേശം, പഴയ വ്യവസ്ഥിതിയെ നശിപ്പിക്കുന്നതിനോടൊപ്പം സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ സ്ഥിരമായി ഉടലെടുക്കേണ്ടതാണെന്നാണ്.

അഹിംസയിൽ അടിയുറച്ച നമ്മുടെ വിപ്ലവപ്രസ്ഥാനം ചരിത്രത്തിൽ ഇതുവരെയുണ്ടായിട്ടില്ലാത്ത ഒന്നാണ്. സാധാരണമായി രാഷ്ട്രീയ വിപ്ലവങ്ങൾ പഴയ വ്യവസ്ഥിതികളെ നശിപ്പിക്കുവാനാണ്. അധികാരം പിടിച്ചെടുക്കുവാനാണ് അവയുടെ സമരതന്ത്രം. പഴയ വ്യവസ്ഥിതി മുഴുവൻ നശിപ്പിച്ചതിനുശേഷവും അധികാരം പിടിച്ചെടുത്തതിനുശേഷവുമാണ് അവർ സൃഷ്ടിപരമായ കൃത്യങ്ങളിൽ ഏർപ്പെടുന്നതു്. ഈ രീതി, കാര്യങ്ങൾ ഒതുക്കി സൃഷ്ടിപരപരിപാടികൾ ആരംഭിക്കുന്നതിനു മുമ്പിൽ വിപ്ലവംമാത്രമല്ല വിപ്ലവപരന്മാരെത്തന്നെ ഒഴിച്ചുവിടുവാൻ നിർബന്ധിതരായിത്തീരുന്നു. ഈ രീതി പലപ്പോഴും അഭ്യന്തരസമരങ്ങളിലേയ്ക്കും ആത്യന്തികമായ ഏകാധിപത്യത്തിലേയ്ക്കും വഴിതെളിക്കാറുണ്ട്. അഭ്യന്തരസമരത്തിന്റെയും ഏകാധിപത്യത്തിന്റെയും വിപ്ലവത്തിന്റെ പരമലക്ഷ്യത്തെ തോല്പിക്കുവാനുള്ള വാസനയുണ്ട്.

ഇന്നു നമുക്കു കേന്ദ്രത്തിൽ ഒരു വിധത്തിലുള്ള ദേശീയഗവർമ്മെന്റുണ്ട്. പ്രവിശ്യകളിൽ ജനങ്ങൾ തെരഞ്ഞെടുത്ത ഗവർമ്മെന്റുകളും ഉണ്ട്. താമസിയാതെ നാം ഇന്ത്യയുടെ പുതിയ ഭരണഘടന രൂപീകരിക്കുന്നതിനെപ്പററി ആലോചിക്കുവാൻ കൂടുന്നു. സ്വാതന്ത്ര്യം ലഭിച്ചുകഴിഞ്ഞില്ലെങ്കിൽതന്നെയും അതു ദൃഷ്ടിപഥത്തിൽ എത്തിയിട്ടുണ്ടെന്നുള്ളതു തിട്ടമാണ്. ബ്രിട്ടീഷുകാർക്കു, അവരുടെ ഉദ്ദേശങ്ങൾ എന്തുതന്നെ ആയിരുന്നാലും, ആ സ്വാതന്ത്ര്യത്തെ നിഷേധിക്കുവാൻ ഇനി സാദ്ധ്യമല്ല. ഇന്നു നമുക്കു നമ്മുടെ ലക്ഷ്യം കൈവിട്ടുപോയാൽ, കുററം നമ്മുടേതായിരിക്കും. ഈ വിഷമസന്ധിയിൽ നാം ചെയ്യുന്ന പ്രവൃത്തികളുടേയും പ്രവൃത്തിരാഹിത്യങ്ങളുടേയും ഭാരമായിരിക്കും അതിനു കാരണമാകുക. നമ്മുടെ ഭിന്നിപ്പുകളും ഭിന്നതകളും ദേശീയതാൽപര്യങ്ങളെ ജാതിയുടേയും മതത്തിന്റെയും, കക്ഷിയുടേയും താൽപര്യങ്ങൾക്കു അടിമപ്പെടുത്തുവാനുള്ള നമ്മുടെ വാസനയുടേയും ഫലമാണ്. നമ്മുടെ ഗൌരവപൂർണ്ണമായ കാര്യങ്ങൾക്കുവേണ്ടി അർപ്പിക്കേണ്ട ശക്തിവിശേഷങ്ങൾ നാം തുച്ഛമായ കാര്യങ്ങളിൽ അർപ്പിക്കുന്നു. ഇവിടെയാണ് നമ്മുടെ ഏററവും വലിയ ബലഹീനത കിടക്കുന്നതു്. രാഷ്ട്രീയമായ എല്ലാഗുണങ്ങളിലുംവച്ചു ഐകമത്യമാണ് ഏററവും മഹത്തും ശ്രേഷ്ഠവും. ആ ഐക്യം പരപ്രേരണകൊണ്ടല്ല, സ്വാഭാവികമായി തനിയെ തന്നെ ഉണ്ടാകേണ്ടതാണ്. ഇന്ത്യയിലുള്ള കട്ടനിസ്സാരമായ ഭിന്നതകൾ അടുപ്പിക്കുവാൻ അസാദ്ധ്യമായ അന്തരാളത്തെ സൃഷ്ടിക്കുന്നു. സാമാന്യതത്വങ്ങൾ മറക്കുകയും, കക്ഷിമത്സരങ്ങൾക്കു ആവശ്യത്തിലധികം പ്രാധാന്യം കൊടുക്കുകയുമാണ് നാം ചെയ്യുന്നതു്. നമുക്കു ഒരു രാഷ്ട്രമായി, ഒരു ജനതയായി ജീവിച്ചു അഭിവൃദ്ധിപ്പെടണമെങ്കിൽ ഈ മത്സരമനോഭാവം നാം വെടിയണം.

ഇന്നു നമ്മുടെ സ്വാതന്ത്ര്യത്തിനു നേരിട്ടിരിക്കുന്ന ഏററവും വലിയ അപകടം വർഗ്ഗീയഭിന്നതകളാണ്, പ്രത്യേകിച്ചും പ്രധാന സമുദായങ്ങളായ ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലുള്ള ഭിന്നതയാണ്. വിദേശി കഴിഞ്ഞകാലങ്ങളിൽനിന്നും ഏററവും കൂടുതൽ മുതലെടുത്തിട്ടുണ്ട്. ഇന്നു ഇതു അവനു ലഭിച്ച അവസാനത്തെ തുറുപ്പുശീട്ടാണ്. അവൻ അതുവച്ചുകൊണ്ടു കൗശലത്തോടും ചാതുര്യത്തോടും വിളയാടുന്നുണ്ട്.

### കോൺഗ്രസ്സ് സംഘടന

അനന്തരം കോൺഗ്രസ്സ് സംഘടനയെപ്പററി ആചാര്യകൃപലാനി ഇങ്ങനെ പ്രസ്താവിച്ചു:—വിദേശീയരുടെ സാമ്രാജ്യശക്തിക്കെതിരായി നമ്മുടെ സ്വാതന്ത്ര്യലക്ഷ്യം പ്രാപിക്കുന്നതിനായി നാം ചില പ്രക്ഷോഭണരീതികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞകാലങ്ങളിൽ അവ ഫലപ്രദങ്ങളായിരുന്നതുകൊണ്ടു അവ സാർവത്രികമായ പ്രയോഗത്തിനു പററിയവയാണെന്നു തോന്നാം. നാം ഇന്നു അധികാരത്തിലെത്തിച്ചിരിക്കുന്ന ഡെമോക്രാററിക്കു ഗവർമ്മെന്റുകൾക്കെതിരായും അതു പ്രയോജനം ചെയ്യുമെന്നു നമുക്കു തോന്നാവുന്നതാണ്. സ്വാതന്ത്ര്യത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടിയാണ് നാം ആ ഗവർമ്മെണ്ടുകൾ സ്ഥാപിച്ചിരിക്കുന്നതു്. അതിനാൽ സ്വദേശികൾക്കെതിരായി നാം അവ പ്രയോഗിക്കുന്നതു ഉചിതമായിരിക്കയില്ല. നമുക്കു നമ്മുടെ മന്ത്രിമാരെയും നിയമസഭാമെമ്പരന്മാരെയും മാററാൻ കഴിയുമെന്നുള്ളതിനാൽ പ്രത്യക്ഷസമരത്തെപ്പററി ഇനി ചിന്തിക്കേണ്ട ആവശ്യംതന്നെയില്ല. നമ്മുടെ വിമർശനങ്ങളിൽപോലും നാം കൂടുതൽ പരിഗണനയും, ശ്രദ്ധയും കാണിക്കേണ്ടിയിരിക്കുന്നു. പ്രോവിൻസുകളിലും കേന്ദ്രത്തിലും നമ്മുടെ മന്ത്രിമാർ ഭരണപരവും രാഷ്ട്രീയവുമായ ഒട്ടേറെ കുഴഞ്ഞ പ്രശ്നങ്ങളുമായി അഭിമുഖീകരിക്കപ്പെടുന്നു. അതിനാൽ അവർ നമ്മുടെ സഹതാപവും ധാരണയും അർഹിക്കുന്നുണ്ട്. നാം [illegible] സ്വാതന്ത്ര്യം പ്രാപിക്കുകയാൽ അതിന്റെ ആവിർഭാവത്തിൽ നമ്മുടെ സകല പ്രശ്നങ്ങളും തീരുമാനിക്കപ്പെട്ടുമെന്നു വിചാരിച്ചുപോയി. അതിനാൽ ഒരു പാരമ്പര്യവുമില്ലാത്തതും ഉദ്യോഗസ്ഥന്മാരെല്ലാം ജനങ്ങളുടെ യജമാനന്മാരായി പെരുമാറിക്കൊണ്ടിരുന്നതുമായ ഒരു ഗവർമ്മെന്റിൽ അവർ നേരിടേണ്ട വൈഷമ്യങ്ങളെപ്പററി നാം ചിന്തിച്ചില്ലെന്നുവരാം.

എന്നാൽ ഗവർമ്മെന്റിലുള്ളവർ തങ്ങൾ ജനങ്ങളുടെ ദാസന്മാരാണ്, യജമാനന്മാരല്ല എന്നോർത്തിരിക്കേണ്ടതാണ്. ഇന്നത്തെ ഉന്നതനിലയിലേക്ക് നയിച്ച കോവണി തൊഴിച്ചുതള്ളിക്കളയരുതെന്നു അവർ കരുതിക്കൊള്ളേണ്ടതാകുന്നു. അവർ കോൺഗ്രസ്സിനോടും തന്മൂലം ഇന്ത്യയിലെ ജനങ്ങളോടും ഭക്തിയുള്ളവരായിരിക്കട്ടെ.

### ഇന്ത്യയും ലോകവും

ഇന്ത്യയും ലോകവും എന്ന വിഷയത്തെപ്പററി ആചാര്യകൃപലാനി ദീർഘമായി ഉപന്യസിച്ചു. സന്മനസ്സിനെയും സഹകരണത്തെയും ആസ്പദമാക്കിയുള്ള ഒരു ലോകവ്യവസ്ഥിതിയിൽ കോൺഗ്രസ്സ് വിശ്വസിക്കുന്നു: സാമ്രാജ്യത്വം നിലവിലിരിക്കുന്നിടത്തോളംകാലം സമാധാനത്തിനുവേണ്ടി എന്തെല്ലാം സാർവരാഷ്ട്രീയസംഘടനകൾ ഉണ്ടായാലും എന്തും ചെയ്യാൻ മടിയില്ലാത്ത ശക്തിയേറിയ രാഷ്ട്രങ്ങൾ അവയെ തങ്ങളുടെ മനോരഥം സാധിക്കുന്നതിനുള്ള ഉപകരണങ്ങളാക്കിത്തീർക്കുന്നതാണ്. സമത്വം, നീതി, സത്യമായ പെരുമാററം എന്നിവയെ ആസ്പദമാക്കിയിരിക്കുന്നതിനു പകരം അതു ചില വൻപിച്ച ശക്തികളുടെ സംയുക്തബലത്തിനധീനമായിരിക്കുകയേയുള്ളു. പ്രബലന്മാരായ മൂന്നോ നാലോ അഞ്ചോ ശക്തികൾ എപ്പോഴുമുണ്ടായിരിക്കും. അവിടെയാണ് അപകടം കിടക്കുന്നതു്. ആശ്രിതരാജ്യങ്ങൾ ഉണ്ടായിരിക്കുന്നിടത്തോളംകാലം യുദ്ധങ്ങളും, സംഘട്ടനങ്ങളും ഉണ്ടായിക്കൊണ്ടിരിക്കും. ചെറുതോ വലുതോ പ്രധാനമോ, അപ്രധാനമോ, സ്വതന്ത്രമോ സാർവരാഷ്ട്രീയ രക്ഷാകർത്തൃത്വത്തിലുള്ളതോ ആയാലും ഓരോ രാഷ്ട്രത്തിനും ഒരു വോട്ടുവീതം ഉള്ള ഒരു രാഷ്ട്രസമൂഹത്തിനുവേണ്ടിയാണ് ഇന്ത്യ നിലകൊള്ളുന്നതു്. ഏതായാലും ഇന്ത്യ ഒരു രാഷ്ട്രത്തിന്റേയോ ഒരു പ്രബലരാഷ്ട്രങ്ങളുടെയോ ഡിക്റേററർഷിപ്പിനെ എതിർക്കുന്നു.

യുദ്ധത്തിൽതോററ രാഷ്ട്രങ്ങളെ സാർവ്വരാഷ്ട്രീയചൂതിൽ കരുക്കളാക്കുന്നതിനുവേണ്ടി വേർതിരിച്ചു എണ്ണുന്നതിനെ അദ്ദേഹം എതിർക്കുന്നു. ഇന്ത്യയ്ക്കു സ്വന്തമായ ഒരു വിദേശനയം ഉണ്ടായിരിക്കുന്നതാണ്. മുൻകാലത്തു ഒരു കാര്യത്തിലും ഇന്ത്യ ഉൾപ്പെട്ടിട്ടില്ല. ഭാവിയിൽ സാമ്രാജ്യപരമായ അഭിലാഷങ്ങളൊന്നും ഉണ്ടായിരിക്കുന്നതുമല്ല. സ്വദേശത്തിലും, വിദേശത്തിലും സ്വന്തം ആളുകൾ അവരുടെ വിഭവശക്തികളും പ്രതിഭാബലവും അനുസരിച്ചു അഭിവൃദ്ധിപ്പെടത്തക്കവിധം നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യം നേടുകയും പരിപാലിക്കുകയും ചെയ്കയെന്നതാണ് നമ്മുടെ കാര്യം. നമുക്കു ശത്രുക്കളാരുമില്ല. ബ്രിട്ടൻ ചെയ്തിട്ടുള്ള അപരാധങ്ങൾപോലും വിസ്മരിക്കാൻ നാം തയ്യാറാണ്.

ഇന്ത്യയുടെ ഭരണരീതി എന്തായിരിക്കണമെന്നുള്ളതിനെപ്പററി അദ്ദേഹം തുടർന്നു, കമ്മ്യൂണിസം സംബന്ധിച്ച റഷ്യൻ പരീക്ഷണങ്ങളെയും, ഡെമോക്രാററിക് സോഷ്യലിസത്തിലുള്ള ബ്രിട്ടീഷ് പരീക്ഷണത്തെയും, സ്വകാര്യപരമായ പ്രയത്നങ്ങളിലുള്ള അമേരിക്കൻ ഉദ്യമങ്ങളെയും ഇന്ത്യ സൂക്ഷ്മതയോടെ ശ്രദ്ധിക്കുന്നതാണ്. അവയെയൊന്നും അനുകരിക്കാൻ നാം ഉദ്ദേശിക്കുന്നില്ലെങ്കിലും അവയിൽനിന്നെല്ലാം പലതും പഠിക്കാനുണ്ടെന്നു വിചാരിക്കുന്നു. പരസ്പരബഹുമാനം, സമത്വം, മുതലായവയെ അടിസ്ഥാനമാക്കി നാം അവരുമായി സൗഹാർദ്ദബന്ധം പുലർത്തുന്നതായിരിക്കും.

### വിദേശനയം

ഇങ്ങനെയൊക്കെയാണെങ്കിലും ഏഷ്യയിലെ അയൽക്കാരും ആസ്ട്രേലിയായുമായി ഇന്ത്യക്കു കൂടുതൽ ഉററ ബന്ധം ഉണ്ടായിരിക്കുന്നതാണ്. സാമ്രാജ്യപരമായ ചെളിക്കുണ്ടിൽനിന്ന് ഒരു ഡെമോക്രാററിക് ജപ്പാൻ ഉത്ഭവിക്കുമ്പോൾ ആ രാജ്യത്തിന്റെ സഖ്യവും നാം സമ്പാദിക്കുന്നതാണ്. ചൈനയും ജപ്പാനുമായി നമുക്കു ചരിത്രപരവും സംസ്കാരപരവുമായ ദീർഘബന്ധങ്ങളുണ്ട്. ഇന്ത്യയ്ക്കും ആസ്ട്രേലിയായ്ക്കും കൂടുതൽ പരസ്പരബന്ധംകൊണ്ടു കൂടുതൽ ഗുണമല്ലാതെ ദോഷമൊന്നുമില്ല. ഇന്ത്യ സ്വാതന്ത്ര്യത്തെ ഒരു ദേശീയാരാധ്യവിഗ്രഹമാക്കാതെ ലോകസമാധാനത്തിനുവേണ്ടി സ്വന്തം അവകാശങ്ങളെ കീഴ്പെടുത്താൻ തയ്യാറാണെങ്കിലും സ്വന്തം ഭരണരീതി സ്വീകരിക്കാനുള്ള ഇന്ത്യൻ അവകാശത്തിൽ ഇടപെടാൻ ആരെയും അനുവദിക്കുന്നതല്ല. പോർട്ടുഗൽ നമ്മുടെ രാജ്യത്തിന്റെ ചില അംശങ്ങൾ കീഴടക്കി വച്ചുകൊണ്ടിരിക്കുന്നതിനെയും ഇന്ത്യ അനുവദിക്കുന്നതല്ല. ബ്രിട്ടീഷുകാർ ഇന്ത്യ വിടാമെങ്കിൽ, ഗോവാ തങ്ങളുടെ രാജ്യത്തിന്റെ അംശമാണെന്നു പോർട്ടുഗൽ വാദിക്കുന്നതു അപഹാസ്യമായിരിക്കും.

"വന്ദേമാതരം"

—o—

## ദിവാൻജി തിരിച്ചെത്തി

—o—

തിരു: നവം: 23—ഡെൽഹിയിലേക്കു പോയിരുന്ന ദിവാൻ സചിവോത്തമ സർ സി. പി. രാമസ്വാമി അയ്യരവർകൾ ഇന്നു രാവിലെ പത്തരമണിക്കു വിമാനമാർഗ്ഗം രാജധാനിയിൽ തിരിച്ചെത്തിയിരിക്കുന്നു. (സ്വ-ലേ)

—o—

ന്റെ ആഭ്യന്തരകലഹം ഇളക്കിവിടുന്നതാണ്. ഇതിനു മറുപടിയായി സർദാർ പട്ടേൽ ഇപ്രകാരം പ്രസ്താവിച്ചു. അഹിംസയെന്ന ആയുധം ഉപയോഗിക്കുക, സാമാന്യമനുഷ്യന്റെ ശക്തിക്കപ്പുറമുള്ള ഒരു കാര്യമാണ്. ആകയാൽ ആത്മരക്ഷയ്ക്കുവേണ്ടി അക്രമം സ്വീകരിക്കണമെന്നു അദ്ദേഹം ജനങ്ങളെ ഉൽബോധിപ്പിക്കുന്നു. ഇതു ആത്മരക്ഷയ്ക്കും അയൽവാസികളുടെ രക്ഷയ്ക്കുംവേണ്ടി മാത്രമേ സ്വീകരിക്കാവൂ. വിപ്ലവമനഃസ്ഥിതിയെ സംബന്ധിച്ചിടത്തോളം അദ്ദേഹം പ്രസ്താവിച്ചതു വിപ്ലവം കൈവരുത്തുന്നവനെന്നു സങ്കല്പിച്ചുകൊണ്ടു ചില ജനങ്ങൾ സ്വയം വഞ്ചിക്കപ്പെടുന്നവരാണ്. ഇതു വലിയ ഭാരം കയററിയ വണ്ടിയുടെ കീഴിൽ നടന്നുകൊണ്ടിരുന്ന പട്ടി അതു നില്ക്കുന്നപക്ഷം വണ്ടി നീങ്ങുകയില്ലെന്നു വിചാരിച്ചതുപോലെയാണ്. (ചിരി) ഇടക്കാലഗവർമ്മെന്റിൽ ഇരിക്കുന്നതുകൊണ്ടു തങ്ങൾ ബ്രി: ഗവർമ്മെന്റുമായി സഹകരിക്കുന്നുവെന്ന പ്രസ്താവനയെ അദ്ദേഹം നിഷേധിച്ചു.

ബ്രിട്ടീഷുകാർ വിരമിക്കുന്നു. അവരുടെ ഭാണ്ഡം മുറുക്കുവാൻ ഞങ്ങൾ സഹായിക്കുകയാണെങ്കിൽ ഞങ്ങൾ അവരുമായി സഹകരിക്കുകയാണോ ചെയ്യുന്നതു? (ചിരി) ബംഗാളികൾ സകല ഭിന്നതകളും അവസാനിപ്പിച്ചു സ്വയം സഹായിക്കേണ്ടതാണെന്നു ബംഗാളിനുള്ള ഒരഭ്യർത്ഥനയിൽ സർദാർ പട്ടേൽ പ്രസ്താവിച്ചു. ഇന്ത്യയുടെ മുഴുവൻ പിന്തുണ അവർക്കുണ്ടായിരിക്കുമെന്നും അദ്ദേഹം ഉറപ്പുചെയ്തു. പ്രമേയം പാസാക്കി. ആചാര്യ നരേന്ദ്രദേവിന്റെ ഉപക്ഷേപത്തിന്മേൽ സ്വതന്ത്രപരമാധികാര റിപ്പബ്ലിക്കിനായി ഇന്ത്യ നിലകൊള്ളുമെന്ന പ്രമേയം ഐകകണ്ഠ്യേന പാസാക്കി. നാളത്തേക്കു കൂടാനായി സമ്മേളനം പിരിഞ്ഞു.

—o—

(എട്ടാംപേജിൽനിന്നും തുടർച്ച)

ഴത്തെ മന്ത്രിമാരെ പൊതുജനാഭിപ്രായത്തിന്റെ ശക്തിയാൽ പിൻബലത്താൽ ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു. പ്രജാമണ്ഡലത്തിന്റെ ഇപ്പോഴത്തെ നില കുടിയാൻ[illegible]ലെ കാണക്കുടിയാന്റേതുപോലെയാണ്. സോഷ്യലിസ്ററുകാരും പ്രോഗ്രസ്സീവുകാരും പങ്കുപാട്ടക്കുടിയാന്മാരും ആയിരിക്കാം; ജന്മ[illegible] താൽക്കാലസ്ഥാനം (ധനകാര്യവും മററും) ഇനിയും മന്ത്രിഭരണത്തിനു കിട്ടിട്ടില്ല. അതു ലഭിക്കുന്നതിനുമുമ്പായി തന്നെ നമ്മുടെ പൊതുജീവിതം ശുദ്ധീകരിപ്പാൻ എല്ലാവരും ഒത്തുചേർന്നു പരിശ്രമിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു" പ്രസംഗം ഏകദേശം ഒന്നരമണിക്കൂർ നീണ്ടുനിന്നു. (പ്ര. ലേ)

# ക്ഷേത്രപ്രവേശന വിളംബരദിനം

## ലണ്ടനിലെ ആഘോഷം

ലണ്ടൻ, നവം: 12—ഇന്ത്യൻ ദേശീയ ചരിത്രത്തിലും ഹൈന്ദവജനതയുടെ ചരിത്രത്തിലും അതിപ്രധാനമായിട്ടുള്ള തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിലെ ക്ഷേത്രപ്രവേശനവിളംബരത്തിൻെറ പത്താമത്തു വാർഷികദിനം യൂറോപ്പിലെ അതിപ്രധാനഹൈന്ദവസംഘടനയായ ഇൻകോർപ്പറേറഡ് ഹിന്ദു അസ്സോസിയേഷൻ ആഫ് യൂറോപ്പിൻെറ ആഭിമുഖ്യത്തിൽ റോസ്‌ലിൻഹില്ലിലുള്ള ബനാർസി ആശ്രമത്തിൽവച്ചു സാഘോഷം കൊണ്ടാടിയിരിക്കുന്നു നിരവധി കേരളീയ വിദ്യാർത്ഥികൾ, കേരളീയരായ ഉദ്യോഗസ്ഥന്മാർ. ഹിന്ദുസംഘടനാപ്രവർത്തകർ ആംഗ്ലേയവനിതകൾ, ആംഗ്ലേയചിന്തകർ തുടങ്ങി നിരവധി ജനങ്ങൾ ഇതിൽ പങ്കെടുത്തിരുന്നു. ഈ ആശ്രമം ഇന്ത്യാക്കാരായ സുപ്രസിദ്ധ വ്യാപാരികളായ ബനാർസി സഹോദരർ സ്ഥാപിച്ചതാണ്. ലണ്ടനിലെ വേദാന്തസൊസൈററി സ്ഥാപകനായ സ്വാമി അവ്യക്താനന്ദൻ ആദ്ധ്യക്ഷം വഹിച്ചു. ഇവിടെ ലേബർ മിനിസ്ട്രിയുടെ കീഴിൽ പ്രവർത്തനം നടത്തുന്ന തിരുവിതാംകൂർ ലേബർഡിപ്പാർട്ടുമെൻറിലെ മി. പി. എൻ. കൃഷ്ണപിള്ളയായിരുന്നു പ്രധാന പ്രസംഗകൻ. ക്ഷേത്രപ്രവേശനവിളംബരം അശോകചക്രവർത്തിയുടെ കാലശേഷമുണ്ടായിട്ടുള്ള മഹത്തായ ചരിത്രസംഭവമാണെന്നും, ഇന്ന് കോൺഗ്രസ് മന്ത്രിസഭകൾക്ക് സാധിച്ചിട്ടില്ലാത്ത അയിത്തോച്ചാടനം തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സുകൊണ്ടാണ് സാധിച്ചതെന്നും, അമ്മമഹാറാണിയും സചിവോത്തമനും ഈ മഹൽകർമ്മത്തിനു നൽകിയിട്ടുള്ള പ്രചോദനം അവിസ്മരണീയമാണെന്നും മി. പിള്ള പറഞ്ഞു. വിദ്യാഭ്യാസം, വ്യവസായം, ഗ്രാമോദ്ധാരണം, പിന്നോക്കസമുദായോദ്ധാരണം തുടങ്ങിയ വിവിധരംഗങ്ങളിൽ തിരുവിതാംകൂറിനുണ്ടായിട്ടുള്ള അഭൂതപൂർവമായ പുരോഗതിയെ വസ്തുതകളും കണക്കുകളും ഉദ്ധരിച്ചു മി. പിള്ള തെളിയിച്ചു. ഹിന്ദു അസ്സോസിയേഷൻ സെക്രട്ടറിയും ഇവിടുത്തെ ഒരു വ്യവസായപ്രമുഖനുമായ മി. എഫ്. സി. സോന്ദി ചെയ്ത പ്രസംഗത്തിൽ ഹൈന്ദവജനത തിരുമനസ്സിനോടുള്ള കടപ്പാട് തീർത്താൽ തീരുന്നതല്ലെന്നു പറഞ്ഞു. സ്വാമിജി ഉപനിഷത്തുകളെ വ്യാഖ്യാനിച്ചു ജാതിയില്ലെന്നു തെളിയിക്കുകയും, തിരുവിതാംകൂറിൻെറ പുരോഗതിയിൽ സന്തോഷിക്കുകയും ചെയ്തു. സമ്മേളനത്തിൻെറ അവസാനത്തിൽ വലിയ ധനാഢ്യയായ മിസ്സസ് ബനാർസിയുടെ വകയായി ലഡ്ഡു; ബജ്ജി തുടങ്ങിയ ഇന്ത്യൻ പലഹാരങ്ങളോടുകൂടിയ ഒരു ചായസല്ക്കാരവുമുണ്ടായിരുന്നു.

—o—

കണക്കാക്കേണ്ടിയിരിക്കുന്നു. നിയമസഭയിൽവെച്ചും പൊതുയോഗങ്ങളിൽവെച്ചും വകുപ്പദ്ധ്യക്ഷന്മാരേയും മററും അതിശക്തിയായ ഭാഷയിൽ ആക്ഷേപിച്ചശേഷം അടുത്ത ദിവസം അതേ ആൾ അതേ വകുപ്പദ്ധ്യക്ഷൻെറ കോലായിൽ കാവൽനിന്നു ഓരോ കാര്യം സാധിപ്പിച്ചതിനു എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാണിപ്പാൻ സാധിക്കും. ചില പ്രമേയങ്ങളിലും ബില്ലുകളിലും ഉള്ള വോട്ടെടുപ്പുസമയങ്ങളിൽ ഉപായത്തിൽ ഒഴിഞ്ഞുമാറുവാൻവേണ്ടി പുറത്തുപോകാറുള്ള സമ്പ്രദായത്തിനു എത്ര തെളിവുകളും ഹാജരാക്കുവാൻ എനിക്കു സാധിക്കും. ചില കക്ഷികൾക്കുവേണ്ടി കേസ്സുകൾ പിൻവലിപ്പിക്കുവാൻ മന്ത്രിമാരുടേയും വകുപ്പദ്ധ്യക്ഷന്മാരുടെയും പടിക്കൽ കാവൽനില്ക്കുന്ന സമ്പ്രദായവും അപൂർവമല്ല? എം. എൽ. സി മാരുടെ വിമർശനങ്ങളിൽനിന്നും രക്ഷനേടുവാൻവേണ്ടി മന്ത്രിമാരും ഉദ്യോഗസ്ഥമേധാവികളും ന്യായംവിട്ടു പ്രവർത്തിക്കേണ്ടിവരുന്ന അവസരങ്ങളും അപൂർവമല്ല. ജനപ്രതിനിധികളുടെ ചെയ്തികളെ പൊതുജനങ്ങൾ സൂക്ഷിച്ചു വീക്ഷിക്കായ്കയാൽ പൊതുജീവിതത്തിൽ വലിയ കോട്ടം സംഭവിക്കുന്നുണ്ട്. ഈ ദുഃസ്ഥിതിക്കു പൊതുജനങ്ങളും ഏറെക്കുറെ ഉത്തരവാദികളാണ്. പണംവാങ്ങിയും സേവനോക്കിയും മററും വോട്ടുചെയ്യുന്ന സമ്പ്രദായം മൂലമാണ് ജനപ്രതിനിധികൾക്ക് ഇങ്ങിനെ പ്രവൃത്തിക്കേണ്ടിവരുന്നതെങ്കിൽ ഇന്നത്തെ ദുഷിച്ച സമ്പ്രദായത്തിനു എം. എൽ. സി മാരെമാത്രം കുററംപറവാൻ തരമില്ലല്ലോ. കക്ഷി മാററം ഒരു രോഗമെന്നപോലെ ജനപ്രതിനിധികളെ പിടികൂടിയിരിക്കുന്നു. രാജ്യക്ഷേമത്തിന്നാവശ്യമായ പദ്ധതികൾ പ്രയോഗത്തിൽ വരുത്തേണ്ട മന്ത്രിമാർക്ക് പാർട്ടിയംഗങ്ങളെ തൃപ്തിപ്പെടുത്തുവാൻ സാധിക്കാതിരുന്നാൽ കക്ഷിബലം കുറയുകയും അവിശ്വാസപ്രമേയത്തിനു വിധേയമാകേണ്ടിവരുമോ എന്നു ഭയപ്പെടേണ്ടിവരികയും ചെയ്യുന്നു. ഇങ്ങനെ അടിമുതൽ മുടിവരെ ദോഷങ്ങൾ കണ്ടുപിടിക്കാൻ സാധിക്കും. ആരും ആരേയും കുററം പറഞ്ഞിട്ടു വലിയ പ്രയോജനമൊന്നുമില്ല. പൊതുജീവിതത്തിൽപററിയ കറ പാടേ തുടച്ചുനീക്കണം. അതിൽ ജനങ്ങളാണ് കൂടുതൽ ശ്രദ്ധിക്കേണ്ടത്. ഒരു സേട്ടു പണംകൊടുത്തു വോട്ടുവാങ്ങി മുനിസിപ്പൽകൌൺസിലറായതും വാർഡിൻെറ പൊതുവേയുള്ള ഒരാവശ്യം വന്നപ്പോൾ വോട്ടിൻെറ വിലയും പലിശയും മടക്കിവാങ്ങിയതും പ്രാസംഗികൻ വിവരിച്ചു.) മന്ത്രിമാരുടെ അന്തസ്സിനുവേണ്ടി പണം ചിലവാക്കുന്നതിൻെറ ചില സിംബലുകൾ എനിക്കറിവാൻ സാധിച്ചിട്ടുണ്ട്. സാമ്പത്തികസുസ്ഥിതിയുള്ള ഒരു രാജ്യത്തിലെ ഭരണാധികാരികൾക്ക് അന്തസ്സിൻെറപേരിൽ എത്രസംഖ്യയും ചിലവാക്കാം. കൊച്ചിയിലെ മുണ്ടൽ, അന്തിക്കാട്, നായരമ്പലം മുതലായ വില്ലേജുകളിലെ സാമ്പത്തികസർവെ നടത്തിയ റിപ്പോർട്ട് 110 കർക്കടകം 18 ാംനു-മത്തെ സർക്കാർഗസററിൽ പ്രസിദ്ധപ്പെടുത്തിയതു വായിച്ച നിയമസഭയിൽവെച്ചു സർ ഷൺമുഖത്തിൻെറ, ഭീഷണിയാത്രക്കും മററുമുള്ള അധികച്ചിലവുകളെ ശക്തിയായ ഭാഷയിൽ ആക്ഷേപിച്ചവരാണല്ലോ, ഇപ്പോഴത്തെ മന്ത്രിമാർ. അന്നത്തെ അവരുടെ വിമർശനങ്ങൾ നിയമസഭാനടപടികളിൽ ഒരു മായാത്ത രേഖയായി കിടപ്പുണ്ടെന്നു ഇപ്പോ-

(ശേഷം ഏഴാംപേജിൽ)

# കൊച്ചിയിലെ പൊതുജീവിതം

—o—

## ശ്രീ. കെ. വി. കുഞ്ഞിരാമ പൊതുവാളുടെ പ്രസംഗം

തൃശൂർ, വൃശ്ചികം 3—ഇന്നലെവൈകുന്നേരം 6 മണിക്ക് ചരിത്രപ്രസിദ്ധമായ മണികണ്ഠനാൽത്തറയ്ക്കൽവെച്ചു ഉച്ചഭാഷിണിയന്ത്രത്തിൻെറ സഹായത്തോടെ 'കൊച്ചിയിലെ പൊതുജീവിതം' എന്നവിഷയത്തെ പരാമർശിച്ചു ജന്മഭൂമിപത്രാധിപർ ശ്രീ. കെ. വി. കുഞ്ഞിരാമപൊതുവാൾ സമുജ്ജ്വലമായ ഒരു പ്രസംഗം ചെയ്തിരിക്കുന്നു. ഏകദേശം 20 കൊല്ലത്തെ പൊതുജീവിതത്തിൻെറ നേട്ടകോട്ടങ്ങളെ ഉദാഹരിച്ചുചെയ്ത പ്രസംഗം ഇങ്ങനെസംഗ്രഹിക്കാം.

"കൊച്ചീനിയമസഭയാരംഭിച്ച കാലംമുതൽക്കെ പൊതുകാര്യപ്രസക്തന്മാരും പൊതുജനപ്രതിനിധികളും ആയ പ്രാസംഗികന്മാർ കൊച്ചിയിലെ ഉദ്യോഗസ്ഥമേധാവിത്വത്തേയും, ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തേയും ഉദ്യോഗസ്ഥന്മാരുടെ അനാശാസ്യമായ ചെയ്തികളേയും വിമർശിക്കാൻ തുടങ്ങിയിരിക്കുന്നു. നിയമസഭയ്ക്കകത്തും പുറത്തുമുള്ള എം. എൽ. സി. മാരുടേയുംമററും നിശിതനിരൂപണംമൂലം ചിലപ്പോൾ ചില ആശാസ്യഫലങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും പൊതുവെ ആശിച്ചത്ര ഫലമുണ്ടായിട്ടില്ല. അഞ്ഞൂററിക്കാരായ മന്ത്രിമാരുടെ കീഴിൽ എണ്ണൂററിക്കാരായ വകുപ്പദ്ധ്യക്ഷന്മാർ സ്വച്ഛന്ദം ഔദ്യോഗികകൃത്യങ്ങൾ നിർവഹിക്കുന്നുണ്ട്. അധികാരസ്ഥാനങ്ങളും നല്ലതുറപ്പിക്കയെന്നു പലവെണ്ണ പ്രസംഗിച്ചു നാവുകൾക്കു തഴമ്പുകിട്ടിയിട്ടുള്ള ജനനേതാക്കന്മാർ മന്ത്രിമാരായി അധികാരം ഏറെറടുത്തിട്ടും അവരുടെ വസതികൾക്കു മുമ്പിൽ ചട്ടയിട്ടുനിൽക്കുന്നശിപായിമാരുടെ ശമ്പളം 16 ക. തന്നെ. ഇന്നത്തെ ഉയർന്നജീവിതച്ചിലവും താണശമ്പളത്തോടും, താണ ഉദ്യോഗസ്ഥന്മാരെ നടപടിദോഷങ്ങൾക്കു വിധേയരാക്കുന്നതിൽ തെററു പറയാൻ സാധിക്കയില്ല. പൊതുജനനേതാക്കന്മാരും ജനപ്രതിനിധികളും അവർ നിരൂപണംചെയ്യുന്ന താണതരം ഉദ്യോഗസ്ഥന്മാരുടെ ജീവിതക്ലേശങ്ങൾ മനസ്സിലാക്കീട്ടും നിവൃത്തിയുണ്ടാക്കാൻ ശ്രമിക്കാത്തതു സങ്കടമാണ്. ഉദ്യോഗസ്ഥന്മാരെ ശക്തിയായ ഭാഷയിൽ വിമർശിക്കുന്ന എം. എൽ. സ മാരുടേയും മററു ജനപ്രതിനിധികളുടേയും ചെയ്തികളെ സൂക്ഷിച്ചു വീക്ഷിച്ചാൽ നടപടിദോഷങ്ങളും പരോക്ഷമായ കയ്ക്കൂലി വാങ്ങലും അനർഹമായ നിലയിൽ ബത്തവാങ്ങലും മററു കണ്ടുപിടിപ്പാൻ പ്രയാസമുണ്ടോ? ഒരു എം. എൽ. സി. നിയമസഭയിൽ ഒരു ബിൽ അവതരിപ്പിച്ചാൽ ആയതു സിലക്ട് കമ്മിററിക്കയക്കും. സിലക്ട് കമ്മിററിയിൽ അവതാരകന് ഒരു മെമ്പർസ്ഥാനം തീർച്ചയായും ഉണ്ടാകും. സംസ്ഥാനത്തിൻെറ നാനാഭാഗത്തും കമ്മിററിയുടെ പത്തോ പതിനഞ്ചോ യോഗം കൂടേണ്ടിവന്നാൽ കമ്മിററിയംഗങ്ങളുടെ ടി. ഏ. വകയായും മററും ഒരു 20000 ക ചിലവായിട്ടുണ്ടെന്നു കാണാം. ആ ബിൽ നിയമമായിത്തീരുന്നതിനുള്ളിൽ അവതരിപ്പിച്ച മെമ്പർക്കും മററു മെമ്പർമാർക്കും ഏകദേശം 1000 ക യിൽ കവിഞ്ഞ സംഖ്യ യാത്രാബത്തയായും ദിനബത്തയായും മററും കിട്ടും. ഇങ്ങിനെ അഞ്ചോ ആറോ സെലക്ട കമ്മിററിയിലും എട്ടോ പത്തോ മററു കമ്മിററികളിലും അംഗമാകുവാൻ സാധിച്ചാൽ ഓരോ എം. എൽ. സി. യുടേയും നിയമപ്രകാരം ഉള്ള വരവെന്തായിരിക്കുമെന്നു നിങ്ങൾക്കു മനസ്സിലായല്ലോ. വകുപ്പദ്ധ്യക്ഷന്മാരുടെ കീഴിലുള്ള കീഴുദ്യോഗസ്ഥന്മാരുടെ ചാർച്ചക്കാരെയും വേഴ്ചക്കാരേയും സംബന്ധിച്ച സേവയും ശുപാർശയും സർവസാധാരണമാണ്. ചില എം. എൽ. സി. മാരുടെ ബന്ധുക്കളെ നടപടിദോഷങ്ങൾക്കു ശിക്ഷിപ്പാൻ വകുപ്പദ്ധ്യക്ഷന്മാർ ധൈര്യപ്പെടുന്നില്ല? അതിനുള്ള കാരണങ്ങൾ ഏറെക്കുറെ ഊഹ്യമാണല്ലോ. പൊതുപ്രാധാന്യമുള്ള കാര്യങ്ങളിൽ പൊതുജനങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടിയല്ലാതെ വ്യക്തികളുടെ സ്വകാര്യകാര്യങ്ങളിൽ ജനപ്രതിനിധികൾ ഇടപെടുന്നതു ന്യായീകരിപ്പാൻ വഴികാണുന്നില്ല. ഒരു വ്യക്തിയോടോ ഒരു താഴ്ന്ന ഉദ്യോഗസ്ഥനോടോ വകുപ്പദ്ധ്യക്ഷന്മാർ അറിഞ്ഞോ അറിയാതെയോ അനീതി പ്രവൃത്തിച്ചാൽ അതിനെപ്പററി നിവേദനമോ പരസ്യമായ വിമർശനമോ അനുവദനീയമാണ്. എന്നാൽ ഇന്നത്തെ സർവ്വസാധാരണമായ സമ്പ്രദായങ്ങൾ നമ്മുടെ പൊതുജീവിതത്തിൻെറ കോട്ടങ്ങളായി

# "മലയാളത്തിൻെറ ആഗമം"

### എൽ. രാമകൃഷ്ണശർമ്മാ കൊല്ലം.

'മലയാള'പദത്തിൻെറ ആഗമത്തെപററി പല പണ്ഡിതന്മാരും പല നിഷ്പത്തികളും കണ്ടുപിടിച്ചിട്ടുണ്ട്. അവ മലയാളരാജ്യത്തിൻെറ പല ലക്കങ്ങളിലായി പ്രസിദ്ധീകൃതമായിട്ടുണ്ടതാനും! എന്നാൽ മലയാളം എന്ന പദത്തിൻെറ നിഷ്പത്തിയെപ്പററി ഈ ലേഖകനു ലഭിച്ചിട്ടുള്ള ചില രേഖകളാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കണമെന്നു വിചാരിക്കുന്നത്.

പ്രാചീനകാലത്തിലോ, മദ്ധ്യമകാലത്തിലോ ഉള്ള തമിഴ്സാഹിത്യത്തിൽ മലയാളപദത്തിനു പ്രവേശമേയില്ല. തമിഴ്നാട്ടിൻെറ പടിഞ്ഞാറേക്കരയിൽ പാർക്കുന്ന ജനങ്ങൾ അവരുടെ ഗൃഹോപയോഗികമായ ഭാഷയ്ക്കു 'മലയാഴ്മ' അല്ലെങ്കിൽ 'മലയായ്മ' എന്നു പറഞ്ഞുവന്നിരുന്നു. മലയാളവും മലയാഴ്മയും രണ്ടു മലയാളപദങ്ങൾ ചേർന്നുണ്ടായവയാണ്. അതിൽ ഒന്ന് പർവതമെന്നർത്ഥമായ 'മല-യും മറേറതു' ഗവമെൻറ് (ഭരണം) എന്നർത്ഥമായ ആൾമ (ആളം) യും ആണ്. മലയാളം എന്ന പദത്തിൻെറ അർത്ഥചർച്ച ചെയ്യുമ്പോൾ പ്രസ്തുത പദത്തെ മല+ആളം എന്നു പിരിക്കുകയും, ആളശബ്ദത്തിന് ഗവമെൻറ (ഭരണം) എന്ന് അർത്ഥം വിവക്ഷിക്കുകയും ചെയ്യാവുന്നതാണ്.

അടുത്തതായി 'ആള'ശബ്ദത്തിൻെറ ആഗമത്തെപ്പററി ചിന്തിക്കാം.

1. 'ആൾ' എന്ന ഭരണാർത്ഥകമായ ധാതുവിൽ 'അം' എന്ന തദ്ധിതപ്രത്യയം ചേർത്തു 'ആളം' എന്ന ക്രിയാനാമം സൃഷ്ടിക്കുക.

2. 'ആഴുന്നു' എന്ന ക്രിയയിൽനിന്ന് 'അം' പ്രത്യയംചേർത്തു 'ആഴം' (ആളം) എന്ന പദം നിർമ്മിക്കുക. ഇവയിൽ രണ്ടാമതുപറഞ്ഞ രൂപനിഷ്പാദനത്തിൽ 'ഴ'കാരത്തിനു 'ള' കാരം വ്യത്യസ്തംവന്നു 'ആഴം' 'ആളം' എന്നായിത്തീരുന്നതാണ്. ഇപ്രകാരമുള്ള രൂപങ്ങൾ ദ്രാവിഡഭാഷയിൽ സർവസാധാരണമാണ്.

| | |
|---|---|
| വാഴപ്പഴം | വാളപ്പളം |
| കീഴ | കീള് (കീഴ്) |
| താഴ്ച | താഴ്ച |
| വേഴ്ച | വേഴ്ച |

ഇനി ആഴ്മയെപററിആലോചിക്കാം 'ആളുക' എന്ന ക്രിയാധാതുവിനോട് 'മ' എന്ന തദ്ധിത പ്രത്യയംചേർത്ത് 'ആൾമ' എന്ന ക്രിയാനാമം സൃഷ്ടിക്കയും ളകാരത്തിനു ഴകാരം വ്യത്യയംവന്ന് ആൾമ ആഴ്മയെന്നാകയും ചെയ്യുന്നതാണ്. മാത്രമല്ല ളകാരത്തിനു ണകാരം വ്യത്യയംവന്നു 'മലയാണ്മ' എന്നുകൂടി പ്രയോഗം ഉണ്ട്. 'മലയായ്മ' എന്നതു ഉച്ചാരണദുഷ്യത്താലുണ്ടായതു മാത്രമാകുന്നു.

'ആൾ' ധാതുവിൽനിന്നുണ്ടാകുന്ന ഭരണാർത്ഥകമായ ക്രിയാനാമപദങ്ങളിൽവച്ച് 'ആഴ്മ'യോളം പ്രസിദ്ധി ആളത്തിനുള്ളതായി അറിയുന്നില്ല. ഭാഷയിൽ 'ഊരാഴ്മ' എന്ന പദം നടപ്പിലുണ്ടെങ്കിലും 'ഊരാളം' എന്ന രൂപത്തിൽ പ്രയോഗം സാധാരണ നടപ്പിലില്ല.

'ആഴ്മ'യെ 'ആൾ' ധാതുവിൽനിന്നു വ്യുത്പാദിപ്പിക്കുന്നതുപോലെതന്നെ 'താഴ്ചയിലാവുന്നു' എന്നർത്ഥമായ 'ആഴ്' ധാതുവിനോട് 'മ' പ്രത്യയംചേർത്ത് 'ആഴ്മ' എന്ന നാമപദമുണ്ടാക്കാം.

| | |
|---|---|
| താഴുന്നു | താഴ്മ |
| ആഴുന്നു | ആഴ്മ |

അപ്പോൾ ആഴ്മയ്ക്ക് ആഴം എന്നർത്ഥംപറകയും, 'മലയാഴ്മ'യെ മലയ്ക്കും ആഴ്മയ്ക്കും (ആഴത്തിനും—കടലിനും) ഇടയ്ക്കുകിടക്കുന്ന ദേശമെന്നു വ്യാഖ്യാനിക്കയുംചെയ്യാം. ഇങ്ങനെ മലയാളം, മലയാഴ്മ, എന്നീ രണ്ടു പദങ്ങൾക്കും മല+ഗവമെൻറ (ഭരണം) എന്ന ഒരേ അർത്ഥം കല്പിക്കുമ്പോലെതന്നെ മല+ആഴം എന്ന അർത്ഥവും ഉണ്ടായിരിക്കാമെന്നു തെളിയുന്നതാണ്. കാലാന്തരത്തിൽ മല + ആഴം,=മല + ആളം എന്നായിത്തീർന്നിരിക്കാമെന്നും ഊഹിക്കാം.

ഏതായാലും പ്രാചീനകാലത്തെ സ്ഥിതിയനുസരിച്ചു രേഖയോ ഭൂപ്രകൃതിയെ ആസ്പദമാക്കി മലയ്ക്കും ആഴത്തിനും ഇടയ്ക്കുള്ള നാട് എന്നർത്ഥത്തിൽ മലയാഴം എന്നു പ്രയോഗിച്ചിരുന്നിരിക്കാം. അങ്ങനെയായാൽ പണ്ടത്തെ വിദ്വാന്മാർ എഴുതീട്ടുള്ള

"മലയാഴികളിടയായൊരു മലയാളമിതു" എന്ന പ്രമാണം യുക്തിയുക്തമായിരിക്കുന്നതുമാണ്.

—o—

# * പൂക്കാരി

(എം. എസ്സ് നിർമ്മലാദേവി)

[ നതോന്നത ]

വാനലനിറംകലർന്നപട്ടുടുത്തു ചക്രവാള-
പ്പൂവനിയിലന്തിവന്നു ചിരിച്ചുനിൽക്കേ
യമുനതന്നലകളിൽ നീന്തിനീന്തി യരികത്തിൽ
കളിക്കുതന്നലെത്തി മന്ദം ചുംബനംചെയ്കെ,
കാമുകന്റെകരസ്പർശമേറ്റമിതമോദമൊന്ന്
കാമിനിപോൽ വൃന്ദാവനം പുളകമാർന്നു!
മഞ്ജുളങ്ങൾ,മഞ്ജരികൾതിങ്ങി,മനോരഞ്ജകമാം
കുഞ്ജമൊന്നിൽ,ലോലശിലാതളിമോപരി,
വാർമഴവിൽ,ക്കൊടിയാമൊരോമലാളേക്ഷമയാറി
മേവിടുന്നളിയക്കാത്തുപൊൻപ്രസൂനംപോൽ
തെന്നലേററുകുളിർത്തു കുണുങ്ങിക്കുണുങ്ങിനിൽക്കും
ചെയ്യനിനീർസുമങ്ങൾതൻമന്ദഹാസവും,
വസന്തത്തിൻതലോടലാൽപുളകമണിഞ്ഞു നിൽക്കും
കുസുമിതവല്ലികൾതൻവികാരവായ്പും
മൃദുലമാന്തളിർതിന്നുമദിച്ചുകൂകിടുംകൊച്ചു-
പരഭൃതകുലങ്ങളിൻപ്രേമഗാനവും,
അവളുടെഹൃദയത്തി,ലിളക്കിട്ടന്നൊരു നവ-
വിമോഹനവികാരത്തിൻതരംഗങ്ങളാം!
രാഗലോലൻ,ഘനമേചകാഭനാ,മാത്മനാഥന്റെ-
യാഗമനംകാത്തിരിക്കും രാധയാണവൾ!
നിമിഷങ്ങൾ;— ഉടനുടൻ പറന്നുപോകുമാക്കൊച്ചു-
നിമിഷങ്ങൾ, യുഗങ്ങളാ,യവൾക്കുതോന്നി!

II

സുഗന്ധിയാമൊരുകുളിർമരുത്തുവന്നുളുടെ
ചെവികളിലെന്തോ മന്ത്രിച്ചകന്നുപോയി.
'വേണമോമാലേ;നവ്യവസന്തത്തിൻസ്മിതരുചി
ചേരണുഴുന്നപട്ടുതുലിൽകൊരുത്തമാല!'
ഇവ്വിധത്തിലൊരുചോദ്യംമുന്നിലും,പൂക്കൂടയേന്തി
ശ്രീവിലാസമാന്നൊരോമൽ പിന്നിലുമായി,
രാധയുടെയരികിലായണഞ്ഞു; പുഞ്ചിരിയോടെ
'വേണമോമാല'യെന്നവൾവീണ്ടും ചോദിച്ചു!

III

മഞ്ജൂഷയിൽനിറയുന്ന,മന്ദഹാസംചൊരിയുന്ന,
മഞ്ജുമലർച്ചെണ്ടുകളും, മാലികകളും,
അന്തരംഗംവഴിയുന്ന കൗതുകമാർന്നവൾനോക്കി;
'എന്തുവേണംവിലയിവ'യ്ക്കുന്നുചോദിച്ചു!
'വിലപിന്നെപ്പറയാംഞാ;നവദിക്കുമോ,തവ
മലർമേനിയിവകൊണ്ടൊന്നലങ്കരിക്കാൻ?'

IV

അനുമതിലഭിച്ചതിൻമുമ്പുതന്നെ,ദേവിയുടെ
കനകൊളിതിരളുമാക്കളേബരത്തിൽ,
നവമലരുകളാലും,മനോജ്ഞമാല്യങ്ങളാലും,
അവളുലങ്കാരങ്ങളുണ്ണിയിക്കയായ്!
വാഗതീതമാകുമൊരുഹൃദയാനന്ദത്തിയി,ലനു-
രാഗിണിയാംരാധ,മതിമറന്നുനിന്നു.!

V

'കനകകങ്കണങ്ങൾഞാൻ,നിനക്കിന്നുസമ്മാനിക്കാം;
ഇനിയിതുവിധമെന്നും തരണേപൂക്കൾ!'
കനകമാരിപോലൊരു മൃദുമധുമന്ദഹാസം
കമനിയാൾചൊരിഞ്ഞാനുനിവന്നുനിന്നു
'തരിവളകളേ?വേണ്ട;അവയേക്കാളമൂല്യമാം
വരമൊന്നുതന്നാൽമതി;കൃതാർത്ഥയാംഞാൻ
ദേവി,ഭവൽകാമുകനാമാഴിവർണ്ണനോടുതെല്ലും
പരിഭവംനടിക്കരുതെന്നരിക്കലുംനീ!
പാവമവൻഭവപദസേവകൻ,നൊരാരാധകൻ,
ജീവനേപ്പോൽതന്നെ,നിന്നെനിനച്ചിടുന്നോൻ.!'

VI

കാമിനിമുഖമുയർത്തി,സാത്ഭുതംനോക്കവേ,ശ്യാമ-
കോമളനാമാത്മനാഥൻ,വേണുഗോപാലൻ,
മുന്നിൽനിന്നുചിരിക്കുന്നു;കാണ്മതില്ല,പൂക്കാരിയെ;
ചൊന്നതില്ലദേവിയൊന്നുമാനന്ദവായ്പാൽ
കോമളമാമൊരു വേണുനാദമെയന്നുയർന്നു;
കോൾമയിരാൽ,പല്ലവിതവല്ലികളാടി!
കാളിന്ദിയിൽരണ്ടുകൊച്ചുതരംഗങ്ങളൊന്നുചേർന്നു
കാമുകഹൃദന്തങ്ങൾപോൽലയിച്ചുപോയി.
അംബരത്തി,ലന്തിമേഘശകലങ്ങൾ,ചിരിച്ചുട്ടു-
ത്തുമ്മവെച്ചുകളിക്കുന്നു,വികസദ്രാഗാൽ!
കൺമണിരാധയെത്തന്റെ ചേണഴന്നമാറിൽചേർത്തു
പൂർണ്ണമോദമാഴിവർണ്ണൻപുണർന്നുനിന്നു!

---

* From, "Radha and Flower maid"
by T. L. Vaswani.

# നിഴലുകൾ

ശ്രാമ്പിക്കൽ പത്മനാഭമേനോൻ, ഇടപ്പള്ളി

കന്മഷം കലർന്നു നിഴലേ! ഭവൻ സ്വച്ഛ-
സുന്ദരമായീടുന്ന പകലിൻധാവള്യത്തിൽ!!
ജീവിച്ചുപോരുന്നു.നീ ജീവിതത്തെയാമോദ-
രവിശപ്രകാശത്തിൻ വെൺകൊറക്കുടക്കീഴിൽ
എന്തിനായപരന്റെ പാദമൂലത്തിൽചേർന്നു
സങ്കടകരംദാസ്യഭാവം നീ വഹിക്കുന്നു?
കാൽതനാവൃതപാദം ജീവി വിശ്രമംനുകർന്നിൻ.
കാരുണിവക്ഷസ്സിങ്കൽ കാൽച്ചവിട്ടേല്പിക്കുന്നു!!
നിസ്സാരരേകും സാധുസേവനംഗണിപ്പീലീ-
മാത്സര്യപൂർണ്ണംലോകം! എന്തിതിൽപരിഭവം?
ഊഴിയിൽ പററിപ്പിടിച്ചങ്ങനെകിടന്നു നീ;-
താഴ്മയെ ഭജിക്കുന്നു-പൂംപുകളന്വേഷിപ്പീല!
കൂർത്തകല്ലുകൾ,മുള്ളും പുല്ലുമാമിടത്തും നീ-
ചാർത്തുന്നുപാദമുദ്ര സഹജപ്രേമത്തിനാൽ!
സുന്ദരപ്രകാരത്തെയവേതീതിച്ചാരാധിപ്പാൻ
സന്ദർഭമേകിടുന്ന 'കാർവർണ്ണ'നാകുംഭവാൻ!
നിന്ദതൻകരിമഷി നിൻമെയ്യിൽതൂമിക്കുന്നു!
നന്ദിയെയറിയാത്ത നിശ്ശൂന്യഹൃദയങ്ങൾ:—
'കന്മഷംകലർന്നു നിഴലേ! ഭവൻസ്വച്ഛ
സുന്ദരമായീടുന്ന പകലിൻ ധാവള്യത്തിൽ'

* * * * *

മൽക്കിനാവുകൾഫലപ്രായമായ്നിഴലനീ;-
ഇപ്രപഞ്ചത്തിൽ പ്രേമച്ഛായപോൽ തഴയ്ക്കുകിൽ!!

—:0:—

# ബാലികയുടെ മോഹം

വി. കെ. ഭാസ്കർ വെട്ടിക്കവല

വച്ചിലത്തോട്ടത്തിലെപ്പൂക്കളും നോക്കിക്കൊണ്ടാ-
ക്കൊച്ചുബാലികയേവം ചൊല്ലിനാൾമൃദുസ്വരം.
'ബാലാ,നിൻതോട്ടത്തിലെ പുഞ്ചിരിപ്പൊടിപ്പാകം
മാലോല'മത്തപ്പൂ'വിലൊന്നെനിക്കേകിടാമോ?'
വായ്ച്ചേറിപ്പടർന്നുള്ള പാവൽതൻചുവട്ടിലെ
പച്ചമണ്ണിളക്കിയും ചാണകംവളംവച്ചും
തോട്ടത്തിന്നകത്തേതോ മോഹന ഭാവിതൻ
വട്ടങ്ങളൊരുക്കുമക്കർഷകക്കൊച്ചുബാലൻ:—
പാവലിൻവള്ളികളെ നടനംപഠിപ്പിക്കും
മന്ദവായുവിൻസഖവാകുമത്തോട്ടക്കാരൻ:—
വേലിതന്നപ്പുറത്തായ് നിന്നുസസ്മിതംചൊല്ലും
ബാലതൻകിളിക്കൊഞ്ചൽ കേട്ടവൻചിരിക്കയായ്...!
'എന്തിനെൻമീന്തു, നിനക്കീഗന്ധവിഹീനമാം
മത്തപ്പൂ?വില്ലേ മററപൂക്കൾനിന്നാരാമത്തിൽ
മോഹനാങ്കണസ്സീമതാരാം,വീനട്ടിട്ടുള്ള
റോസ്സയും മററമല്ലിജാതിയും ഹസിക്കില്ലേ?!
ചാപല്യകേളാരമാ മംഗനാഹൃദയമേ,
പ്രാസമേള്ളപ്പോഴും പുൽമാട്ടമാശിക്കയോ
ബാല;തൻ ചെഞ്ചുണ്ടിലെക്കിഴഞ്ഞുചെമന്നതിയോ-
രോമനപ്പൂപ്പുഞ്ചിരിക്കിടയിൽ ചൊന്നാൾവീണ്ടും
പൂവനംപ്രസവിക്കും പനിനീർപുഷ്പത്തെക്കാൾ
കൂമൊഴമെനിക്കിതിൻ 'ചച്ചില' പോലുംബാലം,

* * * * *

നിഷ്പ്രവം വികസിക്കു മാരാമകുസുമത്തിൻ
സൗന്ദര്യമീക്ഷിക്കുവാനക്ഷികളിന്നില്ലെടോ!!

—o—


## നൂറ തുള്ളൽകഥകൾ

സാഹിത്യപഞ്ചാനനൻ,
ശ്രീമാൻ പി. കെ. നാരായണപിള്ള അവർകളാൽ
എഴുതപ്പെട്ട 'കുഞ്ചൻനമ്പ്യാർ' എന്ന സുപ്രസിദ്ധമായ
നിരൂപണത്തോടുകൂടിയതു്.

വില രൂപാ ൪.

## അഷ്ടാംഗഹൃദയം
## കല്പസ്ഥാനം

ഭാഷാവ്യാഖ്യാനസഹിതം തയാറായിരിക്കുന്നു.

വില രൂ: 1.

മാനേജർ,
ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം..






## ധാന്യം ചേറി വെടിപ്പാക്കൽ

ഭാരതത്തിലെ പ്രധാനതൊഴിൽ കൃഷിയാണല്ലോ. കൊയ്ത്തുകാലത്ത് നിങ്ങൾ വയലുകളിൽകൂടി നടക്കുമ്പോൾ ധാന്യം ചേറി വെടിപ്പാക്കുന്ന സർവ്വസാധാരണമായ ആ കാഴ്ച കാണാം. കാർഷികജീവിതത്തിന്റെ പ്രധാന ഭാഗമായ ഇതിൽ സ്ത്രീകൾ ഉൾപ്പെടെ കുടുംബാംഗങ്ങളെല്ലാം ഒത്തുചേർന്ന് ജോലി ചെയ്യുന്നു.

ഗ്രാമവീഥികളിൽക്കൂടി ഒരാൾ സഞ്ചരിക്കുമ്പോൾ അവിടവിടെയുള്ള പീടികകളിൽ സാമാനങ്ങളോടുകൂടി 'ഹമാംസോപ്പ്' കാണാം.




## ഹമാം

ഭാരതം ഒട്ടാകെ
ഇഷ്ടപ്പെടുന്ന സോപ്പ്

ടാംകോ വില്പനശാല
നമ്പർ 4/117 ബിച്ചി
റോഡ്, കോയമ്പത്തൂർ

A TATA PRODUCT

ദി ടാററാഓയിൽമിൽസ്കമ്പനി
ലിമിറ്റഡ്.

## ബാങ്കര ചന്ദ്രശേഖരൻ.

വില രൂ 1. ണ 4.

മാനേജർ,
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം

## അനർഹഭാഗ്യം

—o—

(നാലാംപേജിൽനിന്നും തുടർച്ച)

വണ്ടി തൃശ്ശൂർനിന്നു വേഗം ഇറങ്ങി പുറത്തുകടന്നു. വൃദ്ധന്റെ കണ്ണു് ഇമയ്ക്കാതെ എന്നെത്തന്നെ നോക്കിയിരിക്കുന്നതും, ആ മുഖത്തു കാണപ്പെട്ടവിഷാദഭാവവും അല്പനേരത്തേക്കു എന്നിൽ ഒരു മാനസാന്തരം ഉളവാക്കി.

* * *

'ശ്രീധരൻ.—അയാൾ' ഞങ്ങളോടുകൂടി 'കാളേജിൽ പഠിക്കുന്നു.എങ്കിലും, വിദ്യാർത്ഥിസഹജമായ തന്റേടവും, പരിഷ്കാരവും അയാളെ തീണ്ടിട്ടുപോലുമില്ല. യാതൊരുവിധമായ വിനോദങ്ങൾക്കും അയാൾ സഹകരിക്കയില്ല. വൈകുന്നേരത്തുള്ളസമയങ്ങളിൽ തനിയെ ഞങ്ങളിൽനിന്നും അകന്നു എവിടെയെങ്കിലും പോയി ആകാശത്തിൽ ദൃഷ്ടിയുറപ്പിച്ചു അഭിനവബുദ്ധനെപ്പോലെ ഇരിക്കുന്ന അയാളെ ഞങ്ങൾക്കു് പൊതുവെപുച്ഛമാണു്. എന്നാൽ അധികൃതർക്കെല്ലാം അയാളെ വലിയകാര്യമാണു്. ഇതേവരെ ഒരു ക്ലാസ്സിലും തോൽക്കാതെ സ്കൂൾക്കിപ്പോടുകൂടി പഠിക്കുന്നവനായതുകൊണ്ടായിരിക്കാം. അയാളാണു് ഞങ്ങളുടെ 'മലമ്പൂസ'"

ഫൈനൽപരീക്ഷക്കുമുമ്പായി ഞാൻ ശ്രീധരന്റെ ഉറ്റമിത്രമായിത്തീർന്നു. അയാളുടെ അഭിപ്രായങ്ങൾക്കെല്ലാം എന്റെ അഭിപ്രായങ്ങളോടു സാമ്യമുള്ളതായി ഞാൻസമ്മതിച്ചു. ചിലപ്പോഴെല്ലാം ഞാനും മററുള്ളവരിൽനിന്നു ഒഴിഞ്ഞു അയാളോടുകൂടി വിശാലമായ പുൽത്തകിടിയിൽപോയി ആകാശത്തേക്കുനോക്കിയിരിക്കും. അങ്ങിനെ ഇരിക്കുമ്പോൾ ചിലപ്പോൾ ഞങ്ങൾ സംസാരിക്കാറുമുണ്ടു്. പലവിശേഷങ്ങളും ശ്രീധരൻ എന്നോടുപറയും. ഞാൻ വളരെശ്രദ്ധിച്ചുകേൾക്കും. അ മേൽവിലാസംകൊടുപ്പിന്റെ അനന്തരഫലം ഞാൻ പ്രതീക്ഷിക്കും. എന്നാൽ ഒന്നും കിട്ടിയിരുന്നില്ല.

കാളേജുപൂട്ടി, ഓരോരുത്തരും അവരവരുടെ വീടുകളിലേക്കുപോകാൻ തയ്യാറാകുകയാണു്, ഞാനും ശ്രീധരൻ എന്റെ അടുത്തുവന്നു. ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു, പെട്ടെന്നു പ്യൂൺവന്നു ശ്രീധരനെ വാർഡർ വിളിക്കുന്നതായിപറഞ്ഞു. ഞങ്ങൾ രണ്ടാളുംകൂടി ഓഫീസുമുറിയിലേക്കുചെന്നു. അവിടെ ഇരിക്കുന്ന അപരിചിതനായ ഒരാളെ വാർഡൻ ശ്രീധരനു പരിചയപ്പെടുത്തി.

വാർഡൻ പറഞ്ഞു ഇതാണു് മേലേവിളവീട്ടിൽ മിസ്റ്റർ കെ. പി. ശ്രീധരൻ നായർ. ഇതേവരെ ഒരു ക്ലാസിലെങ്കിലും തോററിട്ടില്ലാത്ത ഞങ്ങളുടെ മാതൃകാവിദ്യാർത്ഥി. മി. ശ്രീധരൻ! ഇദ്ദേഹം നിങ്ങളോടു എന്തോ സംസാരിക്കുവാൻ ആഗ്രഹിക്കുന്നു.

അപരിചിതൻ—"ഇല്ല, രഹസ്യംഒന്നും ഇല്ല. താങ്കൾകൂടി കേൾക്കണം." അനന്തരം ശ്രീധരനോടായി. "മി. ശ്രീധരൻ! എന്റെ വീട് ആലുവായ്ക്കടുത്താണു്. ഒരു അഡ്വക്കേററാണു്. ഞങ്ങളുടെ നാട്ടിലെ മികച്ച ധനവാനായ ഒരു വൃദ്ധൻ മരിക്കുന്നതിനുമുമ്പായി അനന്തരാവകാശിയായി ഉററവർ ആരും ഇല്ലായ്കയാലും, ഒരു അനന്തരവൻ ഉണ്ടായിരുന്നവൻ വീടുവിട്ടുപൊയ്ക്കളഞ്ഞതിനാലും, ഉദ്ദേശം പത്തുലക്ഷംരൂപാ വിലവരുന്ന തന്റെ സ്വത്തുക്കളിൽ പകുതി ചില ധർമ്മസ്ഥാപനങ്ങൾക്കും, ബാക്കി പകുതി അദ്ദേഹത്തിന്റെ അനന്തിരവനോടു രൂപംകൊണ്ടും, പ്രായംകൊണ്ടും സാദൃശ്യംവഹിക്കുന്നതിനാൽ നിങ്ങൾക്കും തരുന്നതിനായി വിൽപത്രം എഴുതിവയ്ക്കുകയും, ആയതു നടപ്പിൽവരുത്തുന്നതിനു അദ്ദേഹത്തിന്റെ കുടുംബവക്കീലായ എന്നെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നതിനാൽ എന്നോടുകൂടി പുറപ്പെട്ടുവന്നു ആ വക സ്വത്തുക്കൾ എല്ലാം ഏററുവാങ്ങിക്കൊള്ളുക, എന്താ?,' ആ വക്കീൽ ഒററവാചകത്തിൽ പറഞ്ഞുനിർത്തി.

ശ്രീധരൻ—വരാം. ഞാൻ വീട്ടിലേക്കു പോകാൻ തയ്യാറാകുകയായിരുന്നു.

"അഞ്ചുലക്ഷംരൂപാ. അനർഹഭാഗ്യം" ഞാൻ എന്റെ ബുദ്ധിമോശത്തെപ്പററി സ്വയം ശപിച്ചു.

—o—

ശാസ്ത്രപംക്തി

# അലൂമിനിയം—ഭാവിയിലെ ലോഹം

(ആർ. കൃഷ്ണപിള്ള, ബി. എസ്സ്. സി. റിസെച്ച് വിദ്യാർത്ഥി)

ശാസ്ത്രഗ്രന്ഥങ്ങൾവായിക്കുന്നതിലും ശാസ്ത്രത്തെക്കുറിച്ചുള്ള ലേഖനങ്ങളിൽ കണ്ണോടിക്കുന്നതിലും സാധാരണ വായനക്കാർ വൈമുഖ്യമാണു് പ്രദർശിപ്പിക്കാറുള്ളതു്. ശാസ്ത്രം അഥവാ വിജ്ഞാനം(സയൻസ്)—അതിൽ സാധാരണമനുഷ്യനുള്ള അറിവു് തുലോം പരിമിതമാണു്. രാഷ്ട്രീയ, സാമ്പത്തികകാര്യങ്ങളിലുള്ള പരിജ്ഞാനം വിപുലമാക്കാൻ വെമ്പൽകൊള്ളുന്ന മനുഷ്യൻ എന്താണു് ശാസ്ത്രത്തിലുള്ളജ്ഞാനം വദ്ധിപ്പിക്കാൻ ശ്രമിക്കാത്തതു്. ശാസ്ത്രത്തെപ്പോലെ മറെറാരുവിഷയവും നമ്മുടെ ജീവിതത്തെ വ്യത്യസ്തപ്പെടുത്തുന്നില്ല. മനുഷ്യന്റെ വത്തമാനദശയെയും ഭാവിയേയും അതു അത്രമാത്രം ബാധിക്കുന്നുണ്ടു്. ശാസ്ത്രം മിന്നൽപിണർവേഗത്തിൽ മുന്നോട്ടുപായുകയും നമ്മുടെ രാഷ്ട്രീയസാമ്പത്തികപരിതസ്ഥിതികളിൽ അനുനിമിഷം പരിവത്തനംവരുത്തുകയും ചെയ്യുമ്പോൾ നാം അതിനെക്കുറിച്ചു പഠനംനടത്താൻ വൈമുഖ്യംകാണിക്കുന്നതു ക്ഷന്തവ്യമല്ല.

ഭംഗിയുള്ളതും ഘനം കുറഞ്ഞതും രജതവർണ്ണത്തോടുകൂടിയതുമായ അലൂമിനിയം പാത്രങ്ങൾ നാം നിത്യം ഉപയോഗിക്കുന്നുണ്ടായിരിക്കാം. എന്നാൽ അലൂമിനിയത്തിന്റെ മൂലചരിത്രത്തെക്കുറിച്ചും അതിന്റെ വ്യാവസായിക സാദ്ധ്യതകളെക്കുറിച്ചും അറിയാവുന്നവർ സാധാരണക്കാരുടെ ഇടയിൽനന്നേ ചുരുങ്ങും. വിശിഷ്ടമായ ഒരു കൌതുകവസ്തുവിൽനിന്നും അതു് സർവ്വസാമാന്യമായ ഒരു ലോഹമായി പരിണമിച്ചിട്ടു് ഇന്നു അറുപതോളം വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു.

ഫ്രാൻസിന്റെ മൂന്നാമത്തെ റിപ്പബ്ലിക്കു് അതിന്റെ ആദ്യത്തെ ദശാബ്ദം വിജയകരമായി അവസാനിച്ചപ്പോൾ ഒരു ധനികനായ അമേരിക്കന് അയാളുടെ ഇരട്ടക്കുഴൽക്കണ്ണാടിയ്ക്കു് സ്വർണ്ണത്തെക്കാൾ വിശിഷ്ടമായ ഒരു സാധനംകൊണ്ടു ഉള്ളചട്ടമിടണമെന്നു് ആഗ്രഹം ജനിച്ചു. പേപ്പർപോലെ ഘനം കുറഞ്ഞതും രജതവർണ്ണത്താൽ മിന്നിത്തിളങ്ങുന്നതുമായ ഒരു സാധനം അയാൾക്കു് നൽകി. അതു് അയാൾ സന്തോഷത്തോടെ സ്വീകരിച്ചു. ആ അപൂർവ്വവസ്തു അലൂമിനിയം അല്ലാതെ മറെറാന്നുമല്ലായിരുന്നു. അയാളുടെ സന്തതികൾ അയാളുടെ മൂഢതയെക്കുറിച്ചു ചിരിച്ചുപോയേക്കാം. എന്നാൽ ഇന്നു നാം 60 വർഷം മുന്നിട്ടു പോയിരിക്കുന്നു എന്നും അലൂമിനിയയുഗത്തിലാണു് ജീവിക്കുന്നതെന്നും സ്മരിക്കേണ്ടതാണു്.

ലോകത്തിലുള്ള ഏററവും സാധാരണ ലോഹങ്ങളിൽ ഒന്നാണു് അലൂമിനിയം. അതു ഒരു സ്വതന്ത്രലോഹമായി പ്രകൃതിയിൽ കാണുകയില്ല മററു ഭൂതങ്ങളോടു ചേർന്ന വിവിധസംയുക്തങ്ങളുടെ രൂപത്തിലാണു് അതു ഭൂമിയിൽ പ്രത്യക്ഷമായിട്ടുള്ളതു്. ഭൂമിയുടെ ഉപരിഭാഗത്തിൽ 7½ ശതമാനത്തോളം ഈ ലോഹത്തിന്റെ സംയുക്തങ്ങൾ കലന്നിരിക്കുന്നു. പാറകളിലും കളിമണ്ണിലും സ്ലേററിലും ഈ സംയുക്തങ്ങളുണ്ടു.

അലൂമിനിയം ഈ സംയുക്തങ്ങളിൽനിന്നും സ്വതന്ത്രമായി വേർതിരിച്ചെടുത്തതു് 1827-ൽ വോളർ (Wohler) എന്ന ശാസ്ത്രജ്ഞനാണു്. എന്നാൽ അതിന്റെ ആധുനികരീതിയിലുള്ള ഉല്പാദനത്തിന്റെ തത്വം കണ്ടുപിടിച്ചതു് ഹാൾ Hall എന്ന പ്രസിദ്ധ രസതന്ത്രശാസ്ത്രജ്ഞനാണു്. അദ്ദേഹത്തിനെക്കുറിച്ചു് ഇപ്രകാരം ഒരു കഥ പ്രസിദ്ധമാണു്. വിദ്യാർത്ഥിയായിരുന്നകാലത്തു് അദ്ദേഹത്തിന്റെ പ്രഫസർ ക്ലാസിൽ ഇപ്രകാരം പറഞ്ഞു—'ഇയാൾ നല്ല ഒരു രസതന്ത്രശാസ്ത്രജ്ഞനാകും. മനുഷ്യസമുദായത്തിനു് വളരെ ഉപകാരം ചെയ്യും കളിമണ്ണിൽനിന്നു് അലൂമിനിയം വേർതിരിച്ചെടുക്കുന്നതിനുള്ള മാർഗ്ഗം കണ്ടുപിടിക്കാൻ ഇയാൾക്കു സാധിക്കും' എന്നു്. കളിമണ്ണിൽ അലൂമിനിയം സിലിക്കേററ എന്ന സംയുക്തം കലന്നിട്ടുണ്ടു്. കളിമണ്ണിൽനിന്നു അലൂമിനിയം വേർതിരിയ്ക്കുന്നതിനു സാദ്ധ്യമായില്ലെങ്കിലും അലൂമിനിയം ആക്സൈഡ് അഥവാ അലൂമിനാ (അതായതു് അലൂമിനിയവും അമ്ലജനകവുമായുള്ള സംയുക്തം) ക്രൈയോലൈററിൽ ഉരുക്കുകയും ഇലക്ട്രിസിററി ഉപയോഗിച്ചു ഇലക്ട്രാളിസിസ് (Electrolysis) എന്ന പ്രയോഗത്താൽ അതിൽനിന്നു അലൂമിനിയം സ്വതന്ത്രമാക്കി എടുക്കുകയും ചെയ്യാം എന്നദ്ദേഹം വെളിപ്പെടുത്തി. സാധാരണന്മാക്കു വാങ്ങിക്കത്തക്കവിധം അതിന്റെ വില പൊടുന്നനവെ കുറഞ്ഞു. അദ്ദേഹത്തിന്റെ പ്രഫസറുടെ വാക്കുകൾ അന്വത്ഥമായി. അലൂമിനിയത്തിന്റെ ഒന്നുരണ്ടു ശലാകകൾകിട്ടിയപ്പോൾ അദ്ദേഹം പ്രഫസറുടെ പക്കലേക്കു ഓടിച്ചെന്നു് പറഞ്ഞു. 'പ്രഫസർ' അതു എനിക്കു കിട്ടി' എന്നു്.

സാധാരണ കളിമണ്ണു് അലൂമിനിയം സിലിക്കേററ് എന്ന സംയുക്തമാണു. അതിൽനിന്നും അലൂമിനിയം വലിയതോതിൽ ഉല്പാദിപ്പിക്കുന്നതിനുള്ള മാർഗ്ഗം ഇതുവരെയും കണ്ടുപിടിച്ചിട്ടില്ല. ഇപ്പോൾ ഈ ലോഹത്തിന്റെ മുഴുവൻ ഉല്പാദനവും ബാക്സൈറ്റ് എന്ന സാധനത്തിൽനിന്നാണു. ഈ ധാതുസംയുക്തം പിംഗലവർണ്ണത്തിലുള്ള ഒരു അനിയതരൂപവസ്തുവാണു്. ഇതിൽ സിലിക്കാ, ഇരുമ്പുമുതലായ അഴുക്കുകൾ ഉണ്ടു്. അതിനാൽ ഇതിനെ ശുദ്ധിയാക്കിട്ടാണുപയോഗിക്കാറുള്ള

(ശേഷം അഞ്ചാംപേജിൽ)

(പന്ത്രണ്ടാം പേജിൽനിന്നു തുടർച്ച)

മാത്രംപോലും വ്യതിചലിയ്ക്കുവാൻ അദ്ദേഹം സന്നദ്ധനായിരുന്നില്ല. ആരെയും കീഴ്‌വഴങ്ങുന്ന സമ്പ്രദായം അദ്ദേഹത്തിനില്ലായിരുന്നു. തന്മൂലം, അഭിപ്രായങ്ങളിലും ആദർശങ്ങളിലും വന്ന വ്യത്യാസം മൂലം അദ്ദേഹം ആസാദ്ഗവമ്മെൻറിൽനിന്നും രാജിവെച്ചു. പിന്നീടു് ബ്രിട്ടീഷുകാർ മലയാ വീണ്ടെടുത്തതുവരെ അദ്ദേഹം ജപ്പാൻകാരുടെ ബന്ധനത്തിൽ കഴിയേണ്ടിവന്നു. സ്വതസ്സിദ്ധമായ വാഗ്വിലാസത്തോടെ ഈ കാര്യങ്ങളെയെല്ലാം, അദ്ദേഹം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 'യുദ്ധകാലസ്മരണകൾ' എന്ന ലേഖനപരമ്പരവഴിയായി പ്രതിപാദിക്കുന്നുണ്ടല്ലോ.

ഒരു തികഞ്ഞ സഹൃദയനും, ഉത്തമസാഹിത്യകാരനുംകൂടിയാണു് ശ്രീ: മേനോൻ. അദ്ദേഹത്തിന്റെ 'ബിലാത്തിവിശേഷവും' 'അസ്തമനവും' മലയാളത്തിലെ അതിമനോഹരങ്ങളായ രണ്ടു ഗദ്യഗ്രന്ഥങ്ങളാണു്. മധുരവും അക്ലിഷ്ടവും ആയ ഒരു ഗദ്യശൈലിയാണു് അദ്ദേഹത്തിനുള്ളതു്. ചുരുചുരുക്കുള്ളതും, കാര്യമുൾക്കൊള്ളുന്നതും, ലളിതവും ആണു അദ്ദേഹത്തിന്റെ വാചകങ്ങൾ. എത്രവായിച്ചാലും മുഷിച്ചിൽ ഉണ്ടാവുകയില്ല. ഫലിതം പറയാനും പ്രയോഗിയ്ക്കാനും അദ്ദേഹത്തിനു് വശമുണ്ടു.

നിറഞ്ഞ ഹൃദയത്തോടെ മലയാളക്കര ശ്രീ. മേനോനു് സ്വാഗതമരുളുന്നു. കേരളവും ഭാരതവും അദ്ദേഹത്തിന്റെ സേവനങ്ങൾക്കായി സോൽക്കണ്ഠം കാത്തുനില്ക്കയാണു്. ശ്രീ. കേളപ്പൻ പറയുന്നതുപോലെ 'കാലോചിതമായി ഉൾവരുന്ന ഒരു ആധുനികനാണു്' കേശവമേനോൻ. അദ്ദേഹം മുന്നോട്ടു് വീക്ഷിക്കൊണ്ടിരിക്കുന്ന ഒരു സമുദായത്തിന്റെ മുന്നണിയിലാണു് എന്നു" മഹാകവി വള്ളത്തോൾ പാടുന്നു—

"ഭാഗ്യമേ, വെൽക്കിദ്ദേഹം
തിരിയെവരികയാൽ
ഭാർഗ്ഗവക്ഷേത്രംനേടി
പഴയ നേതാവിനെ."

—o—


## ആമ്പാഡ് പൽപൊടി

ഈ പൽപൊടി പല്ലുകളെ നല്ല വെള്ളനിറമാക്കുന്നതുകൂടാതെ പല്ലുവേദന, ബ്ലീഡിംഗ്, മോണപഴുപ്പ് മുതലായവയെ തടയുന്നു. കൂടാതെ വായ്ക്കകത്തുള്ള ദുർഗ്ഗന്ധത്തെ ഇല്ലാതാക്കുന്നു.

ഏജൻറന്മാരെ ആവശ്യമുണ്ടു്.

Product of:
**The Ambol Ointment Mfg. Co., Madura.**



**എസ്. ആർ. വി പ്രാസസ് സ്ററുഡിയോ, കൊല്ലം.**

എല്ലാത്തരം ബ്ലാക്കുകളും ഇവിടെ കൃത്യസമയത്തു ചെയ്തുകൊടുക്കുന്നതാണു്.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം








B II

## നോട്ടീസ്സ്

—o*o—

കൊല്ലം ജില്ലാകോർട്ടിൽ
1103 അസൽ 74

കൂട്ടതൽവാദി—ഇരവിപുരം ഉമയനല്ലൂർ തെക്കുംകരചേരിയിൽ കാരാവള്ളിമഠത്തിൽ ശങ്കരയ്യൻ സുബ്രഹ്മണ്യയ്യൻ.

പ്രതി 2. മാവേലിക്കര വള്ളികുന്നം പകുതിയിൽ ഇലിപ്പുക്കുളങ്ങരമുറിയിൽ പൂന്നാട്ടുവീട്ടകൂടിയുള്ള കമ്പഴവീട്ടിൽനിന്നും ടി മുറിയിൽ കവാമ്പാലിവീട്ടിൽ താമസം പത്മനാഭൻ ശങ്കരൻ എന്ന ഏഴുത്തുകുത്തുള്ള പി. ശങ്കരപ്പിള്ള ബി. ഏ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പരിലെ ഡിക്രി തീരത്തിക്കൊടുക്കണമെന്ന ടി കൂട്ടതൽവാദി ബോധിപ്പിച്ച 1117 ഇ. പി 787-ാംനമ്പർ ഹർജിസംഗതിക്ക ടി പ്രതിക്ക ഈ കോടതിയിൽനിന്നും പലതവണ നോട്ടീസയച്ചതിലും കൈപ്പററാതെ മടങ്ങിഅയച്ചുവരുന്നതും ടി നമ്പർ ടി പ്രതി ഹാജരാകാനായി 1122 വൃശ്ചികമാസം 18-ാംനു-ക്ക മാററിയിരിക്കുന്നതും ആകയാൽ അന്നേദിവസം പകൽ 11 മണിക്ക ടി പ്രതി നേരിട്ടോ പ്രതിക്കുവേണ്ടി മുറപ്രകാരം ഏർപ്പെട്ടത്തിട്ടുള്ള അഡ്വക്കേറ്റമുഖാന്തരമോ ഈ കോടതിയിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ടി ഹർജിസംഗതി ടി പ്രതിയെക്കൂടാതെ തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം.
ശിരസ്തദാർ (ഒപ്പ്)

1122 തുലാം 25-ാംനു-

### സിവിൽ പലവക ഹർജിവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്ക നോട്ടീസ്സ്

R 20

കൊല്ലം പ്രിൻസിപ്പാൾ മുൻസിഫ് കോർട്ടിൽ
116-മാണ്ടു സി 287

വാദി - വടക്കേവിള ഏട്ടാമലചേരിയിൽ തറവട്ടംപുരയിടത്തിൽ നാരായണനാചാരി ഉമ്മിണി ആചാരി.

പ്രതികൾ - 9. കൊല്ലം പള്ളിത്തോട്ടുചേരിയിൽ പുകയിലപണ്ടകശാലക്ക തെക്കുവശം ലായർവക കെട്ടിടത്തിൽ താമസം അലിമാഉമ്മാൾ അലിമാഉമ്മാൾ ഖരിജാബീവി. 10. ടിയിൽ മുഹമ്മദുകുഞ്ഞു് അബൂബക്കർകുഞ്ഞു്.

9-ം 10-ം പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പരിൽ വിധിനടത്താൻ അനുവദിച്ചു് ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന 1121-ാംമാണ്ടു് E. P. 994-ാംനമ്പർ ഹർജിസംഗതി 122-ാംമാണ്ടു വൃശ്ചികമാസം 18-ാംനു- വിചാരണക്ക വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്ക കക്ഷിയോ ക്രമപ്രകാരം അധികാരപ്പെട്ടത്തിയ വക്കീലോ ഏജൻറോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപംവല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

1122-3-29

## പ്രതിസമൻ

—o—

കൊട്ടാരക്കര മുൻസിഫ് കോർട്ടിൽ
121 സിനമ്പർ 1012

വാദി—കൊട്ടാരക്കര പടിഞ്ഞാററംകര കപ്പുംമൂട്ടിൽ താമസിക്കുന്ന ഏഴകോൺ പകുതിയിൽ ഇടവട്ടത്തുമുറിയിൽ തെക്കേവീട്ടിൽ മാത്തൻ കോശി.

൧-ാംപ്രതി—കൊട്ടാരക്കര കിഴക്കേക്കര യൂണിയൻടാക്കീസിൽ മാനേജരായിരുന്ന തിരുവല്ലാ കല്ലൂപാറപകുതിയിൽ മല്ലപ്പള്ളിമുറിയിൽ വലിയവീട്ടിൽ തോപ്പിൽവീട്ടിൽവറുഗീസ്സ ഫിലിപ്പ്

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പരിൽ ഒന്നാംപ്രതിക്ക പലപ്രാവശ്യം സമനയച്ചതിൽ മനഃപൂർവ്വം ഒപ്പിടാതെ മടങ്ങിഅയച്ചിട്ടുള്ളതിനാൽ വീണ്ടും സമനയച്ചു വരുന്നതിനായി കേസ് 122-ാമാണ്ടു് വൃശ്ചികമാസം 15-ാംനു- വിചാരണവച്ചിരിക്കുന്നതിനാൽ അന്നേ

## പ്രതിസമൻ

കാഞ്ഞിരപ്പള്ളി ടെമ്പററി
മുൻസിഫ് കോർട്ടിൽ
൧൧൨൧-ൽ സിവിൽ നമ്പ്ര ൨൪൭.

കൂട്ടതൽ ൨-ാംവാദി—അകലക്കുന്നം പകുതിയിൽ പുതുപ്പള്ളിഭാഗം കരയിൽ കിഴക്കയിൽ പിലിപ്പോസ് പിലിപ്പോസ്സ്.

൨-ാംപ്രതി—കോട്ടയം പകുതിയിൽ ഗോവിന്ദപുരം കരയിൽ പാറയ്ക്കൽ ബംഗ്ലാവിൽ താമസം കുന്നംപുറത്തു സി. ജെ ജോൺ.

ടി നമ്പരിൽ ൨-ാംപ്രതിക്ക സമൻസ് അയച്ചതിൽ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്ത വിചാരണദിവസമായ ൧൧൨൨-ാമാണ്ടു വൃശ്ചികമാസം ൨൪-ാംനു-പകൽ ൧൧ മണിക്ക ഈ കോടതി മുമ്പാകെ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കാത്തപക്ഷം ടി പ്രതിയെ കൂടാതെ കേസ്സ് തീരുമാനിക്കുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൧ തുലാം ൨൦-ാംനു-

## പരസ്യം

കൊട്ടാരക്കരമുൻസിഫ് കോർട്ടിൽ
121-സിവിൽനമ്പ്ര 831

വാദി—വെളിനല്ലൂർപകുതിയിൽ വാരാകാട്ടുമുറിയിൽ മഠത്തിൽവീട്ടിൽ ഈശ്വരപിള്ളനീലകണ്ഠപ്പിള്ള

വക്കീൽ സി. എം. കൃഷ്ണപിള്ള.

2-ാം പ്രതി—പത്തനാപുരംപകുതിയിൽ നടക്കുന്നമുറിയിൽ കുന്നംപ്രത്തുവീട്ടിൽ രാഘവൻപിള്ള.

2-ാംപ്രതിയെ തെര്യപ്പെടുത്തുന്നതു്.

ഈ നമ്പർ അന്യായ.സംഗതിക്ക് 2-ാം പ്രതിക്ക ഒന്നിലധികം പ്രാവശ്യം സമയനച്ചതിൽ കൈപ്പററാതെ മനപൂർവ്വം മടങ്ങിഅയയ്ക്കുന്നതും ഈ നമ്പർ 122 വൃശ്ചികമാസം 17-ാംതീയതി വിചാരണയ്ക്കുവച്ചിരിക്കുന്നതും ആകയാൽ ടി നമ്പരിനെപ്പററി വല്ല തക്കവും ഉണ്ടെങ്കിൽ വിചാരണദിവസം പകൽ 11 മണിക്ക് നിങ്ങളോ അധികാരപ്പെടുത്തപ്പെട്ട വക്കീലവർകളോ ഹാജരായി ബോധിപ്പിച്ചുകൊള്ളാത്തപക്ഷം നിങ്ങളെക്കൂടാതെ കേസ്സ് തീരുമാനിക്കുന്നതാണെന്നുള്ളവിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

## പരസ്യം

മീനച്ചൽമുൻസിഫ് കോർട്ടിൽ
1122-ൽ E. A. P. നമ്പ്ര I

ഹർജിക്കാരി— മാഞ്ഞൂർപകുതിയിൽ ടി കരയിൽ മാമ്മൂട്ടമ്യാലിൽ മാമ്മികമലാക്ഷി.

എതൃഹർജിക്കാരൻ—ഏലക്കാട്ടുപകുതിയിൽ ടി കരയിൽ മരോട്ടിക്കത്തറപ്പിൽ കുട്ടൻവേലു,

ടി എതൃഹർജിക്കാരനെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പ്ര ഹർജിസംഗതിയിൽ എതൃകക്ഷിക്ക നോട്ടീസ്സ് അയച്ചതിൽ കൈപ്പററാതെ വന്നിരിക്കുന്നതിനാൽ ടി ഹർജിസംഗതി വീണ്ടും വിചാരണയ്ക്കായി 1122-ാംമാണ്ടു് വൃശ്ചികമാസം 19-ാംതീയതിക്ക വച്ചിരിക്കുന്നതും ഹർജിസംഗതിയിൽ എതൃഹർജിക്കാരനു ആക്ഷേപമുള്ളപക്ഷം ടി വിചാരണദിവസം പകൽ 11 മണിക്ക ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം എതൃഹർജിക്കാരനെക്കൂടാതെ ടി ഹർജിസംഗതി തീരുമാനിക്കുന്നതും ആണെന്നുള്ളവിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

12-3-122

---

ദിവസം പകൽ 11 മണിക്ക് ഈ കോടതിമുമ്പാകെ ഹാജരായി ആക്ഷേപംവല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം താങ്കളെക്കൂടാതെ കേസ്സ് തീരുമാനിക്കുന്നതും ആണെന്നുള്ള വിവരം തിര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ക്ലാർക്ക് (ഒപ്പ്)

28-3-122

## അപ്പീൽനോട്ടീസ്

—o—

നാഗരുകോവിൽ ജില്ലാകോർട്ടിൽ.
1121 അപ്പീൽ 48.

അപ്പീൽവാദി — വിളവങ്കോട്ടപകുതി ടി ദേശത്തു പെരുവിള പുത്തൻവീട്ടിൽ കുമാരവേലുനാടാർ രാമസ്വാമിനാടാർ.

അപ്പീൽപ്രതികൾ —1. ആരദേശം പകുതി മുഞ്ചിറദേശത്തു തിരുമലഗ്രാമത്തിൽ ലെക്ഷ്മിഅമ്മാൾ രുഗ്മിണിഅമ്മാൾ. 2 ടി യിൽ ലെക്ഷ്മിഅമ്മാൾ മീനാക്ഷിഅമ്മാൾ. 3 ടി യിൽ ലെക്ഷ്മിഅമ്മാൾ ഗോമതിഅമ്മാൾ.

കുഴിത്തുറ മുൻസിഫ് കോർട്ടിൽ. 1119 സിവിൽ 130-ാം നമ്പരിൽ അസൽപ്രതിയായ ടി അപ്പീൽവാദിക്ക ദോഷമായി 1120 ാമാണ്ടു് ചിങ്ങമാസം 29-ാംനു- ഉണ്ടായ വിധിയെ അസ്ഥിരപ്പെടുത്തി കിട്ടണമെന്ന ടി അപ്പീൽവാദി ബോധിപ്പിച്ചിട്ടുള്ള ടി അപ്പീൽസംഗതി 1122-ാമാണ്ടു വൃശ്ചികമാസം 17-ാംനു- തിങ്കളാഴ്ച വിചാരണവച്ചിരിക്കുന്നതിനാൽ ടി അപ്പീൽപ്രതികളോ അധികാരപ്പെടുത്തിയ വക്കീലന്മാരോ ഈ കോർട്ടിൽ ടി വിചാരണദിവസം ഹാജരാകാത്തപക്ഷം പ്രതികളെക്കൂടാതെ എക്സ്പാർട്ടിയായി ഈ അപ്പീൽ തീർച്ചചെയ്യപ്പെടുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)

4—4—122.

—o—

## പരസ്യം

—o—

ഏററുമാനൂർ മു: —കോർട്ടിൽ
1121-ൽ സിവിൽ 278

വാദി— കുട്ടനാട്ടത്തിപകുതി കുലശേഖരപുരംകരയിൽ തെക്കേതമററത്തിൽനിന്നും പുതിയടത്തു താമസം മത്തായിവറുഗീസു.

2-ാംപ്രതി - അയ്മനംപകുതി വല്യാട്ടു കരയിൽ പന്നിചാമ്പിലായ കമ്പിവേലിക്കകത്തുതാമസം കാളി കാത്ത്യായനി.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി പ്രതിക്ക ഈ കോടതിയിൽനിന്നും സമൻസ് അയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്തവിചാരണദിവസമായ 1122- വൃശ്ചികം 19-ാം തീയതി പകൽ 11 മണിക്ക കക്ഷിനേരിട്ടോ വക്കീലോ ഏജൻറുമുഖാന്തിരം ഈ കോടതിയിൽ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ചവരുത്തിയാൽ ടി പ്രതിയെക്കൂടാതെ അന്യായം തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെ.ഡ്ഗുമസ്താ(ഒപ്പ്)

13-3-122

## പരസ്യനോട്ടീസ്സ്

—o—

സിവിൽ നടപടി നിയമത്തിൻെറ
ആഡർ 21—റൂൾ 64.
വകുപ്പ്

കരുനാഗപ്പള്ളി മുൻസിഫ് കോർട്ടിൽ
1107 ാംമാണ്ടു സി. 323-ാംനമ്പർ
ആധ്യവ്യവഹാരം

വാദി —കൊല്ലംപകുതി ശക്തികുളങ്ങരചേരി വെട്ടുതോട്ടിൽ സെബാസ്റ്റ്യൻ അഗസ്റ്റിൻപ്രണന്റെസ്.

പ്രതികൾ—1. തെക്കുംഭാഗം പകുതി നീണ്ടകര മുറിയിൽ കാട്ടുവടക്കിൽ വലിയവീട്ടിൽ സെബാസ്റ്റ്യൻ ഗ്രഹറി ഡീമറീസ്, 2. ടിയിൽ പ്രനറി എഡേവർഡ് ഡിമോറീസ്, 3. ടിയിൽ ഗ്രഹറി ബേബിമോറീസ്, 4. ടിയിൽ ഗ്രഹറി പ്രാൻസിസ് ഡിമോറീസ്, 5. ടിയിൽ ഗ്രഹറി ജായിസ് ഡീമോറീസ്.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വില്പിച്ച വിധിസംഖ്യ ഈടാക്കികൊടുപ്പിക്കണമെന്ന വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിനു് 1122-ാമാണ്ടു വൃശ്ചികമാസം 15-ാംനു- ക്ക അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ, വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

1122-ാംമാണ്ടു തുലാമാസം 28-ാംനു-

—o—

## പരസ്യം

തിരുവല്ലാമുൻസിഫ് കോർട്ടിൽ
1121-ൽ സി നമ്പ്ര 764

വാദി - കല്ലൂപ്പാറപ്പകുതിയിൽ മറത്തുംഭാഗം തെക്കേക്കരമുറിയിൽ പാറയിൽ ഗീവറുഗീസ് പോത്തൻ.

വക്കീൽ മി. ഒ. സി. മെനനാൻ.

പ്രതി 1. —കല്ലൂപ്പാറപ്പകുതിയിൽ കല്ലൂരുമുറിയിൽ വേളൂർ നാരായണപിള്ള രാമൻപിള്ള. 3. കല്ലൂപ്പാറ മറത്തുംഭാഗംതെക്കേക്കരമുറിയിൽ വേളൂർമലയിൽ നീലകണ്ഠപ്പിള്ളരാമൻപിള്ള. 4. ടിയിൽ നീലകണ്ഠപ്പിള്ളവാസുദേവൻപിള്ള. 5. ടിയിൽ കല്യാണിഅമ്മ അമ്മുക്കുട്ടിഅമ്മ, 6. ടിയിൽ താമസം ഗോപാലപിള്ള.

ഈ നമ്പർ വ്യവഹാരംസംബന്ധിച്ചു് മേൽവിവരിച്ച പ്രതികൾക്ക് സമൻസ്സയച്ചതിൽ മടങ്ങിവന്നിട്ടുള്ളതും, കേസ്സ് തീർച്ചവിചാരണക്കായി 1122 വൃശ്ചികം 18-ാംതീയതിക്ക് അവധിവച്ചിരിക്കുന്നതുമാകയാൽ മേൽവിവരിച്ച പ്രതികൾക്ക് തക്കമുള്ളപക്ഷംവിചാരണത്തീയതിപകൽ 11 മണിക്കുമുമ്പായി ഈ കോടതിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

1122 തുലാം 28-ാംനു-

—o—

### സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്ക നോട്ടീസ്

കരുനാഗപ്പള്ളി മുൻസിഫ് കോർട്ടിൽ
1107 സ്യൂട്ടാ 192

കൂട്ടതൽവാദി—2. കരുനാഗപ്പള്ളി പകുതി പടനായർകുളങ്ങര തെക്കുംമുറി തായിൽ കഞ്ചാണ്ടി ഉണ്ണുണ്ണി മുതൽ പേർ.

പ്രതി—ടി പകുതി പടനായർകുളങ്ങര വടക്കുംമുറി വേരുവള്ളിൽവീട്ടിൽ വേലായുധൻപിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

കൂട്ടതൽ വാദികളെ കക്ഷിചേർക്കാൻ ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന 1120-ാംമാണ്ടു് ഇ പി. 290-ാംനമ്പർ ഹർജിസംഗതി 122-ാംമാണ്ടു വൃശ്ചികമാസം 13-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെട്ടത്തിയ വക്കീലോ ഏജൻറോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

1122-ാംമാണ്ടു് തുലാമാസം 29-ാംനു-

—o—

### സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്ക നോട്ടീസ്

കൃഷ്ണപുരം മുൻസിഫ് കോർട്ടിൽ
൧൧൨൨-ാമാണ്ടു സിവിൽ ൧൭൭.

വാദി—ലിക്വിഡേഷനിൽ ഇരിക്കുന്ന തിരുവിതാംകൂർ നാഷനൽ ആൻറ് കയിലോൺബാങ്ക്.

വക്കീൽ മി. കെ. ഗോവിന്ദപ്പിള്ള

൨-ാംപ്രതി—പെരിനാട്ടപകുതി ടി മുറിയിൽ വാലേൽ കൊച്ചുകുഞ്ഞു അബ്ദുറഹ്മാൻകുഞ്ഞു്.


ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

മേൽനമ്പ്ര ഡിക്രി വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൦-മാണ്ടു ഇ. പി. ൩൩൪-ാംനമ്പർ ഹർജി സംഗതി ൧൧൨൨-ാമാണ്ടു വൃശ്ചികമാസം ൧൮-ാംനു- വിചാരണക്ക വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെട്ടത്തിയ വക്കീലോ ഏജൻറോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨ ാമാണ്ടു വൃശ്ചികമാസം ൪-ാംനു-







ഇടത്തു്:— പെനിസിലിന്റെ ജന്മസ്ഥലമായ സെൻറ് മേരീസ് ആശുപത്രി:- ലണ്ടനിൽ പാഡിംഗ്ടൺ സ്റ്റ്രീററിലുള്ള സെൻറ മേരീസ് ആശുപത്രിയുടെ ശതവാർഷികാഘോഷം എലിസബെത്തു് മഹാരാജ്ഞിയുടെ സാന്നിദ്ധ്യത്തിൽ ഈയിടെ കൊണ്ടാടുകയുണ്ടായി. പ്രൊഫസർ സർ അലക്സാണ്ടർ ഫ്ലെമിംഗിന്റെയും സർ ഹവേഡ് ഫ്ലോറിയുടെയും പരീക്ഷണങ്ങളാണു്. ബ്രി: സയിൻസിന്റെ വിജയമായ പെനിസിലിന്റെ കണ്ടുപിടിത്തത്തിലേയ്ക്കു നയിച്ചതു്. പ്രൊഫസർ സർ അലക്സാണ്ടർ ഫ്ലെമിംഗ് സെൻറ് മേരീസ് ആശുപത്രിയിലുള്ള തന്റെ ലബോറട്ടറിയിൽ പ്രവർത്തിക്കുന്നതാണു് ചിത്രം

വലത്തു്:— ഫാക്ടറി ആരോഗ്യം:-ദൗർലഭ്യവും റാഷനിംഗും വ്യവസായതൊഴിലാളികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കാതിരിക്കുവാൻ വിററമിൻ ഗുളികകൾ ജോലിക്കാർക്കു സൗജന്യമായി വിതരണം ചെയ്യുന്നതിനു മിക്ക വ്യവസായികളും വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഒരു വിമാനഫാക്ടറിയിൽ മററു് 4700 പേരോടൊത്തു് ജോലിചെയ്യുന്ന ഈ യുവതികൾക്കു് അവരുടെ സഹനശക്തിയും പ്രതിരോധശക്തിയും വർദ്ധിപ്പിക്കുവാൻ ദിവസംതോറും ഓരോ വിററമിൻ (ഹാലിബട്ട് ആയിൽ) ഗുളിക നൽകുന്നതാണു് ചിത്രം

താഴെ: ബ്രിട്ടീഷ് വനിതകൾ വണ്ണം കുറയ്ക്കുന്നതിനു നടത്തുന്ന വ്യായാമങ്ങൾ:-വ്യായാമം നടത്തുന്ന സ്ത്രീകളുടെ സംഖ്യ ഈയിടെ വർദ്ധിച്ചിരിക്കുകയാണു്. ഉദാഹരണമായി എലിസബെത്തു് ആർഡൻ എന്ന ലണ്ടൻ വ്യായാമശാലയിൽ പ്രത്യേക നിർദ്ദേശാനുസരണം വണ്ണം കുറയ്ക്കുന്നതിനുള്ള വ്യായാമങ്ങളിൽ കൂടുതൽ സ്ത്രീകൾ വ്യാപൃതരായിരിക്കുന്നു. ഈ ചിത്രത്തിൽ സ്വിമ്മിങ്ങ്സൂട്ട് ധരിച്ചു് രണ്ടു വ്യായാമങ്ങൾ ചെയ്യുന്നതു കാണാം. മുകളത്തെയും താഴത്തെയും നിരകളിൽ കാണുന്ന ചിത്രങ്ങൾ ഓരോ വ്യായാമത്തിന്റെയും മൂന്നു് അടവുകളാണു്. പശ്ചാത്തലത്തിൽ വലിയ കണ്ണാടിയിൽ ഇവരുടെ പ്രതിരൂപം കാണാം.

(രണ്ടാംപേജിൽനിന്നുംതുടർച്ച)

തിനു് 'മാതൃഭൂമി' യെന്ന പേരു് നിർദ്ദേശിച്ചതു് ശ്രീ: മേനോനായിരുന്നു. ആദ്യം ത്രൈവാരികയായിട്ടാണു് മാതൃഭൂമി പുറപ്പെട്ടിരുന്നതു്. ബാലാരിഷ്ടതകൾ അതു നല്ലവണ്ണം സഹിച്ചു. പണസംബന്ധമായ പല കുഴപ്പങ്ങളും ശ്രീ: മേനോനെയും സഹപ്രവർത്തകരെയും വിഷമിപ്പിച്ചു. മുഖപ്രസംഗങ്ങൾ മിക്കവാറും മേനവൻ തന്നെയായിരുന്നു എഴുതാറു്. പത്രധർമ്മം നിർവ്വഹിക്കുന്നതിൽ അദ്ദേഹം ആരുടേയും മുഖം നോക്കിയിരുന്നില്ല. ഏററവും ഉന്നത ആദർശങ്ങളാണു് അദ്ദേഹത്തിനുള്ളതു്. ഒരുകൊല്ലത്തോളമേ അദ്ദേഹം പത്രാധിപത്യം വഹിച്ചുള്ളു. അതിനുശേഷം രാഷ്ട്രീയകാര്യങ്ങളിൽ മുഴുവൻ സമയവും ചിലവിടേണ്ടിവന്നതിനാൽ അദ്ദേഹം പത്രാധിപത്യം കൈവെടിയുവാൻ നിർബന്ധിതനായിത്തീർന്നു. എങ്കിലും മാതൃഭൂമിയ്ക്കു ഇന്നുണ്ടായിട്ടുള്ള ഐശ്വര്യങ്ങൾക്കെല്ലാം അടിത്തറകെട്ടിയതു് ശ്രീ: മേനോവന്റെ ബലിഷ്ഠഹസ്തങ്ങളത്രെ. ഇരുപത്തിനാലു വർഷങ്ങൾക്കുമുൻപു് അദ്ദേഹം നട്ടുപിടിപ്പിച്ച ആ വിശിഷ്ടലതിക ഇന്നു് കായും പൂവുമണിഞ്ഞു് കേരളീയരുടെ അഭിമാനസ്തംഭമായി ഉല്ലസിയ്ക്കുന്നു

ശ്രീ: കേശവമേനോൻ മലയായിലേയ്ക്കു് പോയതു് 1927-ൽ ആണു്. ആദ്യം മലയായിലും പിന്നീടു് സിംഗപ്പൂരിലും അദ്ദേഹം പ്രാക്ടീസ് നടത്തി. മലയായിലെ ഇന്ത്യാക്കാരുടെ നിലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനു് അദ്ദേഹം പലതും ചെയ്തു. കേരളത്തിലെയെന്നപോലെ മലയായിലേയും ഇന്ത്യാക്കാരുടെ ദേശീയബോധവും അഭിമാനവും അദ്ദേഹം ഉയർത്തി. അവിടെ സ്ഥാപിതമായ ഇന്ത്യൻ യൂത്തു് ലീഗിന്റെയും, ഇന്ത്യൻ അസോസിയേഷന്റെയും ജീവനാഡി ശ്രീ: കേശവമേനോൻതന്നെ ആയിരുന്നു. സിംഗപ്പൂർ, ജപ്പാൻകാർ പിടിച്ചടക്കിയശേഷം ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ അദ്ദേഹം ശ്രമിച്ചു. ബാങ്കോക്ക് കാൺഫറൻസിലെ ഒരു പ്രമുഖാംഗമായിരുന്നു അദ്ദേഹം. കൗൺസിൽ ആഫ് ആക്ഷനിലെ ഒരു പ്രധാനാംഗമായും ഒന്നാമത്തെ പ്രചരണമന്ത്രിയായും, അനന്തരം അദ്ദേഹം ഇരുന്നു. എന്നാൽ ആദ്യംമുതല്ക്കു ജപ്പാന്റെ സാമ്രാജ്യദുർമ്മോഹത്തിനും വഴിപിഴച്ച നയങ്ങൾക്കും അദ്ദേഹം എതിരായിരുന്നു. കാൺഗ്രസ്സ് ആദർശങ്ങളിൽനിന്നും അണു

(ശേഷം പത്താംപേജിൽ)

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.